2010 ജനുവരി
ഹി.ശ 1389 - സുലഹ്
1431 - മുഹർറം - സഫർ
പുസ്തകം 82 ലക്കം 1
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 യുഗശബ്ദം

5 മുഖക്കുറിപ്പ് - സത്യദൂതൻ നവതിയിലേയ്ക്ക്

6 അതിജീവനം ആകസ്മികതയല്ല ദൈവത്തിന്റെ ആസൂത്രണമാണ്
ഹദ്റത്ത് അഹ്മദ് (അ)

ലേഖനം

7 സാമ്പത്തികമാന്ദ്യം ആഗോളസംഘർഷത്തിൽ കലാശിക്കുമോ?
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

10 ജിന്നിനെ അറിയുക
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 ദൈവത്തിന്റെ അസ്തിത്വം: ആധുനിക ശാസ്ത്രം എന്തു പറയുന്നു?
റഫി അഹ്മദ്, അമേരിക്ക

19 ഡോ. അബ്ദുസ്സലാമിന്റെ സ്വകാര്യജീവിതം
മധു ജയ്ൻ

22 യേശു: സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ
എ.എം. മുഹമ്മദ് സലിം

27 ദിവ്യബോധനങ്ങളിലൂടെ ആത്മനവീകരണം
മഹ്മൂദ്, കൽക്കുളം

31 മുബാഹലയുടെ ദൃഷ്ടാന്തം - പ്രബോധനത്തിനുള്ള മറുപടി - 6
പി.എ. മുഹമ്മദ് സലിം, കൊടുങ്ങല്ലൂർ

36 അന്ത്യകാലത്തെ മുസ്‌ലിംകളുടെ സ്ഥിതി
എ.ക്യു. മഹ്ദി

കുറിപ്പുകൾ

38 ലക്ഷ്യം കാണാത്ത കാലാവസ്ഥാ ഉച്ചകോടി

41 വാർത്തകൾ, അനുസ്മരണം

ചീഫ് എഡിറ്റർ : മുഹമ്മദ് ഇസ്മായിൽ Mob : 9446656123
എഡിറ്റർ : ഏ. എം. മുഹമ്മദ് സലിം Mob : 9895263384, **E-mail: salimqld@yahoo.in**
മാനേജർ : അഹ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 – 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.

**2010 January** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXII No. 1**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്

നിങ്ങളിൽ വിശ്വാസികളായവർക്കും വിജ്ഞാനം ലഭിച്ചവർക്കും അല്ലാഹു ഉന്നതപദവികളരുളുന്നതാകുന്നു. അല്ലാഹു നിങ്ങൾ ചെയ്യുന്നതെന്തും സൂക്ഷ്മമായറിയുന്നവനല്ലോ. (52:12)

## നബിവചനം


അനസ്(റ)ൽ നിന്ന് നിവേദനം: തിരുമേനി (സ) അരുളി: 'നിങ്ങൾ (മതനടപടികളിൽ ജനങ്ങൾക്ക്) ആശ്വാസം കൈവരുത്തിക്കൊടുക്കുക. അവരെ ഞെരുക്കാതിരിക്കുക. അവരെ സന്തുഷ്ടരാക്കിവെക്കുക. അവരുടെ മനസ്സ് വെറുപ്പിക്കാതിരിക്കുക.

***(ബുഖാരി)***

**യുഗശബ്ദം**

# ഇസ്‌ലാമും വിജ്ഞാനവും

### ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)



നവീന വിജ്ഞാനങ്ങൾ ആർജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്നു ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകൾ മറച്ചുവെക്കാൻ വേണ്ടിയാണ് അവരിങ്ങനെ പറയുന്നത്. ആധുനിക ഗവേഷണങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്‌ലാമിൽ നിന്ന് അകറ്റിക്കളയുമെന്നും ഇവർ കരുതുന്നു. യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ തുറന്നുകാട്ടാൻ അവർക്ക് കഴിവില്ലാത്തത് കൊണ്ട് ആധുനികവിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്നു സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചുപിടിക്കാൻ അവർ ശ്രമിക്കുകയത്രെ. തത്ത്വശാസ്ത്രങ്ങളുടെ മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയും നവംനവങ്ങളായ കണ്ടുപിടിത്തങ്ങൾക്ക് മുമ്പിൽ കുമ്പിടുകയും ചെയ്യുന്നു. ദിവ്യവെളിപാടുകളിലൂടെ ജന്മമെടുക്കുന്നതും വിശുദ്ധ ഖുർആനിൽ നിറഞ്ഞുതുളുമ്പുന്നതുമായ തത്ത്വചിന്തകൾ അവർക്ക് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. അങ്ങേയറ്റത്തെ വിനയത്തോടും ശൂന്യഭാവത്തോടും കൂടി ദൈവ സവിധത്തിൽ പ്രണിപതിക്കുന്നവർക്കും എല്ലാത്തരം അഹങ്കാരങ്ങളിൽ നിന്ന് മനസ്സും ഹൃദയവും മുക്തമായിട്ടുള്ളവർക്കും തങ്ങളുടെ ദൗർബല്യങ്ങൾ ഏറ്റുപറഞ്ഞു കൊണ്ട് യഥാർത്ഥ ദൈവദാസരെന്നു സവിനയം സമ്മതിക്കുന്നവർക്കുമത്രെ ഈ ദർശനങ്ങൾ അനുവദിക്കപ്പെടുക. ***(മൽഫുസാത്ത് വാല്യം. പേ: 65-66)***

മുഖക്കുറിപ്പ്

# സത്യദൂതൻ നവതിയിലേക്ക്

സത്യദൂതന് ഈ ലക്കത്തോടെ എൺപത്തിനാല് വയസ്സു തികഞ്ഞു, എൺപത്തഞ്ചിന്റെ നിറവിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നവതി ആഘോഷിക്കാൻ കേവലം അഞ്ചു വർഷം മാത്രം ബാക്കി. അല്ലാഹുവിന് സ്തുതി. വാഗ്ദത്ത മസീഹിന്റെ സന്ദേശം മലയാളികൾക്ക് നൽകിയ സത്യദൂതനോട് സമശീർഷമായി മലയാളത്തിൽ മറ്റൊരു ഇസ്‌ലാമിക പ്രസിദ്ധീകരണവുമില്ല. സത്യദൂതനോടൊപ്പം പിറവികൊണ്ട മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ നിരവധിയായിരുന്നു. അതികായന്മാരായിരുന്നു അതിന്റെ പത്രാധിപന്മാർ. കെ.എം. മൗലവിയുടെ അൽ മുർശിദ്, മുസ്‌ലിം ഐക്യസംഘത്തിന്റെ അൽ ഇർശാദ്, വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ അൽ ഇസ്‌ലാം, ഇ. മൊയ്തു മൗലവിയുടെ അൽ ഇത്തിഹാദ്, മക്തിതങ്ങളുടെ പരോപകാരി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അൽ അമീൻ എല്ലാം കാലത്തിന്റെ കുത്തൊഴുക്കിൽ വിസ്മൃതമായി.

സത്യദൂതന്റെ ഈ ദീർഘായുസ്സിന്റെ രഹസ്യമെന്ത്? തീർച്ചയായും വിജയിക്കുമെന്ന പ്രവചന വാഗ്ദാനമുള്ള ഒരു ദിവ്യപ്രസ്ഥാനത്തിന്റെ ജിഹ്വ ആയത് കൊണ്ട് തന്നെയാണത്. ഭൂമിയിൽ ജീവന്റെ അങ്കുരണമുണ്ടായപ്പോൾ അതിനെ സംഹരിക്കാനും നശിപ്പിക്കാനും മാരകമായ നാരകീയ ശക്തികൾ ഭൂമണ്ഡലത്തിലുണ്ടായിരുന്നു. പക്ഷേ, ദൈവം മനുഷ്യജീവനെ സംരക്ഷിച്ചു വളർത്തി. അത് ദൈവത്തിന്റെ ഇച്ഛയും നിയമവുമായിരുന്നു. അത് പോലെ എതിർപ്പിന്റെ തീക്കടലിലാണ് സത്യദൂതൻ കുരുത്തത്. നിസ്വരും നിസ്സഹായരുമായിരുന്ന മലയാളക്കരയിലെ മസീഹിന്റെ അനുയായികളുടെ പ്രാർത്ഥനാനിർഭരമായ സമർപ്പണവും പ്രവർത്തനവും അതിന് പിന്നിലുണ്ടായിരുന്നു. പിറന്നു കഴിഞ്ഞ ഉടനെ കൂമ്പടഞ്ഞുപോകേണ്ട സത്യദൂതൻ മലയാളത്തിലെ ഏറ്റവും ദീർഘായുഷ്മാനായ ഇസ്‌ലാമിക പ്രസിദ്ധീകരണമായിത്തീർന്നത് ദൈവത്തിന്റെ ഒരു ദിവ്യനിയതിയുടെ ദൃഷ്ടാന്തം എന്ന നിലക്കാണ്. ഖുർആൻ പറയുന്നു: ***"എന്നാൽ, നുരയാവട്ടെ അത് ചണ്ടിയായി പോകുന്നു, മനുഷ്യർക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ നിലനില്ക്കുന്നുണ്ട്.*** (13:18). ***('വ അമ്മാ മാ യൻഫഉന്നാസ ഫയംകുസു ഫിൽ അർളി).*** സത്യദൂതനെ മലയാളത്തിലെ ഏറ്റവും ആയുസ്സുള്ള ഇസ്‌ലാമിക മാസികയാക്കി മാറ്റിയ അല്ലാഹുവിന് സ്തുതി.

## *വായനക്കാർക്ക് പുതുവത്സരാശംസകൾ*



ഹദ്റത്ത് അഹ്മദ് (അ)

# അതിജീവനം ആകസ്മികതയല്ല ദൈവത്തിന്റെ ആസൂത്രണമാണ്

പ്രപഞ്ചത്തിൽ കാണപ്പെടുന്ന വസ്തുക്കൾ ഒന്നുംതന്നെ ഒഴിച്ചുകൂടാൻ പറ്റാത്തവയല്ല എന്നത് സുസ്ഥാപിതമായ ഒരു തത്വമാണ്. ഉദാഹരണത്തിന് ഭൂമിക്ക് ഗോളാകൃതിയാണുള്ളത്. ചിലരുടെ കണക്ക് പ്രകാരം അതിന്റെ വ്യാസം ഏകദേശം ആറായിരം മൈലാണ്. പക്ഷേ, ഭൂമിക്ക് ഈ ആകൃതിയും ഈ ബൃഹദാകാരവും ഒഴിച്ചു കൂടാനാവാത്തതാണ് എന്നതിന് സുദൃഢമായ യുക്തിന്യായമൊന്നുമില്ല. ഭൂമിക്ക് ഇതിനേക്കാൾ വലിപ്പമോ ചെറുപ്പമോ അതുപോലെ മറ്റൊരു ആകൃതിയോ എന്തുകൊണ്ട് ആയിക്കൂടാ. ഇതിൽ നിന്നും ഭൂമിയുടെ അസ്തിത്വത്തിന്റെ ഘടകങ്ങളായി വർത്തിക്കുന്ന അതിന്റെ വലിപ്പവും ആകൃതിയും ഭൂമിക്ക് ഒഴിച്ചുകൂടാനാവാത്തതല്ല എന്ന് കരുതാം. അതേ പ്രകാരം എല്ലാവസ്തുക്കളുടേയും അസ്തിത്വത്തിന്റേയും നിലനിൽപ്പിന്റേയും ഘടകങ്ങൾ അതിന്റെ അനുപേക്ഷണീയ ഘടകങ്ങളല്ല. ഇതിനുപുറമെ നിലനില്പിന്ന് ഭീഷണിയായി പ്രവർത്തിക്കുന്ന അനേകം സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും ചില വസ്തുക്കൾ തുടച്ചുനീക്കപ്പെടാതെ അതിജീവിക്കുന്നത് നമുക്ക് കാണാവുന്നതാണ്. ഉദാഹരണത്തിന് തുടക്കം മുതൽ തന്നെ കടുത്ത ക്ഷാമത്തേയും പകർച്ചവ്യാധികളെയും അതിജീവിച്ചുകൊണ്ടാണ് എല്ലാവിധത്തിലുള്ള വിത്തുകളും അതിജീവിച്ചത്. തുടക്കം മുതൽ തന്നെ ആയിരക്കണക്കിന് വിപരീതാവസ്ഥയും വിപത്തുകളും ലോകത്ത് ഉണ്ടായിട്ടുണ്ട്. കഠിനമായ ക്ഷാമത്തിന്റെ ഫലമായി ധാന്യങ്ങൾ അന്യം നിന്നുപോവേണ്ടതാണ്. മാരകമായ പകർ ച്ചവ്യാധികളുടെ ഫലമായി മനുഷ്യവംശം ലോകത്ത് നിന്നും അപ്രത്യക്ഷമാവുകയോ ചില ജീവി വർഗ്ഗങ്ങൾ തുടച്ചുനീക്കപ്പെടുകയോ ചെയ്യേണ്ടതാണ്. അതുപോലെ സൂര്യചന്ദ്രന്മാരുടെ ക്രമീകൃതമായ പ്രവർത്തനം മുറതെറ്റുകയോ അല്ലെങ്കിൽ പ്രപഞ്ചത്തി ന്റെ ശരിയായ പ്രവർത്തന നിർവ്വഹണത്തിന്നാവശ്യമായ നിരവധി സംഗതികൾ താളം തെറ്റുകയോ ചെയ്യേണ്ടതാണെന്നും മനുഷ്യയുക്തി പറയുന്നു എന്ന്മാത്രമല്ല അങ്ങിനെ കരുതാൻ അത് നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ പ്രതീക്ഷക്ക് വിരുദ്ധമായി ദശലക്ഷക്കണക്കിന് കാര്യങ്ങൾ ക്രമത്തകർച്ചയിൽ നിന്നും വിപത്തുകളിൽ നിന്നും രക്ഷപ്പെട്ട് നാശത്തിൽ നിന്നും തടയപ്പെടുന്നു. കാരണം അത്തരം വസ്തുക്കളുടെ അതിജീവനമോ അതിന്റെ അസ്തിത്വമോ പരിപാലനമോ അനിവാര്യമായും സംഭവിക്കേണ്ട ഒന്നല്ല. അതിന്റെ തുടർച്ചയേക്കാൾ അതിന്റെ തകർച്ചയുടെ സാധ്യത അധികമാണ്. അതിന്റെ അതിജീവനം നശിക്കാതിരിക്കൽ അതിന്റെ അസ്തിത്വത്തിലേക്കുള്ള വരവ്, ക്രമം പാലിച്ചുകൊണ്ടുള്ള നിലനിൽപ്പ്, ഇതെല്ലാം തന്നെ ജീവദായകനായ ഒരുവനുണ്ട് എന്നതിന്റെ തെളിവാണ്. അവൻ സംരക്ഷകനും പരിപാലകനുമാണ്. അവനിൽ സർവ്വ ഗുണങ്ങളും സമ്പൂർണ്ണമായും സമ്മേളിക്കുന്നു. അത് കൊണ്ടാണ് പറയുന്നത് അവൻ നിയന്ത്രകനാണ്, വിവേകജ്ഞാനിയാണ്, മഹത്വവാനാണ്, കാരുണ്യവാനാണ്, അനന്തനാണ് സർവ്വകാലത്തും സജീവനാണ്. എല്ലാ ന്യൂനതകളിൽ നിന്നും അന്യൂനനാണ്. അവൻ മരണത്തിനോ നാശത്തിനോ വിധേയനല്ല. മൃത്യുസമാനമായ മയക്കമോ ഉറക്കമോ അവനെ ബാധിക്കുന്നുമില്ല'

അന്യൂനമായ എല്ലാ സമ്പൂർണ്ണഗുണങ്ങളും അവനിൽ സമ്മേളിക്കുന്നു. അവികലമായ സകല വിവേകജ്ഞാനത്തോടുകൂടിയും ഉചിതജ്ഞതയോടുകൂടിയും ഒന്നുമില്ലായ്മക്കുമീതെ അസ്തിത്വം തിരഞ്ഞെടുത്തവനാണവൻ. *(ബറാഹീനെ അഹ്മദിയ്യ. പേ: 493)*


6

ലേഖനം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# സാമ്പത്തികമാന്ദ്യം ആഗോളസംഘർഷത്തിൽ കലാശിക്കുമോ?

**രണ്ടാം ലോകമഹായുദ്ധത്തിന് തൊട്ടുമുമ്പുള്ളതുപോലെയുള്ള സാമ്പത്തികക്കുഴപ്പമാണ് ഇപ്പോൾ ദൃശ്യമായിരിക്കുന്നത്. ആഗോള മൂലധനശക്തികൾ ഭരണകൂടങ്ങളെ തങ്ങളുടെ സ്വാർത്ഥ ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് ജാഗ്രതയോടെ കരുതിയിരിക്കുക.**

**(അന്തർദ്ദേശീയ സമാധാന സമ്മേളനത്തിൽ ചെയ്ത പ്രഭാഷണത്തിന്റെ രണ്ടാം ഭാഗം)**

ജനങ്ങൾ നീതിയെ പിന്തുണച്ചുകൊണ്ട് പ്രവർത്തിക്കുന്നുണ്ടോയെന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ഇത് കൂടുതലായി വിശകലനം ചെയ്യുകയാണെങ്കിൽ നീതിയുടെ ഉദാഹരണങ്ങൾ കാണാൻ വളരെ പ്രയാസമായിരിക്കും. നിക്ഷിപ്ത താല്പര്യങ്ങളായിരിക്കും നാം എവിടെയും കാണുക. അതായത് നീതിയുടെ മൂടുപടമണിഞ്ഞ നിക്ഷിപ്തതാല്പര്യങ്ങൾ.

ഭൗതിക പുരോഗതിക്കുള്ള ദുരയും ലൗകികമായ പ്രശസ്തിക്കും സ്ഥാനത്തിനും വേണ്ടിയുള്ള ആഗ്രഹവും ലോകത്തെ അന്ധമാക്കിയിരിക്കുകയാണ്. ദൈവത്തിന്റെ ആജ്ഞകൾക്ക് ചെവികൊടുക്കാൻ ആളുകൾ വിമുഖരാവുന്നതിന്റെ കാരണമിതാണ്. ദൈവത്തിന്റെ ആജ്ഞകൾ അവഗണിക്കുകയാണെങ്കിൽ പിന്നെ ആളുകൾ തങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനി തട്ടാതിരിക്കുവോളമായിരിക്കും അന്യന്റെ അവകാശങ്ങളെ സംരക്ഷിക്കുക. ഈ പശ്ചാത്തലത്തിൽ അന്യരോടുള്ള സഹതാപപ്രകടനങ്ങൾ വെറും അധരവ്യായാമങ്ങൾ മാത്രമാണ്. മനുഷ്യരുടെ അവകാശസംരക്ഷണത്തിന് നേരെ ഇത്വരെ വ്യക്തമായ ചുവടുവെപ്പുകൾ ഉണ്ടായിട്ടില്ല. ഇതിന്റെ പരിണതഫലം അശുഭകരമായിരിക്കും. നമ്മുടെ അകക്കാമ്പ് വരെ പിടിച്ചുലക്കുന്ന ഈ ഭീഭത്സദൃശ്യം കാണുമ്പോഴെല്ലാം നമ്മുടെ തല പൂഴിയിൽ താഴ്ത്തുകയാണ് ചെയ്യുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിൽ ഏഷ്യയിലേയും യൂറോപ്പിലേയും രാജ്യങ്ങൾ തമ്മിൽ പരസ്പരം ചെറിയ തോതിൽ സംഘർഷങ്ങളുണ്ടായിരുന്നു. അവസാനം ആഗോളതലത്തിൽ രണ്ട് ചേരികളായുള്ള യുദ്ധമായി അത് പരിണമിച്ചു. ലീഗ് ഓഫ് നേഷൻസിന് നോക്കുകുത്തിയായി നിൽക്കാനേ സാധിച്ചുള്ളൂ.

ഇന്ന് മദ്ധ്യപൗരസ്ത്യദേശത്ത് പ്രത്യേകിച്ച് ഫലസ്തീൻ, സിറിയ, ലെബനോൻ എന്നീ രാജ്യങ്ങളോട് ഇസ്രയേൽ പുലർത്തുന്ന ശത്രുത വർദ്ധിച്ചുവരികയാണ്. അതുപോലെ ഇറാനെതിരെ എടുക്കുന്ന നടപടികളും തദനുസൃതമായി ഇറാൻ ഇസ്രായേലിനോടും പാശ്ചാത്യരാജ്യങ്ങളോടും കാണിക്കുന്ന എതിർപ്പുമെല്ലാം സംഘർഷങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ സൂചനകളാണ്.

ആഭ്യന്തരമായി രാഷ്ട്രീയ പ്രശ്നങ്ങൾ കൊണ്ടും അധികാരം കൈയ്യടക്കാനുള്ള മത്സരങ്ങൾ കൊണ്ടും ചില രാജ്യങ്ങൾ സംഘർഷഭരിതമാണ്. ഉദാഹരണത്തിന് അഫ്ഗാനിസ്ഥാൻ, പാകിസ്താൻ, ഇറാഖ്. വൻശക്തി രാജ്യങ്ങളുടെ ഇടപെടൽ മൂലവും ഈ രാജ്യങ്ങൾ പ്രശ്നസങ്കീർണ്ണമാണ്. ജോർജ്ജിയ, പോളണ്ട് മുതലായ രാജ്യങ്ങളിൽ ശീതയുദ്ധം തുടർന്നുകൊണ്ടിരിക്കുന്നു. ഇതൊന്നും തന്നെ മതയുദ്ധത്തിന്റെ പേരിൽ വകയിരുത്താൻ പറ്റില്ല. അഫ്ഗാനിസ്ഥാനിലും ഇറാഖിലും സംഭവിച്ചതുപോലെ ആഭ്യന്തരകലാപങ്ങൾ പൊട്ടിപുറപ്പെട്ടാൽ ചില രാജ്യങ്ങൾ അവരുടെ ഭൂമി


7

ശാസ്ത്രപരമായ ആനുകൂല്യങ്ങൾ ഉപയോഗിച്ച് ആഭ്യന്തരക്കുഴപ്പങ്ങളുള്ള രാജ്യങ്ങളുടെ വിഭവം ചൂഷണം ചെയ്യുന്നു. ചില രാജ്യങ്ങളിലെ പ്രാദേശിക നേതാക്കന്മാർക്ക് ആനുകൂല്യങ്ങൾ നൽകിയും ആ രാജ്യങ്ങളെ നിയന്ത്രിക്കാൻ നോക്കുന്നു.

ഈയൊരു പരിതഃസ്ഥിതിയിൽ ഐക്യരാഷ്ട്രസഭ അംഗരാജ്യങ്ങൾക്ക് വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യം നിറവേറ്റപ്പെടുന്നില്ല എന്ന പ്രതീതി ഈ രാജ്യങ്ങൾക്കുണ്ടാകുന്നു. വൻശക്തി രാജ്യങ്ങളുടേയും ഐക്യരാഷ്ട്രസഭയുടേയും സ്വാധീനഫലമായി സംഘർഷത്തിന്റെ മേഖലകൾ വികസിക്കുകയാണ് ചെയ്യുന്നത്. ഇതിനെതിരെ കണ്ണുകളടച്ചിരിക്കാൻ നമുക്ക് സാധ്യമല്ല. രണ്ടാം ലോകമഹായുദ്ധത്തിന്നു മുമ്പ് ഇത്തരം സംഘർഷങ്ങളും ലഘുയുദ്ധങ്ങളുമാണ് രണ്ടാംലോക മഹായുദ്ധത്തിലേക്ക് നയിച്ചത്.

നമ്മുടെ ഗൗരവതരമായ ചിന്തക്ക് വിഷയീഭവിക്കുന്ന മറ്റൊരു പ്രശ്നം ഇപ്പോഴത്തെ സാമ്പത്തികക്കുഴപ്പവും അഗാധമായ വേരുകളുള്ള സാമ്പത്തിക മാന്ദ്യവുമാണ്. 1929ൽ ഇത് പോലൊരു സാമ്പത്തിക മാന്ദ്യമുണ്ടായിരുന്നു. അതുപോലെയൊരു അവസ്ഥയിലൂടെയാണ് നാമിപ്പോൾ കടന്നുപോവുന്നത്. തൊ ള്ളായിരത്തി ഇരുപതുകളിൽ അമേരിക്കയിലെ ഓഹരി വിപണിത്തകർച്ചയാണ് കുഴപ്പത്തിന് കാരണമായത്. ഇപ്പോഴത്തെ സാമ്പത്തികക്കുഴപ്പത്തിന്റെ മൂല കാരണവും അമേരിക്കയിലാണ് കുടികൊള്ളുന്നത്. സ്വിസ് സർലണ്ടിലെ വേൾഡ് എകണോമിക്സ് ഫോറത്തിൽ ചൈനയും റഷ്യയും സാമ്പത്തികക്കുഴപ്പത്തിന്റെ പേരിൽ അമേരിക്കയെ കുറ്റപ്പെടുത്തുകയുണ്ടായി.

1929ൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും സാമ്പത്തിക പ്രതിസന്ധി ബാധിച്ചിരുന്നു. ഇന്നത്തെ 'ക്രെഡിറ്റ് ക്രഞ്ച്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രതിഭാസവും അതിൽനിന്നും വിഭിന്നമല്ല. അന്തർദ്ദേശീയവ്യാപാരത്തെ ഇത് ശക്തമായി ബാധിച്ചിരിക്കുന്നു. അന്നത്തെ ആ സംഭവങ്ങളെല്ലാം ഇവിടെയും കാണുന്നു.

ഇൻകം ടാക്സ്, മറ്റു നികുതികൾ, ലാഭം മുതലായവയിൽ നിന്നും വരുമാനം നാടകീയമായി കുറഞ്ഞു വരികയാണ്. 1929ൽ വ്യവസായങ്ങൾ വമ്പിച്ച തകർച്ച നേരിടുകയുണ്ടായി. അത് തന്നെയാണ് ഇവിടെയും ആവർത്തിക്കപ്പെടുന്നത്. ഈയടുത്തായി കാർ വ്യവസായം അതിന്റെ 50 ശതമാനം കുറച്ചതായി വായിക്കാനിടയായി. ഇതൊരുദാഹരണം. അതുപോലെ എല്ലാ വ്യവസായങ്ങളും തകർച്ച നേരിടുകയാണ്.

നിർമ്മാണരംഗം പ്രത്യേകിച്ച് പാർപ്പിട നിർമ്മാണവും തകർച്ച നേരിടുകയാണ്. വായ്പ തിരിച്ചടക്കാൻ കഴിയാത്തത് മൂലം വീട് കടക്കാർ പിടിച്ചെടുക്കുകയാണ്. ഭാവിയിൽ നേട്ടമുണ്ടാക്കാമെന്ന ആഗ്രഹത്തിൽ റിയൽ എസ്റ്റേറ്റിൽ ആളുകൾ വൻതോതിൽ നിക്ഷേപം നടത്തുന്നു. ആ കച്ചവടവും ഇപ്പോൾ തകർച്ച നേരിടുന്നതായാണ് കാണുന്നത്.

പൊതുജനങ്ങളുടെ ക്രയശേഷി കുറഞ്ഞത് കാരണം അമേരിക്കയിലും ഇവിടെ ബ്രിട്ടനിലും മറ്റു രാജ്യങ്ങളിലും കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുകയാണ്. നിർമ്മാണ ജോലികൾ പകുതി വഴിക്ക് നിർത്തിവെച്ചിരിക്കുന്നു. ഇതുപോലെയുള്ള കുഴപ്പങ്ങൾ മറ്റ് ബിസിനസ് രംഗങ്ങളിലും ദൃശ്യമാണ്. തൊഴിൽരംഗത്ത് ആയിരക്കണക്കിന് ആളുകൾ അധികപ്പറ്റായിരിക്കുന്നു. രാജ്യത്തെ, ഖജനാവുകൾക്ക് അവർ ഒരു ഭാരമായും മാറിയിരിക്കുന്നു. അതായത് ലോകം അതീവ ഗുരുതരമായ ഒരവസ്ഥയിലൂടെ കടന്നുപോകുകയാണ്.

വിശകലന വിദഗ്ധന്മാർ പറയുന്നത്, രണ്ടാം ലോകമഹായുദ്ധം 1929ലെ ലോകസാമ്പത്തിക മഹാമാന്ദ്യവുമായി ബന്ധപ്പെട്ടതാണെന്നാണ്. ഈ അവസരത്തിൽ ചിലർ തങ്ങളുടെ ശത്രുരാജ്യങ്ങളോട് നിക്ഷിപ്തതാല്പര്യങ്ങളുടെ പേരിൽ വിദ്വേഷം ആളിക്കത്തിക്കുകയായിരുന്നു.

ആ സന്ദർഭത്തിൽ പണം ഒരു പ്രത്യേക വിഭാഗത്തിന്റെയോ വ്യക്തികളുടെ കൈയ്യിൽ മാത്രം സമാഹരിക്കപ്പെട്ടിരിക്കയായിരുന്നു. ഇത്തരം സാമ്പത്തിക മാന്ദ്യത്തിന്റെ സന്ദർഭത്തിൽ പണം കൈയ്യടക്കി വെച്ചിരിക്കുന്ന ആളുകൾ അവരുടെ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാമെന്ന ഉപാധിയിൽ ഭരണകൂടങ്ങൾക്ക് മൂലധനം നൽകുന്നു. തുടർന്ന് ആ ഭരണകൂടം കടം നൽകിയവരോട് വിധേയത്വമുള്ളവരായിത്തീരുന്നു. ഇത് രഹസ്യമായ സംഗതിയല്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് കടക്കെണിയിൽപ്പെട്ട പല ഭരണകൂടങ്ങളുടെയും ഗതി ഇതിന് സാക്ഷ്യം വഹിക്കുന്നു.

ഇന്ന് ഭരണകൂടങ്ങൾ ബാങ്കുകളെ ജാമ്യമെടുത്ത് രക്ഷപ്പെടുത്തുകയാണ്. അങ്ങനെ ബാങ്കുകളെ ജാമ്യമെടുത്ത് രക്ഷപ്പെടുത്തുന്ന തുക ശതകോടിക്കണക്കിന് ഡോളറുകളാണ്. എന്തായിരുന്നാലും, മൊത്തം, നഷ്ടവുമായി താരതമ്യം ചെയ്യുമ്പോൾ ഇതൊന്നുമല്ല.

ഒരു വശത്ത് ഈ കടക്കെണി നിയന്ത്രിക്കാൻ

ഗവൺമെൻറ് 700 ബില്യൻ ഡോളറിന്റെ ഒരു പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ തുകയിൽ


8

നിന്നും നൽകിയ വലിയൊരു തുക ബോണസ് ഇനത്തിലുള്ള ബാദ്ധ്യതയായിരുന്നു. ഇങ്ങനെ നൽകിയത് 100 ബില്യൻ ഡോളറാണ്. അതിനുശേഷം യാതൊരു മുറവിളിയും നാം കേൾക്കുന്നില്ല. എവിടെയും നിശ്ശബ്ദതയാണ്. പൊതുജനം ഇതിന്റെ പേരിൽ കയ്പ്നീർ കുടിക്കേണ്ടി വരുന്നു. അതാകട്ടെ, അവരുടെ ആരോഗ്യത്തെ പുഷ്ടിപ്പെടുത്തുന്നുമില്ല. ദിനേനയെന്നോണം ജോലിയിൽ നിന്നും ആളുകൾ പിരിച്ചുവിടപ്പെടുന്നു. വിഷജന്യമായ ഗുളിക വിഴുങ്ങുന്നതിന് തുല്യമാണിത്. ഇത്തരമൊരവസ്ഥ അസ്വസ്ഥതകളുണ്ടാക്കില്ലെ?

നാം വികസ്വരരാജ്യങ്ങൾ എന്നറിയപ്പെടുന്ന മൂന്നാം ലോകരാജ്യങ്ങളിലേക്ക് വരിക. പണക്കാർ പാവപ്പെട്ടവന്റെ അവകാശങ്ങൾ നിരന്തരം കൊള്ളയടിക്കുകയാണ്. നിക്ഷേപങ്ങളിലൂടെ സമ്പദ്ഘടന ശക്തിപ്പെടുമെന്നും വാദിക്കപ്പെടുന്നു. ഇങ്ങനെ സമ്പന്നർ നടത്തുന്ന നിക്ഷേപം കുറേശ്ശെ ജനങ്ങളിലേക്ക് എത്തിച്ചേരുമെന്നും പറയുന്നു. ബാലിശമായ ആശ്വാസവാക്കുകളാണിത്.

എല്ലാ രാജ്യവും പാവപ്പെട്ടവന്റെ അവകാശം കവർന്നെടുക്കുന്നതിൽ മുഴുകിയിരിക്കുകയാണ്. പ്രത്യയശാസ്ത്രഭേദമോ, വർണ്ണവ്യത്യാസമോ അതിന്നില്ല. സമ്പന്നരാജ്യങ്ങൾ ദരിദ്രരാജ്യങ്ങളെ സഹായിക്കുകയാണെന്ന നാട്യേന, ധനസഹായം നൽകുന്നുണ്ട്. പക്ഷേ, അത്തരം സഹായങ്ങളുടെ പ്രത്യാഘാതമെന്താണെന്ന് അവർ ചിന്തിക്കുന്നില്ല. അക്കാരണത്താൽ ഈ രാജ്യങ്ങളിൽ ഒരുവിധത്തിലുള്ള ഉത്കണ്ഠയുമുണ്ട്.

വൻശക്തി രാജ്യങ്ങൾക്ക് ചെറിയ രാജ്യങ്ങളുടെ നയരൂപീകരണങ്ങളിൽ മേൽകൈയുമുണ്ട്. സാധാരണജനങ്ങൾ പോലും ഇത് സംബന്ധിച്ച് ബോധവാന്മാരാണ്. വൻശക്തി രാജ്യങ്ങൾ ഒന്നുകിൽ അതാത് രാജ്യത്തെ ഭരണകൂടങ്ങളെ പിന്തുണക്കും അല്ലെങ്കിൽ അതിനെ പിഴുതെടുക്കും. എല്ലാം അവരുടെ ഇഷ്ടത്തിനനുസരിച്ചായിരിക്കും. ഇതിന്റെ ഫലമായി ഈ രാജ്യത്തെ ജനങ്ങളിൽ അവരോടു വെറുപ്പ് ഉടലെടുക്കുന്നു. ഇത്തരം രാജ്യങ്ങളിലെ ഭരണാധികാരികളാണ് ഈ വഴങ്ങലുകളിൽ ഏറ്റവും വലിയ കുറ്റവാളികൾ.

സാമ്പത്തിക പ്രതിസന്ധിയും അതുപോലെ ഭക്ഷ്യക്ഷാമവും ഇസ്‌ലാം മതസ്ഥാപകനായ ഹദ്റത്ത് മുഹമ്മദ് നബി(സ) എങ്ങനെയാണ് പരിഹരിച്ചതെന്ന് നാം വിവരിക്കാം. അക്കാലത്ത് ഒരിക്കൽ ഒരു ക്ഷാമമുണ്ടായി. ഓരോ ആളും അവരവരുടെ വീട്ടിലുള്ള സാധനങ്ങൾ കൊണ്ടുവരാൻ അദ്ദേഹം ആജ്ഞാപിച്ചു. അവർ അത് അനുസരിക്കുകയും ചെയ്തു. അങ്ങനെ ശേഖരിക്കപ്പെട്ട ഭക്ഷ്യധാന്യം ജനങ്ങളിൽ എല്ലാവർക്കും തുല്യമായ തോതിൽ വീതിക്കുകയുണ്ടായി. ആരും തന്നെ പട്ടിണി കിടക്കേണ്ടിവന്നില്ല. ഇതായിരുന്നു ഇസ്‌ലാം മതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ കാലത്ത് നടന്ന വിഭവവിതരണ പദ്ധതി. അന്യരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ട് സമൂഹത്തിലെ അസ്വസ്ഥതകൾ പരിഹരിക്കാൻ റസൂൽ തിരുമേനി(സ)യുടെ മാർഗ്ഗമിതായിരുന്നു.

സമകാലീനലോകത്ത് ഒരാൾ തൊഴിലില്ലാതെ അലയുമ്പോൾ അപരൻ ദശലക്ഷക്കണക്കിന് ഡോളർ കുന്നുകൂട്ടുകയാണ്. പൊതുഖജനാവിൽ നിന്നും ബോണസ്സായിക്കൊണ്ട് വൻസംഖ്യകൾ ഒരാൾ പിൻവലിക്കുമ്പോൾ മറ്റൊരാൾക്ക് അടിസ്ഥാനശമ്പളം പോലും ലഭ്യമാകുന്നില്ല. അധമർണന്റെ കടങ്ങൾ അടച്ചുവീട്ടാൻ സാധിക്കുന്നില്ല. അയാളാകട്ടെ, തന്റെ കടം തിരിച്ചടക്കാൻ കഴിയാത്തതിനാൽ ഭവനരഹിതനാവുകയും ചെയ്യുന്നു.

റസൂർ തിരുമേനി(സ)യുടെ മാതൃക നാം ഓർക്കണം. അതൊരു സോഷ്യലിസ്റ്റ് മാതൃകയായിരുന്നില്ല. റസൂൽ തിരുമേനി(സ)യുടെ അനുയായികളിൽ പലരും വലിയ കച്ചവടക്കാരായിരുന്നു. അവർക്ക് വമ്പിച്ച തോതിൽ സ്വർണ്ണശേഖരമുണ്ടായിരുന്നു. ഇസ്‌ലാം മതസ്ഥാപകരായ റസൂൽ തിരുമേനി(സ) അവസരത്തിനനുസരിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്.

ഖേദകരമെന്ന് പറയട്ടെ, മുസ്‌ലിം രാജ്യത്തെ നേതാക്കന്മാർ അവരുടെ ഖജനാവ് നിറക്കുന്ന തിരക്കിലാണ്. സ്വന്തം ജനതയുടെ ആവശ്യങ്ങളെപ്പറ്റി അവർക്ക് തീരെ ശ്രദ്ധയില്ല. വൻശക്തി രാജ്യങ്ങൾക്കും ഐക്യരാഷ്ട്രസഭക്കും ഇക്കാര്യത്തിൽ വളരെയേറെ ഉത്തരവാദിത്വങ്ങളുണ്ട്. അതായത്, അവർ രാജ്യങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ശരിയായ രീതിയിലാണോ ചെലവഴിക്കുന്നതെന്ന് അവർ വിശകലനം ചെയ്യാറില്ല.

ഈ വിഷയം പണ്ടാരപ്പെട്ടിപോലെയാണ്, ഒരു പ്രശ്നം മറ്റൊരു പ്രശ്നത്തിലേക്കാണ് നയിക്കുക. ഞാൻ നിങ്ങളുടെ സമയം അധികം കവർന്നെടുക്കുന്നില്ല. എനിക്ക് ഇതൊന്ന് മാത്രമേ പറയാനുള്ളൂ. അതായത്, ഓരോരുത്തനും തന്റെ പ്രാർത്ഥനയും പ്രയത്നവും സമാധാനവും സ്ഥാപിക്കാനായി ചെലവഴിക്കുക. അതുപോലെ ലോകസമ്പദ്ക്രമത്തിന്റെ അഭിവൃദ്ധി യുദ്ധസാമ്പത്തികഘടന എന്നറിയപ്പെടുന്ന

*(ശേഷം 26- ൽ)*

ചോദ്യോത്തരം

ഹദ്‌റത്ത് മിർസാ ത്വാഹിർ അഹ്‌മദ്

# ജിന്നിനെ അറിയുക

**വിവാദവിഷയമായ ഖുർആനിൽ പറഞ്ഞ ജിന്ന് അരൂപിയായ ഒരു അസ്തിത്വമല്ല. ഖുർആനെ ശരിയായ രീതിയിലും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ നിരാകരിക്കാത്ത രീതിയിലും വ്യാഖ്യാനിക്കുക എന്നതാണ് പ്രധാനകാര്യമെന്ന് ഖലീഫത്തുൽ മസീഹ് ചോദ്യോത്തരവേളയിൽ പറഞ്ഞു.**

**ചോദ്യം : ജിന്ന് എന്ന് പറയുന്നത് ലോകത്തിലെവിടെയെങ്കിലും വ്യത്യസ്തമായ തലങ്ങളിൽ നിലകൊള്ളുന്ന ചില സൃഷ്ടികളാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ, പിന്നെ പ്രശ്നങ്ങൾ ഒന്നുമില്ലല്ലോ. ഇതേപ്പറ്റി വിശദീകരിക്കാമോ?**

**ഉ:** പ്രശ്നമൊന്നുമില്ല. ജിന്ന് ഒരു പ്രശ്നവും സൃഷ്ടിക്കുന്നില്ല. പ്രശ്നമുള്ളത് ഒരു കൂട്ടരുടെ മനസ്സിലാണ്. അവർ മറ്റുള്ളവരെ ജിന്ന് എന്നൊരു സൃഷ്ടിയുണ്ടെന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. അവയുടെ മേൽ അവർക്ക് ആജ്ഞാശക്തിയുണ്ടെന്ന് മറ്റുള്ളവരെ ധരിപ്പിക്കാൻ ശ്രമിക്കുന്നു. അത്തരം ആളുകൾ മറ്റുള്ളവരിൽ നിന്നും പണം പിടുങ്ങാൻ ഇക്കാര്യങ്ങൾ വിശ്വസിപ്പിച്ച് ജിന്നിനെ ഒഴിപ്പിക്കാനുള്ള സേവനം എന്ന നിലയിലാണിത് ചെയ്യുന്നത്. ഇത് മാത്രമാണ് പ്രശ്നം. അല്ലാതെ ജിന്നിന് മനുഷ്യരുമായി ഒരു ബന്ധവുമില്ല. എന്നാൽ ജനങ്ങൾ ഉന്നയിക്കാത്തതും ഉന്നയിക്കേണ്ടതുമായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശരീഅത്തുമായി ബന്ധപ്പെട്ടതാണ്. ഒരു പ്രവാചകനെ ദൈവകല്പനപ്രകാരം സ്വീകരിക്കാൻ ജിന്ന് എത്രത്തോളം ബാധ്യസ്ഥമാണ്?

**ചോദ്യം :** 'ജിന്ന്' എന്ന് പറയുന്നത് ഒരു പ്രത്യേക അസ്തിത്വമോ വ്യത്യസ്തമായ ഒരു സൃഷ്ടിയോ ആണെങ്കിൽ മതപരമായ നിയമം വെച്ചുനോക്കുമ്പോൾ, അല്ലെങ്കിൽ ശരീഅത്ത് വെച്ചു നോക്കുമ്പോൾ അവരുടെ വിധിയെന്താണ്?

**ഉ:** ജിന്നെന്ന് പറയുന്നത് ആകാശീയ (ഈതറൽ) രൂപത്തിലോ അതു പോലുള്ള മറ്റൊരു രൂപത്തിലോ ഉള്ളതാണെങ്കിൽ, കാര്യം വളരെ വ്യക്തമായി. ഉദാഹരണത്തിന് മലക്കുകളുടെ കാര്യം എടുക്കുക. മലക്കുകൾ ഏതുരൂപത്തിലുള്ളതാണെന്ന്, നിശ്ചയമായും നമുക്കറിയില്ല. പക്ഷേ, അവയ്ക്കു രൂപമെടുക്കാൻ കഴിയുമെന്നും, നാം കാണുന്നതു പോലുള്ള പ്രതീതി ഉണ്ടാക്കാൻ കഴിയുമെന്നും നമുക്കറിയാം. ഉദാഹരണമായി ഈസാനബി(അ) കണ്ടതുപോലെ ചിലപ്പോൾ മലക്കുകൾ പ്രാവിന്റെ രൂപത്തിൽ ഗോചരീഭവിക്കാം. അതേ സമയം നബിതിരുമേനി ജിബ്‌റീൽ (അ)നെ ഒരിക്കൽ കണ്ടതു മാനംമുട്ടെ നിൽക്കുന്ന രൂപത്തിലാണ്, മറ്റൊരവസരത്തിൽ മനുഷ്യരൂപത്തിലും. ഇതു സൂചിപ്പിക്കുന്നതു നമ്മെപ്പോലൊരു ഭൗതികരൂപം മലക്കുകൾക്കില്ല എന്നാണ്. എന്നാൽ ദൃഷ്ടീഭവിക്കുന്നതിന് അവയ്ക്കു ഒരു രൂപം കൈക്കൊള്ളേണ്ടതുണ്ട്. അപ്രകാരം ഒരു സംഭവം ഖുർആൻ പറയുന്നതിങ്ങനെയാണ്:

*"അവൾക്ക് ആ രൂപം പരിപൂർണ്ണ മനുഷ്യനെപ്പോലെ തോന്നി"* ഖുർആൻ (19:18). അതായതു മർയം ബീവി (റ)യുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട മലക്ക് എല്ലാ അർത്ഥത്തിലും സുന്ദരനായൊരു പുരുഷരൂപത്തിലായിരുന്നു. പക്ഷേ, അതു അല്ലാഹുവിന്റെ ഒരു മലക്കായിരുന്നു. മനുഷ്യനല്ലായിരുന്നു. മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ, അങ്ങനെ മലക്കുകൾക്കു വ്യത്യസ്ത രൂപങ്ങൾ എടുക്കേണ്ടതുണ്ട്. ഇബ്രാഹിം നബി(അ)പോലും അല്ലാഹുവിന്റെ സന്ദേശവാഹകരെ സാധാരണ മനുഷ്യരായി തെറ്റിദ്ധരിച്ചു. അവർ മനുഷ്യ


10

രെപ്പോലെത്തന്നെയായിരുന്നു. ആ അതിഥികൾക്ക് ഒരാട്ടിൻ കുട്ടിയെ അറുത്ത് സൽക്കരിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു. വാസ്തവത്തിൽ ഇബ്രാ ഹിം നബി (അ)ന് ആ അതിഥികളെ ശരിയായ രീതിയിൽ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

മലക്കുകളെപ്പോലെ അതേരൂപം ജിന്നുകൾക്കുണ്ടെന്ന് ഞാൻ പറഞ്ഞുവരുകയല്ല. ജിന്ന് ഏതെങ്കിലുമൊരു ആകാശീയ (ഈതറൽ) രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ പ്രകൃതത്തിൽ ഇവ രണ്ടും ഒരു സാദൃശം ഉണ്ടായേക്കാം. ജിന്നിന് ഭൗതികരൂപം ഇല്ലാത്തതുകൊണ്ട് തോന്നലിന്റെ രൂപത്തിൽ അവ പ്രത്യക്ഷപ്പെടും എന്നു വരാം. മലക്കുകൾ പ്രത്യക്ഷപ്പെടുന്നതുപോലെ വ്യത്യസ്ത ആളുകൾക്ക് വ്യത്യസ്തരൂപത്തിൽ പ്രത്യക്ഷപ്പെട്ടേക്കാം. ജിന്ന് "മുക്കല്ലഫ് ബി ശ്ശരീഅ" ആണോ അല്ലയോ എന്നതാണ് പിന്നെയുള്ള ചോദ്യം. അതായതു മതനിയമത്തിന്റെ കീഴിൽ അവ വരുന്നുണ്ടോയെന്ന്. അവയ്ക്കു ശരീഅത്തു ബാധകമാണോ? ആരാണവയെ ദൈവത്തിങ്കലേക്ക് വിളിക്കുന്നത്? അവയ്ക്ക് ദൈവിക സന്ദേശം എത്തിപ്പെടുന്നതെങ്ങനെ? ദൈവികസന്ദേശം എല്ലായിടത്തും പ്രസരിക്കുന്നതുകൊണ്ട് ജിന്ന് അതു കേട്ടുകൊള്ളും എന്നാണോ? ശരീഅത്തു അനുസരിച്ചു ജീവിക്കാൻ ബാധ്യസ്ഥമായ സൃഷ്ടിയാണ് ജിന്ന്, എങ്കിൽ ജിന്ന് എങ്ങനെയാണ് നിസ്കരിക്കുന്നത്' തീർത്ഥാടനം ചെയ്യുന്നതു എന്നൊക്കെയുള്ള ചോദ്യങ്ങൾ ഉയരുന്നു. എങ്ങനെയാണ് അവ സക്കാത്തു നൽകുന്നത്? എങ്ങനെയാണ് വിവാഹം കഴിച്ചു സന്താനോൽപ്പാദനം നടത്തുന്നത്! അവയെല്ലാം ശരീഅത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്.

അത്തരം കാര്യങ്ങൾ വരുമ്പോഴാണ് ജിന്ന് എന്ന് പറയുന്നത് ഒരു തരം ആകാശീയ (ഈതറൽ) സൃഷ്ടികളാണോ എന്ന പ്രശ്നം പര്യാലോചിക്കേണ്ടി വരിക. അങ്ങനെയാകുമ്പോൾ അവ ദൈവത്തെ അനുസരിക്കുന്ന മനുഷ്യപ്രവാചകനെ പിന്തുടരുമോ എന്ന കാര്യം അസ്ഥാനത്താകും. ഒരു പ്രവാചകൻ സൃഷ്ടികളുടെ ഇടയിൽ നിന്ന് തന്നെയാവണം. എന്തുകൊണ്ടെന്നാൽ ഒരു പ്രവാചകൻ അവന്റെ വർഗ്ഗത്തിൽ നിന്നു തന്നെയാവണം. മനുഷ്യനെ അഭിസംബോധന ചെയ്യേണ്ടിവരുമ്പോൾ ഒരു മലക്ക് പ്രവാചകനായി അവതരിക്കുക എന്നത് ഖുർആന് വിരുദ്ധമാണ്. അപ്രകാരമായിരിക്കെ ആകാശീയ (ഈതറൽ) സൃഷ്ടികൾക്ക് ഒരു മനുഷ്യ പ്രവാചകൻ നിയോഗിക്കപ്പെടാവുന്നതെങ്ങനെ? ജിന്ന് അപ്രകാരമുള്ളൊരു സൃഷ്ടിയാണെങ്കിൽ! അതല്ലയെങ്കിൽ ജിന്ന് വർഗ്ഗത്തിൽ നിന്നുള്ള നബിമാരുണ്ടോ? ദൈവവചനങ്ങൾ അവയ്ക്കു നൽകപ്പെടുന്നതെപ്രകാരമാണ്? ജിന്നിന് വഹ്യ് നൽകിയെന്ന് ഖുർആനിൽ എവിടെയും പറയുന്നില്ല. തേനീച്ചയ്ക്കുപോലും വഹ്യ് നൽകിയെന്ന് ഖുർആനിൽ നാം വായിക്കുന്നു. എന്നാൽ ഖുർആനിലോ ഹദീസിലോ ജിന്നിന് വഹ്യ് നൽകിയതായി നാം വായിക്കുന്നില്ല.

ഈ വാദഗതികൾ വ്യക്തമാക്കുന്ന ഒരു കാര്യം ഖുർആനിൽ പറയുന്ന, നബിതിരുമേനിയിൽ വിശ്വസിച്ച ജിന്ന് ആകാശീയ (ഈതറൽ) ജിന്ന് അല്ല എന്നാണ്. അത്തരത്തിലുള്ള ജിന്ന് ഒരു പ്രവാചകനേയോ, ശരീഅത്ത് നിയമത്തേയോ പിന്തുടരാൻ കഴിയാത്ത വ്യത്യസ്ത സൃഷ്ടിയാണ്. മനുഷ്യർക്കുള്ളതുപോലൊരു ശരീരം അവയ്ക്കില്ല. മനുഷ്യരെ ഉദ്ദേശിച്ചുള്ള ശരീഅത്ത് അത്തരമൊരു സൃഷ്ടിക്കു പിന്തുടരാൻ കഴിയുകയില്ല. ജിന്ന് പ്രത്യേകതരം സൃഷ്ടിയാണെങ്കിൽ അവയുടെ ശരീഅത്തും വ്യത്യസ്തമായിരിക്കണം. അല്ലാത്തപക്ഷം ഖുർആനിൽ പറയുന്ന എല്ലാ നിയമങ്ങളും ഈതറൽ ജിന്നിനും ബാധകമാകണം. അതായത് സ്വകാര്യത, സലാം ചൊല്ലൽ, കല്യാണം, തലാഖ്, പിന്തുടർച്ചാവകാശം തുടങ്ങിയത്. ശരീഅത്തു നിയമം ജിന്നിന് ബാധകമാണോ എന്നതാണ് പിന്നീട് ചോദിക്കാനുള്ളത്. ഇത്തരം കാര്യങ്ങളിൽ പരമ്പരാഗത വിശ്വാസം കൈക്കൊള്ളുന്നവർ, വിവിധ സന്ദർഭങ്ങളിൽ അവരുടെ വിശ്വാസങ്ങൾ സൗകര്യപൂർവ്വം മറക്കുകയാണ് ചെയ്യുക. ആകാശീയ (ഈതറൽ)മായ, സ്വന്തം ഉദ്ദേശ്യവും പ്രവർത്തനരീതിയുമുള്ള എന്തെങ്കിലും സൃഷ്ടിപ്പുകൾ ഉണ്ടായേക്കാം എന്നുള്ളത് ഞാൻ നിഷേധിക്കുന്നില്ല.

അതെന്തായാലും ശരി ഇവിടെ നബിതിരുമേനിയുടെ അടുക്കൽ വന്ന ജിന്ന് മുസ്ലിംകൾ ആയി. അവർ പർവ്വതവാസികളായിരുന്നു. ചുറ്റുമുള്ള ആളുകൾ അവരെ കാണുന്നതു അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് രാത്രിസമയം നബി തിരുമേനി(സ) യെ സന്ദർശിക്കാൻ അവർ ഇഷ്ടപ്പെട്ടത്. അവർ മദീനയ്ക്കു പുറത്തു തമ്പടിച്ചു. അപ്പോൾ തീക്കുണ്ഠമുണ്ടാക്കി ഭക്ഷണം പാകം ചെയ്തു. ഇതു അംഗീകരിക്കപ്പെട്ടതാണ്. സഹാബികൾ പിറ്റേദിവസം ആ സ്ഥലം സന്ദർശിച്ചപ്പോൾ സാധാരണ മനുഷ്യരുടെ രീതികളാണ് കണ്ടത്. ഇതു കാണിക്കുന്നത് അവർ സാധാരണ മനുഷ്യർ ആയിരുന്നുവെന്നാണ്. "നോക്കുക നമ്മൾ എത്ര മണ്ടന്മാരാണ്? ദൈവം മറ്റൊരു പ്രവാചകനെ അയക്കുകയില്ലെന്ന് നമ്മൾ കരുതി. നമ്മൾ ഒരു നബിയെ ഇപ്പോൾ


11

കണ്ടതേയുള്ളൂ." എന്നവർ പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ പ്രദേശത്ത് പരസ്യമായി കാണപ്പെടാൻ ആഗ്രഹിക്കാത്ത ഒരു കൂട്ടം ആളുകൾ ആയിരുന്നു അവർ. അതു കൊണ്ടാണവർ രാത്രി വന്ന് വെളുപ്പിനേ പോയത്. ജനങ്ങൾ പുറത്തിറങ്ങുന്നതിനു മുമ്പ്. തീർച്ചയായും അവർ 'മുക്കല്ലഫ് ബി ശ്ശരീഅ' ആയിരുന്നു. അതായത് പ്രവാചകൻ കൊണ്ടുവന്ന സന്ദേശം സ്വീകരിക്കുന്നതിനും അതിന്നുത്തരം നൽകുന്നതിനും അവർ ബാധ്യസ്ഥരായിരുന്നു. അതിനാൽ അവർ നിശ്ചയമായും മനുഷ്യർ തന്നെയായിരിക്കണം. ജിന്ന് എന്ന പദം വലിയ ആളുകൾക്കും പറയും. മറഞ്ഞിരിക്കുകയും പരുക്കൻ പ്രകൃതവും, സമരോൽസുക സ്വഭാവവുമുള്ള മലവാസികളേയും ജിന്ന് എന്ന് പറയും. ഇത്തരം ആളുകളെയെല്ലാം ജിന്ന് എന്ന് പറയാം.

ചുരുക്കത്തിൽ എന്റെ അഭിപ്രായത്തിൽ മനുഷ്യ പ്രകൃതത്തിലോ മാലാഖ പ്രകൃതത്തിലോ അല്ലാത്ത ഒരു പ്രത്യേക സൃഷ്ടിപ്പ് ഉണ്ടായേക്കാം. അതിനെ ജിന്നെന്ന് പറഞ്ഞേക്കാം. എന്നാൽ ഒരുവേദഗ്രന്ഥത്തിലും അവയ്ക്കുമേൽ പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നോ, മനുഷ്യപ്രവാചകന്മാർ അവർക്ക് സന്ദേശം നൽകിയിട്ടുള്ളതാണെന്നോ യാതൊരു തെളിവുമില്ല. ആയതിനാൽ അവർക്ക് ശരീഅത്തു ബാധകമല്ല.

പരിശുദ്ധ ഖുർആൻ പറയുന്നു:

*"ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുകയും ഈനാളിനെ കണ്ടുമുട്ടുന്നത് സംബന്ധിച്ചു നിങ്ങൾക്കു 'മുന്നറിയിപ്പ്' നൽകുകയും ചെയ്യുന്ന നിങ്ങളിൽനിന്നുള്ള ദൂതന്മാർ നിങ്ങൾക്ക് 'വന്നിട്ടില്ലേ'? (എന്ന് പുനരുത്ഥാനനാളിൽ അല്ലാഹു ചോദിക്കും). അവർ പറയും: "ഞങ്ങൾക്കെതിരായി ഞങ്ങൾ തന്നെയിതാ സാക്ഷ്യം വഹിക്കുന്നു. (അപ്പോൾ) ഐഹികജീവിതം അവരെ വഞ്ചിച്ചു. (എന്ന് അവർക്ക് ബോധ്യമാകും) തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർക്കെതിരായി അവർ തന്നെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്."* (6-131)

ഈ സൂക്തം ജിന്നിനേയും ഇൻസിനേയും പറ്റി പറയുന്നുണ്ടെങ്കിലും സയ്യിദ് ഹിൽമി അൽ ശാഫി സാഹിബ് (ചോദ്യോത്തരസദസ്സിലെ ഈജിപ്തുകാരനായ ഒരു അംഗം) നൽകിയ വ്യാഖ്യാനം മാത്രമാണ് സ്വീകാര്യമായത്. അദ്ദേഹം പറയുന്നത് ഈ സൂക്തത്തിൽ പറയുന്ന ജിന്ന് മനുഷ്യർ തന്നെയാണെന്നാണ്. എന്തുകൊണ്ടെന്നാൽ ജിന്നിനും ബശറിനും പ്രത്യേകം നബിമാരെ അയച്ചതായി ഖുർആനിൽ എവിടെയും പറയുന്നില്ല. വിധി നിർണ്ണയദിനത്തിൽ ജിന്നുകളേയും ഇൻസുകളേയും പ്രത്യേകം പ്രത്യേകം ഹാജരാക്കുമെന്ന് (ചോദ്യം ചെയ്യാൻ) ഖുർആനിൽ തെളിവില്ല. ഇതിൽ നിന്ന് മനസ്സിലാക്കുന്നതു ജിന്നുകളുടെ സമൂഹമേ എന്ന സംബോധന കൊണ്ട് മനുഷ്യരിൽ ഒരു വിഭാഗത്തേയാണ് ഉദ്ദേശിക്കുന്നത് എന്നാണ്.

ഇപ്രകാരമുള്ള ഖുർആനിലെ മറ്റു സൂക്തങ്ങൾ സൂചിപ്പിക്കുന്നത് അവിടെ സംബോധനം ചെയ്യുന്ന ജനങ്ങൾ ആകാശീയ (ഈതറൽ) രൂപത്തിലുള്ള സൃഷ്ടിയല്ല, മറിച്ചു യഥാർത്ഥത്തിൽ മനുഷ്യർ തന്നെയാണെന്നാണ്. സൂറ റഹ്മാനിലെ മറ്റൊരു സൂക്തം കാണുക:

*"ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ, ആകാശങ്ങളുടേയും ഭൂമിയുടേയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ നിങ്ങൾ കടന്ന് പോയ്ക്കൊള്ളുക. തെളിവോടു കൂടിയല്ലാതെ നിങ്ങൾ കടന്നുപോവുകയില്ല. അപ്പോൾ നിങ്ങളിരുകൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനേയാണ് നിങ്ങൾ നിഷേധിക്കുന്നത് "* (ഖുർആൻ 55 - 34, 35)

ഇവിടെ ജിന്നുകളുടേയും ഇൻസുകളുടേയും സമൂഹമേ എന്നതുകൊണ്ട് എന്താണു ഉദ്ദേശിക്കുന്നത്? മേൽ ഉദ്ധരിച്ച രണ്ടായത്തുകളിലേയും അർത്ഥം ഒന്നു തന്നെയാണ്. ഖുർആന്റെ ശൈലിയനുസരിച്ച് ജിന്ന് എന്ന പദത്തിന് ബൂർഷ്വ, കാപ്പിറ്റലിസ്റ്റ്, അധികാരവും സ്വാധീനവുമുള്ളവർ, വലിയ രാഷ്ട്രങ്ങൾ എന്നൊക്കെ അർത്ഥം പറയാം. അതേസമയം ഇൻസ് എന്നതിന് പ്രൊലീറ്റേറിയറ്റ്, സാധാരണക്കാർ, ബഹുജനങ്ങൾ, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ എന്നു പറയാം. ഈ രണ്ടുകൂട്ടർക്കും നേതാക്കന്മാരുണ്ട്.

ഈ നൂറ്റാണ്ടിൽ ലോകം രണ്ട് ചേരിയായി തിരിഞ്ഞു. മുതലാളിത്ത ചേരിയും ബഹുജനചേരിയും. രണ്ട് ചേരിയിലും നേതാക്കന്മാരുണ്ടായി. ഇവിടെ ഉദ്ദേശിക്കുന്നത് അധികാരവും സ്വാധീനവും ഉള്ളവരും, സാധാരണക്കാരുടെ നേതാക്കളും എന്നാണ്. സമ്പന്ന രാഷ്ട്രങ്ങളും, ദരിദ്രരാഷ്ട്രങ്ങളുടെ നേതാക്കളും. ഖുർആന്റെ 6-131 എന്ന വചനത്തിൽ പറയുന്നത് രണ്ട് കൂട്ടരിലും പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നാണ്. ഏതു വിഭാഗത്തിൽപ്പെട്ടവരായാലും, ഇത്തരുണത്തിൽ ഞാൻ കുരുതുന്നത് ഇത് മാത്രമാണിവിടെ കരണീയമായിട്ടുള്ള വ്യാഖ്യാനം എന്നാണ്. 55-ാം അദ്ധ്യായം 34-ാം സൂക്തവും ജിന്നിനേയും ഇൻസിനേയും പറ്റി പറയുന്നു. മനുഷ്യരിലെ രണ്ടു വിഭാഗങ്ങളെയാണത് സൂചിപ്പിക്കുന്നത്. ആകാശത്തിന്റേയും ഭൂമിയുടേയും

അതിരുകൾ ലംഘിച്ച് പോകാൻ പറ്റുന്ന ഒരു കാലത്തെപ്പറ്റി ചിന്തിക്കാൻ മനുഷ്യന് കഴിയുന്ന ഒരു സന്ദർഭത്തെപ്പറ്റിയാണ് അത് സൂചിപ്പിക്കുന്നത്. മനുഷ്യന് അതിന് കഴിയാത്തിടത്തോളം കാലം ഖുർആന്റെ ഈ വെല്ലുവിളി നിരർത്ഥകമായിത്തീരുന്നു. അതുകൊണ്ടതു ഭാവിയിലേക്കുള്ളൊരു വെല്ലുവിളിയാണ്. (ജിന്ന് ഒരമാനുഷിക സൃഷ്ടിയാണെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ) ഒരുപക്ഷേ, ജിന്നിന് ആകാശഭൂമികളുടെ പരിധി ലംഘിക്കാൻ സാധ്യമാണ് എന്ന് പറയപ്പെടാം. പക്ഷേ, മനുഷ്യന് അടുത്തകാലം വരെ ഒരു നിശ്ചിത ഉയരത്തിനപ്പുറം പോകാൻ കഴിഞ്ഞിട്ടില്ല. മുൻകഴിഞ്ഞ തലമുറകളുടെ കൈയിൽ ഇതിനുവേണ്ടിയുള്ള എന്തൊരു സംവിധാനമാണുണ്ടായിരുന്നത്? വിമാനങ്ങൾ പോലും ആ കാലങ്ങളിൽ ഇല്ലായിരുന്നു. മനുഷ്യസമൂഹം പ്രപഞ്ചത്തിന്റെ അതിരുകൾ ലംഘിച്ച് പോകാൻ ശ്രമിക്കുന്നുവെങ്കിൽ, അവർക്കതിന് ശ്രമിക്കാം. *(അക്താരിസ്സമാവാത്തി വൽ അർള്)* എന്നാൽ ഈ ഉദ്യമത്തിൽ തീർച്ചയായും അവൻ പരാജയപ്പെടും എന്ന് തന്നെയാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. എന്തുകൊണ്ടെന്നാൽ ഖുർആൻ പറയുന്നു:

*"നിങ്ങൾക്കെതിരിൽ തീജ്വാലയും ധൂമവും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് സ്വയം സഹായിച്ചു രക്ഷപ്പെടാൻ സാധിക്കുകയില്ല"* (55-36). അതായത്, നിങ്ങൾ പ്രപഞ്ചത്തിന്റെ പരിധി ലംഘിച്ചുപോവുകയാണെങ്കിൽ തീ നിങ്ങളുടെ മേൽ അയക്കപ്പെടുകയും അതിർത്തി ലംഘിക്കാൻ കഴിയാതാവുകയും ചെയ്യും. ഈ വാക്യം ഭാവി കാലഘട്ടത്തെ വിരൽ ചൂണ്ടുന്നു, മനുഷ്യസമൂഹം രണ്ട് ചേരിയാവുന്ന കാലഘട്ടം. അധികാരവും സ്വാധീനവും ഉള്ളവരും, സാധാരണക്കാരും ബൂർഷ്വാസിയും, പ്രൊലീറ്റേറിയറ്റും മുതലാളിത്വവും സോഷ്യലിസവും രണ്ടുകൂട്ടരും ചന്ദ്രനിലും, ചൊവ്വയിലും, അതിനപ്പുറവും പോകാൻ ശ്രമിക്കും, അവർ പ്രപഞ്ചത്തിന്റെ അതിർത്തി കടക്കാൻ ശ്രമിക്കും, എന്നത് ഒരു പ്രവചനമാണ്. ഖുർആൻ *"അക്താറുൽ അർള്"* എന്ന വാക്കുകൾ ഉപയോഗിക്കുന്നില്ല. അതിന്നർത്ഥം ഭൂമിയുടെ അതിർത്തികൾ എന്നാണ്. ഭൂമിയും ഭൂമിക്കു ചുറ്റുമുള്ള ആകാശവും വളരെ ചെറിയ പ്രദേശമാണ്. അതേസമയം ഖുർആന്റെ വെല്ലുവിളി മുഴു പ്രപഞ്ചത്തെപ്പറ്റിയാണ്. പ്രപഞ്ചത്തിന്റെ അതിർത്തി ലംഘിക്കുക എന്നത് മനുഷ്യനാൽ അസാധ്യമാണെന്നാണ് ഖുർആൻ പറയുന്നത്. അതേസമയം ഖുർആൻ ആദ്യമായി അവതരിപ്പിക്കപ്പെട്ടപ്പോൾ ജിന്നോ, ഇൻസോ ഈ സൂക്തത്തിന്റെയർത്ഥം ശരിയായി മനസ്സിലാക്കിയിട്ടില്ല. എന്നാൽ, ഈ കാലഘട്ടത്തിൽ ഇതിന്റെ യാഥാർത്ഥ്യം നമുക്ക് മനസ്സിലാക്കാം. പ്രകാശവേഗത്തിൽ സഞ്ചരിച്ചാൽ തന്നെ പ്രപഞ്ചത്തിന്റെ അതിർത്തിയിലെത്താൻ നിരവധി വർഷങ്ങളെടുക്കും എന്ന് നമുക്കിപ്പോൾ അറിയാം. (പ്രകാശത്തിന്റെ വേഗത സെക്കന്റിൽ 3 ലക്ഷം കി.മീ. ആണല്ലോ) പ്രപഞ്ചം എല്ലായ്പ്പോഴും വികസിച്ചുകൊണ്ടിരിക്കുകയാണ് എന്ന് വരുമ്പോൾ പ്രശ്നം കൂടുതൽ കൂടുതൽ ആയിക്കൊണ്ടിരിക്കുകയാണ്. ഇതു സൂചിപ്പിച്ചുകൊണ്ടാണ് ഖുർആനിൽ അല്ലാഹു പറയുന്നത് പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്ന്. ഖുർആനിന്റെ 55-ാം അദ്ധ്യായം 34-ാം വചനത്തിന്റെയർത്ഥം ഇതുതന്നെയാണ്. അതുതന്നെയാണ് ശാസ്ത്രജ്ഞന്മാരും പറയുന്നത്. അതു വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചമാണെന്ന്. വാസ്തവത്തിൽ അതൊരു പ്രവചനമാണ്, മഹത്തായ പ്രവചനം. വരാൻ പോകുന്ന കാലത്തെപ്പറ്റിയുള്ള പ്രവചനം, കണ്ടുപിടിത്തങ്ങളുടേയും മനുഷ്യന്റെ അഭിലാഷങ്ങളുടേയും പ്രവചനം. ആ കാലഘട്ടത്തിൽ പ്രപഞ്ചത്തെ വെട്ടിപ്പിടിക്കാൻ മനുഷ്യൻ ഉദ്യമിക്കും. അവൻ അതിൽ പരാജയപ്പെടും എന്നാണ് ഇവിടെ അല്ലാഹു പറയുന്നത്. അത് മനുഷ്യനാൽ സാധ്യമല്ലയെന്ന് സാരം.

ചുരുക്കത്തിൽ, ഖുർആനിൽ പറയുന്ന ജിന്ന് നാടോടിക്കഥകളിലെ ജിന്ന് അല്ല. (നേരത്തേ പറഞ്ഞതുപോലെ വലിയ അധികാരവും സ്വാധീനവും ഉള്ള സമൂഹത്തെയാണത് സൂചിപ്പിക്കുന്നത്). നമ്മുടെ കൺമുമ്പിൽ വ്യക്തമായി പ്രത്യക്ഷപ്പെട്ടിട്ടുള്ള വസ്തുതകൾക്കെതിരായി ഖുർആനെ നാം എന്തിന് വ്യാഖ്യാനിക്കണം? പ്രോലിറ്റേറിയറ്റ് വിഭാഗവും, ബൂർഷ്വാ വിഭാഗവും അല്ലെങ്കിൽ കമ്മ്യൂണിസ്റ്റു ചേരിയും മുതലാളിത്ത ചേരിയും ബഹിരാകാശത്തിലെത്താൻ ശ്രമം നടത്തിയിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ജിന്ന് എന്ന പദത്തിന് നൽകുന്ന വിശാലമായ വ്യാഖ്യാനവും, മനുഷ്യന്റെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ നിരാകരിക്കാത്തതുമായ ഉൾക്കാഴ്ചയും ഖുർആന്റെ മേൽ വലുതായ ആദരവ് നമുക്കുണ്ടാക്കുന്നു. ജിന്നെന്ന് പറയുന്നത് അമാനുഷികമായ ഒരു സൃഷ്ടിയായി കരുതുന്ന ഒരു വിഭാഗം ആളുകൾക്ക് ഉപദേശം നൽകാനാണ് ഞാനീ വിഷയം കുറച്ചു ദീർഘിച്ച് ചർച്ച ചെയ്തത്. അത്തരം വിശ്വാസങ്ങൾ അടിസ്ഥാനരഹിതമാണ്. ഖുർആനെ ശരിയായ രീതിയിലും, ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ നിരാകരിക്കാത്ത അവസ്ഥയിലും വ്യാഖ്യാനിക്കുക എന്നതാണ് പ്രധാനമായ കാര്യം. വാസ്തവത്തിൽ അത്തരം കണ്ടുപിടിത്തങ്ങൾ ഖുർആന്റെ ശരിയായ

*(ശേഷം 35- ൽ)*



13

റഫി അഹ്മദ്, അമേരിക്ക

ലേഖനം

# ദൈവത്തിന്റെ അസ്തിത്വം ആധുനികശാസ്ത്രം എന്തു പറയുന്നു?

**ലേഖകൻ കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് ബിരുദമുള്ള ഒരു ഐ. ടി. പ്രൊഫഷനലാണ്. മുപ്പതിലധികം ഗവേഷണ പ്രബന്ധങ്ങൾ അവതരിച്ച അദ്ദേഹം അമേരിക്കയിൽ നിരവധി പേറ്റന്റുകൾക്ക് ഉടമയാണ്. കാലിഫോർണിയയിലെ മിൽപിറ്റാസിലെ ഒരു കൺവെൻഷനിൽ അവതരിപ്പിച്ചതാണ് ഈ പ്രബന്ധം.**

ദൈവത്തിന്റെ അസ്തിത്വത്തെപ്പറ്റി ദൈവവിശ്വാസികളും നാസ്തികരും തമ്മിൽ തീക്ഷ്ണമായ വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം സംവാദങ്ങൾ ഊർജ്ജസ്വലമായ ധൈഷണിക വ്യവഹാരത്തിന്റെ അടയാളമാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ *'ഹസ്തി ബാരി തആലാ' എന്ന പുസ്തകത്തിൽ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ദൈവത്തിൽ വിശ്വസിക്കുകയോ അത് ഉറക്കെ പ്രഖ്യാപിക്കുകയോ ചെയ്യുകയും അത് സംബന്ധിച്ച ഒരു സംവാദം ഒഴിവാക്കുകയും ചെയ്യുകയാണെങ്കിൽ ഇത് ഒരിക്കലും അവർക്ക് മോക്ഷം ഉറപ്പ് നൽകില്ല... അതുകൊണ്ട് ദൈവാസ്തിക്യവിഷയത്തിൽ അഗാധമായി ചിന്തിക്കുക എന്നത് ഏറ്റവും പരമപ്രധാനമായ സംഗതിയാണ്.*

*ആയതിനാൽ ഈ ഉപന്യാസം ഈ വിഷയമാണ് ചർച്ച ചെയ്യുന്നത്.*

ദൈവം ഉണ്ടോ? എന്ന ചർച്ചക്ക് തെളിവുകൾ സമർപ്പിക്കേണ്ട ബാദ്ധ്യത ദൈവവിശ്വാസിയിൽ അടിച്ചേൽപ്പിച്ചുകൊണ്ടാണ് എപ്പോഴും ഇത്തരം സംവാദം ആരംഭിക്കുക. ചിന്താശീലരായ ആളുകൾ ബുദ്ധിശക്തിയെ ഭ്രമിപ്പിക്കുന്ന ചില പ്രശ്നങ്ങളെക്കുറിച്ച് അഗാധമായി ചിന്തിക്കുന്നു. എങ്ങനെയാണ് പ്രപഞ്ചത്തിലെ നിയമങ്ങൾ നിലവിൽ വന്നത്? എങ്ങനെയാണ് പ്രപഞ്ചം ആവിർഭവിച്ചത്? അജീവി വസ്തുക്കളിൽ നിന്നും എങ്ങനെയാണ് ജീവികൾ ഉദ്ഭവിച്ചത് എന്നിവയാണ് ആ പ്രശ്നങ്ങൾ.

'Kalam cosmological argument' എന്ന പുസ്തകത്തിൽ മദ്ധ്യകാലത്തെ മുസ്ലിം തർക്ക ശാസ്ത്രജ്ഞന്മാർ ദൈവാസ്തിക്യത്തെ പറ്റി ചില വാദമുഖങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് പ്രഗത്ഭ തത്വചിന്തകനായ വില്യം ക്രെയ്ഗ് തന്റെ പ്രസ്തുത പുസ്തകത്തിലൂടെ പാശ്ചാത്യലോകത്ത് പ്രചരിപ്പിച്ചിട്ടുമുണ്ട്. അതായത്. പ്രത്യക്ഷ പ്രപഞ്ചം നിലനില്ക്കുന്നു എന്നതിന് മൂന്ന് സാധ്യതകളാണുള്ളത്. ഒന്ന് പ്രപഞ്ചം എപ്പോഴും നിലനിന്നിരുന്നു. രണ്ട് പ്രപഞ്ചം സ്വയം തന്നെ സൃഷ്ടിക്കപ്പെട്ടതാണ്. മൂന്ന് സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവമാണ് പ്രപഞ്ചം സൃഷ്ടിച്ചത് എന്നിവയാണവ. നമുക്ക് ഈ മൂന്ന് സാധ്യതകളെയും പരിശോധിക്കാം.

### അനന്തപ്രപഞ്ചം

പ്രപഞ്ചം എക്കാലത്തും നിലനിന്നിരുന്നു. അത് അനന്തമാണ് എന്ന വാദം പരിഗണിക്കാം. താപഗതിക (തെർമോ ഡൈനാമിക്സ്)ത്തിന്റെ രണ്ടാം നിയമവും 'എൻട്രോപി' നിയമവും ഈ വാദഗതിക്ക് എതിരാണ്. കാലത്തിന്റെ അനന്തതയോടൊപ്പം പ്രപഞ്ചം എക്കാലത്തും യഥാർത്ഥത്തിൽ ഉണ്ടായിരു ന്നുവെങ്കിൽ പ്രപഞ്ചത്തിന്റെ എൻട്രോപിയും തന്മാത്രകളുടെ ക്രമരാഹി

ത്വത്തിന്റെ അളവും അതിന്റെ പാരമ്യതയിൽ ഇതിനകം എത്തുമായിരുന്നു. അത് മൂലം പ്രപഞ്ചം ഒരു താപ മരണത്തിന് (Heat death) വിധേയമാകുകയും ചെയ്യും (1) പ്രപഞ്ചം ഇപ്രകാരം ഇത് വരെ താപമരണത്തിന് വിധേയമാകാത്തതിനാൽ പ്രപഞ്ചം ഒരിക്കലും അനന്തമല്ല.

## പ്രപഞ്ചത്തിന്റെ തുടക്കം

പ്രപഞ്ചം ആദിയും അന്തവുമില്ലാത്തതാണെന്ന് സങ്കല്പിക്കുകയാണെങ്കിൽ അത് എളുപ്പത്തിൽ തിരിച്ചറിയാനും സാധിക്കും. മറ്റൊരു അനുമാനത്തിൽ എത്തിച്ചേരേണ്ടാത്തവിധം അത് സ്വയം വിശദീകരിക്കുമായിരുന്നു. എന്നാൽ ബിഗ് ബാങ്ങ് തിയറി (മഹാസ്ഫോടന സിദ്ധാന്തം) ഈ വിഷയത്തിൽ വിപ്ലവകരമായ മാറ്റമാണ് ഉണ്ടാക്കിയത്. പ്രപഞ്ചത്തിന്റെ ഉൽപത്തിയെ സംബന്ധിച്ച് ഏറ്റവും കൂടുതൽ സ്വീകരിക്കപ്പെട്ട ശാസ്ത്രതത്വമാണ് ബിഗ് ബാങ്ങ് തിയറി. ഈ സിദ്ധാന്ത പ്രകാരം പതിനാല് ശതകോടി വർഷങ്ങൾക്ക് മുമ്പ് അതീവ ഘനസാന്ദ്രവും അത്യ ന്തം താപവുമുള്ള ഒരവസ്ഥയിൽ നിന്നാണ് പ്രപഞ്ചം ഉദ്ഭവിച്ചത്. പിന്നീട് അത് അതിവേഗം തണുക്കുകയും വികസിക്കുക്കയുമുണ്ടായി. ആധുനിക പ്രപഞ്ചവിജ്ഞാനീയത്തിന്റെ ആധാരശിലയാണ് ബിഗ് ബാങ്ങ് തിയറി. പ്രപഞ്ചം ഉദ്ഭവിച്ചത് ഒരു ബിന്ദുവിൽ നിന്നായിരിക്കാമെന്ന് ഈ സിദ്ധാന്തം വെളിപ്പെടുത്തുന്നു. പ്രപഞ്ചം ഉദ്ഭവിച്ച ആ ബിന്ദുവിനെയാണ് ഭൗതികശാസ്ത്രജ്ഞന്മാർ വൈചിത്രബിന്ദു (സിംഗുലാരിറ്റി) എന്ന് പറയുന്നത്. അതിൽ സമയമോ കാലമോ ഉൾക്കൊള്ളുന്നില്ല. അവിടെ ഭൗതികനിയമങ്ങൾ തകരുകയാണ് ചെയ്യുന്നത്.

പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടായിരുന്നുവെങ്കിൽ ആരാണ് അതിന് തുടക്കം കുറിച്ചത് എന്ന ചോദ്യം തികച്ചും ബുദ്ധിപരവും അനിവാര്യവുമാണ്. അതുകൊണ്ട് സിംഗുലാരിറ്റി ബിന്ദുവിൽ നിന്നും പ്രപഞ്ചം ഉത്ഭവിപ്പിച്ചു എന്ന പരികല്പനയിൽ ദൈവത്തിന്റെ പങ്ക് അനിവാര്യമായും ഉൾക്കൊള്ളുന്നു. ഇത് നിരീശ്വരവാദികളായ ശാസ്ത്രജ്ഞന്മാർക്ക് ഇരിക്കപ്പൊറുതി നൽകില്ല. (2)

ബോൻഡിയും ഹോയിലും ചേർന്ന് ആവിഷ്ക്കരിച്ച 'സ്റ്റെഡി സ്റ്റേറ്റ്' (സ്ഥിരാവസ്ഥ) പ്രപഞ്ച സിദ്ധാന്ത പ്രകാരം പ്രപഞ്ചത്തിന് ഒരു തുടക്കം ആവശ്യമില്ല. പക്ഷേ ഈ സിദ്ധാന്തം നിരീക്ഷിക്കപ്പെട്ട വസ്തുതകളുമായി ഒത്തുപോകുന്നില്ല. അതായത് പ്രപഞ്ചം സ്ഥിരമായി നില് ക്കാതെ വികസിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ് നിരീക്ഷപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് പ്രപഞ്ചത്തെ സംബന്ധിച്ച 'സ്റ്റെഡി സ്റ്റേറ്റ്' സിദ്ധാന്തം നിരാകരിക്കപ്പെടുകയാണുണ്ടായത്.

കാംബ്രിഡ്ജ് സർവ്വക്ഷാശാലയിലെ പ്രഗത്ഭനായ ഗണിത പ്രൊഫസർ സ്റ്റീഫൻ ഹാക്കിൻസും ജെയിംസ് ഹാർഡ്‌ലിയും ഒരു സിദ്ധാന്തം മുന്നോട്ടുവെക്കുകയുണ്ടായി.(3) സ്ഥലകാലത്തിൻ പരിധി നിർണ്ണയിച്ചിട്ടില്ലാത്ത ഒരു പ്രപഞ്ച സങ്കല്പമായിരുന്നു അവർ മുന്നോട്ടുവെച്ചത്. അതിന് തുടക്കവും ഒടുക്കവുമില്ല. ഹാക്കിൻസ് തന്റെ Brief History of Time എന്ന പുസ്തകത്തിലാണ് ഈ സിദ്ധാന്തം മുന്നോട്ടുവെച്ചത്. എന്നിട്ട് ഈ പ്രപഞ്ചസിദ്ധാന്തത്തിൽ ദൈവത്തിന് വല്ല സ്ഥാനവുമുണ്ടോ എന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി.

ഹാക്കിൻസിന്റെ ഈ സങ്കല്പത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. ഹാക്കിൻസ് തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്, സാങ്കല്പിക സമയത്തിലാണ്. ആ സാങ്കല്പിക സമയത്തിലെ സാങ്കല്പിക പ്രപഞ്ചത്തിന് മാത്രമേ അദ്ദേഹത്തിന്റെ ഈ സിദ്ധാന്തം സംഗതമാവൂ. അത് തീവ്രമായ ഒരു ഊഹമല്ലാതെ യാഥാർത്ഥ്യവുമായോ നിരീക്ഷിത സത്യങ്ങളുമായോ യാതൊരു ബന്ധവുമില്ല.

## പ്രപഞ്ചത്തിന്റെ രമ്യമനോഹരമായ സാമഞ്ജസ്യം

മനുഷ്യജീവനെ ഉല്പാദിപ്പിക്കാൻ വേണ്ടി പ്രപഞ്ചത്തിലെ അതിലോലമായ നിയമങ്ങൾ വരെ സമഗ്രമായ രീതിയിൽ സന്തുലിതമാക്കപ്പെടുകയും സമഞ്ജസമായി സമസ്വരിതമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. പ്രപഞ്ചനിർമ്മിതിയുടെ ലക്ഷ്യം തന്നെ മനുഷ്യനിർമ്മിതിയാണെന്ന് ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. ഇതിനെയാണ് ശാസ്ത്രജ്ഞന്മാർ മനുഷ്യകേന്ദ്രിത സിദ്ധാന്തം (Anthropic Principle) എന്നു വിളിക്കുന്നത്. പ്രപഞ്ചത്തിന്റെ പ്രാരംഭകാവസ്ഥയിൽ ഉണ്ടായിരുന്ന അടിസ്ഥാന തത്ത്വങ്ങൾക്കനുസൃതമായ മൂല്യങ്ങളാണ് വാസ്തവത്തിൽ പ്രപഞ്ചത്തിലെ അടിസ്ഥാനപരമായ പ്രത്യേകതകൾക്ക് നിദാനം. ഇത് മനുഷ്യനിർമ്മിതിയെയാണ് ലക്ഷ്യം വെക്കുന്നതെന്ന് ഈ സിദ്ധാന്തം പറയുന്നു.

സ്റ്റീഫൻ ഹാക്കിൻസ് എഴുതുന്നു. 'ബിഗ് ബാങ്ങിന് (മഹാവിസ്ഫോടനം)ശേഷമുള്ള ഒരു സെക്കന്റിലെ വികസനനിരക്ക് ഒരു ലക്ഷം കോടിയിലൊരംശം കുറവായിരുന്നുവെങ്കിൽ പ്രപഞ്ചം ഇന്നത്തെ അവസ്ഥയിൽ എത്തുന്നതിന് മുമ്പ് തന്നെ വീണ്ടും തകരുമായിരുന്നു. അപ്രകാരം ബിഗ് ബാങ്ങിന് ശേഷം പ്രപഞ്ചത്തിന്റെ

വികസനനിരക്ക് അല്പം കൂടുകയാണെങ്കിൽ ഗാലക്സികൾ ഒരിക്കലും രൂപം കൊള്ളുമായിരുന്നില്ല. ജ്യോതിശാസ്ത്രജ്ഞനായ മാർട്ടിൻ റീസ് 'Just six numbers' എന്ന പുസ്തകത്തിൽ പറയുന്നു. ആറ് അക്കങ്ങളാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാന ഭൗതിക ഗുണങ്ങളുടെ ആധാരമായി വർത്തിക്കുന്നത്. ആറു അക്കങ്ങളിലെ ഓരോ അക്കത്തിന്റെ മൂല്യവും ഭൂമിയിൽ ജീവൻ നിലനിൽ ക്കാൻ ആവശ്യവുമാണ്. ഈ ആറു അക്കങ്ങളിൽ (ഇത് ഗുരുത്വാകർഷണ സ്ഥിരാങ്കമോ ശക്ത ന്യൂക്ലിയർബലമോ അകാം) ഏതെങ്കിലുമൊരു 'സംഖ്യ' വളരെ ചെറിയ അളവ് വ്യത്യസ്തമായിരുന്നെങ്കിൽ ഇവിടെ നക്ഷത്രങ്ങളുണ്ടാകുമായിരുന്നില്ല. സങ്കീർണമായ യാതൊരു ജൈന നിർമ്മിതിയോ ജീവനോ ഉണ്ടാവില്ല എന്നും അദ്ദേഹം പറയുന്നു. മാർട്ടിൻ റീസ് ആകട്ടെ മതപരമായ വീക്ഷണം അംഗീകരിക്കാത്ത ആളുമാണ്. എങ്കിലും അദ്ദേഹം ഈ ആറ് അക്കങ്ങളെ ഈശ്വരകൃതം (Providential) എന്ന് വിളിക്കാൻ അശ്ലേഷം മടിക്കുന്നില്ല.

മനുഷ്യകേന്ദ്രിത സിദ്ധാന്തത്തിൽ ആസ്തിക്യവാദികൾ പ്രപഞ്ചനിർമ്മിതിയിൽ ദൈവത്തിന്റെ ബോധപൂർവ്വമായ ഒരു ആസൂത്രണം കരവിരുതും ദർശിക്കുന്നു. നിരീശ്വരവാദി ഇതൊരു ശുഭകരമായ ആകസ്മികതയായിട്ടാണ് കാണുന്നത്. പ്രപഞ്ചം എന്ന ഈ നിഗൂഢാത്മകമായ അസ്തിത്വത്തെകുറിച്ച് ചിന്തിക്കാവുന്ന ഏറ്റവും ഉചിതമായ മാനദണ്ഡം പ്രപഞ്ചത്തിലെ മനുഷ്യനാണെന്ന് അവർ സിദ്ധാന്തിക്കുന്നു. എന്നാൽ പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെട്ട ജീവൻ എന്ന പ്രതിഭാസം ഏറ്റവും സൂക്ഷ്മമാണ്. അത് ഏറ്റവും സങ്കീർണ്ണവും ലോലവുമായതിനാൽ ജീവൻ എങ്ങിനെ ഉത്ഭവിച്ചു എന്നതിന് നമുക്ക് ഒരു വിശദീകരണം ആവശ്യമായി വരുന്നു.

## ബഹുത്വപ്രപഞ്ചം

അനിവാര്യമായും നിരാശരായ നിരീശ്വരവാദികൾ അവരുടെ രണ്ടാമത്തെ വിശദീകരണത്തിൻ അഭയം തേടുകയാണ്. അതാണ് ബഹുത്വപ്രപഞ്ചം സങ്കല്പം. ബഹുത്വപ്രപഞ്ചത്തിന്റെ മറവിൽ യഥാർത്ഥത്തിൽ അവർ പറയുന്നത് അനന്തപ്രപഞ്ചത്തെക്കുറിച്ചുതന്നെയാണ്. ഈ പ്രപഞ്ചത്തിലുടനീളം കാണപ്പെടുന്ന താളപ്പൊരുത്തവും രമ്യമനോഹരമായ ഏകീകരണവും നിഷേധിച്ചുകൊണ്ട് അവർ പറയുന്നത് ഈ പ്രപഞ്ചം അനേകം പ്രപഞ്ചങ്ങളിൽ ഒന്നുമാത്രമാണെന്നാണ്.

മായാവാദം പോലെയുള്ള ഈ സിദ്ധാന്തത്തിന്റെ മറ്റൊരു പതിപ്പ് പ്രപഞ്ചം എല്ലായിടത്തും എപ്പോഴും പൊട്ടിമുളക്കുന്നു എന്നാണ്. പക്ഷേ ദയവ് ചെയ്ത് അത് എപ്പോൾ എവിടെ എന്നൊന്നും അവരോട് ചോദിക്കരുത്. അത്തരം പ്രപഞ്ചങ്ങളൊന്നും തന്നെ നമ്മുടെ പ്രപഞ്ചത്തിൽ നിന്നും പ്രാപ്തമല്ല എന്നാണ് അവരുടെ വിശദീകരണം. അതുകൊണ്ട് ചോദ്യം ഇതാണ്. ഇപ്പറഞ്ഞ നിരീശ്വരവാദികളുടെ പൊങ്ങുകയും മുങ്ങുകയും ചെയ്യുന്ന പ്രപഞ്ചത്തിന് അനുഭവജ്ഞാനപരമായ വല്ല തെളിവുമുണ്ടോ? തെളിവ് യാതൊന്നുമില്ല എന്നതാണ് വാസ്തവം!

പ്രൊഫ: അബ്ദുസ്സലാമിനോടൊപ്പം നോബൽ സമ്മാനം പങ്കുവെച്ച സ്റ്റീഫൻ വൈബർഗ് 1979 സ്വതന്ത്രമായി പ്രകൃതിയിലെ രണ്ട് ബലങ്ങളുടെ ഏകീകരിച്ചുകൊണ്ടുള്ള സിദ്ധാന്തം മുന്നോട്ട് വെക്കുകയുണ്ടായി. വൈൻബർഗ്ഗ് നമ്മുടെ കാലഘട്ടത്തിലെ പ്രഗത്ഭനായ ശാസ്ത്രജ്നും പ്രമുഖനായ നാസ്തികനുമാണ്. അദ്ദേഹം പോലും പറഞ്ഞത് ബഹുത്വപ്രപഞ്ചം എന്ന സങ്കല്പം യാതൊരു പരീക്ഷണാത്മക തെളിവുകളുമില്ലാത്ത അത്യന്തം ഊഹത്തിലധിഷ്ഠിത സിദ്ധാന്തമാണെന്നാണ് (3)

വ്യക്തമായ ഒരു പ്രപഞ്ച സങ്കല്പത്തിന്നെതിരെ നിരീശ്വരവാദികൾ വളരെ സങ്കീർണ്ണമായ ഒരു അയഥാർത്ഥ പരികല്പന സങ്കല്പിച്ച് ഇരുട്ടുകൊണ്ട് ഓട്ടയടക്കാൻ ശ്രമിക്കുകയാണ്. അദൃശ്യനായ ദൈവത്തിന്റെ അനിഷേധ്യമായ അടയാളങ്ങൾക്ക് പകരം നിരീക്ഷണയോഗ്യമല്ലാത്ത അനന്തമായ സംഖ്യകളെ പ്രതിഷ്ഠിക്കാൻ നോക്കുകയാണ്. അത് ഹോളിവുഡിലെ സയിൻസ് ഫിക്ഷൻ ഫിലിം പോലെ സാങ്കല്പികം മാത്രമാണ്.

## പ്രകൃതിനിയമം

ഹാക്കിൻസിന്റെ ഈ ബഹുത്വപ്രപഞ്ചം മാതൃകകൾ അഥവാ പരിധിയില്ലാത്ത പ്രപഞ്ചങ്ങൾ ബ്ളാക്ക് ഹോളുകളുടെ തകർച്ചയിൽ നിന്നും ഉത്ഭവിക്കുന്നതാണ്. അത്തരം പ്രപഞ്ചം ആവിർഭവിക്കണമെങ്കിൽ മൂന്നുപാധിയായി ഭൗതിക നിയമങ്ങൾ ആവശ്യമാണ്. ഒരാൾക്കും തന്നെ അതിന് ഉത്തരം നൽകാൻ സാധിച്ചിട്ടില്ല (4) അപ്പോൾ ചോദ്യമിതാണ്. എങ്ങനെയാണ് ഈ ബൃഹത്തായ പ്രപഞ്ചനിയമം ആവിർഭവിച്ചത്? ആരാണ് ആ നിയമത്തിന്റെ സൂത്രവാക്യം രൂപകല്പന ചെയ്തത്? ആരാണ് മഹത്തായ ബഹുത്വചരകങ്ങളടങ്ങിയ വ്യത്യസ്തങ്ങളായ സൂത്രവാക്യങ്ങൾ രൂപപ്പെടുത്തിയത്? ആരാണ് ഈ സൂത്രവാക്യങ്ങൾക്ക് നിർദ്ധാരണം കണ്ടെത്തിയത്?


16

തീർച്ചയായും ഇത് അഗാധമായ ഉത്തരം ആവശ്യപ്പെടുന്നു. ജീവനില്ലാത്ത പ്രപഞ്ചത്തിന്റെ സൂക്ഷ്മ കണങ്ങൾ എങ്ങനെയാണ് മഹത്തായ ഗണിതനിയമങ്ങൾ അനുസരിക്കുന്നത്? ആജ്ഞകൾ അനുധാവനം ചെയ്യുന്നത്? ഒരു നിയാമകനെ കൂടാതെ എങ്ങനെയാണ് പ്രപഞ്ചം പ്രവർത്തിക്കുന്നത്?

പ്രപഞ്ചത്തിന്റെ അഗാധമായ നിയമാനുസാരിത്വം നാസ്തികരുടെ വീക്ഷണങ്ങൾക്ക് വിശദീകരിക്കാൻ സാധ്യമല്ല. ആധുനിക ശാസ്ത്രരംഗത്തെ ഏറ്റവും സ്വാധീനമുള്ള ഗണിതഭൗതീകജ്ഞനായ പോൾ ഡേവിസ് എഴുതുന്നു:

*പ്രകൃതി നിയമത്തിൽ ഉള്ളടങ്ങിയ ദൈവികമായ അന്തർ വ്യാപനം ഒഴിവാക്കുകയാണെങ്കിൽ പിന്നെ അതിന്റെ അസ്തിത്വം വെറും മിഥ്യയായിരിക്കും.*(5)

## സ്രഷ്ടാവിന്റെ സൃഷ്ടി

ഓക്സ്ഫോർഡിലെ പ്രശസ്തനായ പരിണാമ ജീവശാസ്ത്രജ്ഞനും പൊതുകാര്യപ്രസക്തനുമായ ശാസ്ത്രകാരൻ റിച്ചാർഡ് ഡാക്കിൻസ് അദ്ദേഹത്തിന്റെ 'The God Delusion' എന്ന പുസ്തകത്തിൽ ദൈവവിശ്വാസികൾക്കെതിരെ ഒരു വിമർശനം നടത്തുകയുണ്ടായി. 'പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ആവശ്യമാണെങ്കിൽ ആ സ്രഷ്ടാവായ ദൈവത്തെ സൃഷ്ടിച്ചത് ആരാണ്'. ആസ്തിക്യവാദികളുടെ ദൈവവിശ്വാസത്തിനെതിരെ എക്കാലത്തേയും വലിയ ഒരു വിമർ ശനം പോലെയാണ് ഡാക്കിൻസ് തന്റെ വാദം എഴുന്നള്ളിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീശുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ 'ഹസ്തി ബാരി തഅലാ' എന്ന പുസ്തകത്തിൽ ഇക്കാലത്ത് ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് ഇത്തരം ചോദ്യങ്ങൾ ഉണ്ടാകുമെന്ന് ഒരു ഹദീസ് ഉദ്ധരിച്ചുകൊണ്ട് പ്രസ്താവിച്ചിട്ടുണ്ട് എന്ന കാര്യം സ്മരണീയമാണ്.

ഈ ചോദ്യം വിശദമായി നാം പരിശോധിക്കുകയാണെങ്കിൽ അതിലടങ്ങിയ പ്രാമാണികയുക്തിയുടെ പരിമിതി നമുക്ക് മനസ്സിലാക്കാം. തർക്കശാസ്ത്രപരമായി ഈ ചോദ്യം ആദ്യകാരണത്തിൽ ആരോപിക്കാൻ സാധ്യമല്ല. അതായത് ദൈവം ആദികാരണമാണെങ്കിൽ ദൈവത്തെ ആര് സൃഷ്ടിച്ചു എന്ന ചോദ്യത്തിന് തർക്കശാസ്ത്രത്തിൽ സാംഗത്യമില്ല. ആദികാരണം ഒരു നിർവ്വചനം മുഖേനയുള്ളതും അസൃഷ്ടവുമായിരിക്കണം. നിരീശ്വരവാദി ഈ ആദ്യപ്രമേയത്തെ തന്നെ നിഷേധിക്കുകയാണ്. അതായത് തുടക്കമുള്ള ഏതൊന്നിനും ഒരു കാരണം ഉണ്ടാകണമെന്നില്ല.

ഒന്നുകിൽ സ്ഥലകാലത്തിന്നതീതനായി സർവ്വശക്തനും സർവ്വകാല സജീവനും സർവ്വജ്ഞാനിയുമായ ഒരു ബോധമനസ്സ് ഈ പ്രപഞ്ചം സൃഷ്ടിച്ചു. അല്ലെങ്കിൽ മനസോ ബോധമോ ഇച്ഛാശക്തിയോ ധിഷണാ വൈഭവമോ ഇല്ലാത്ത പ്രപഞ്ചത്തെ കേവല ശൂന്യതയിൽ നിന്നും പ്രകൃതിനിയമം അസ്തിത്വത്തിലേക്ക് കൊണ്ടുവന്നു. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ട ഈ രണ്ട് പരികല്പനയിൽ ഏതാണ് നാം തിരഞ്ഞെടുക്കുക. അതായത് ബോധശൂന്യമായ പ്രപഞ്ചമാണോ അതല്ലെങ്കിൽ ദൈവമാണോ ആദ്യകാരണം എന്നതാണ് തിരഞ്ഞെടുക്കേണ്ടത്. ആരാണ് ആദികാരണമാകാൻ ഏറ്റവും അനുയോജ്യം. ഈ രണ്ട് ചോദ്യത്തിൽ നമ്മുടെ ബുദ്ധിശേഷിയേയും യുക്തിബോധത്തേയും തൃപ്തിപ്പെടുത്തുന്ന ഉചിതമായ ഉത്തരമെന്താണ്.

## സ്രോതസിലെ ഏകത

ദൈവത്തിന്റെ അസ്തിത്വത്തിന് അനുഗുണമായ മറ്റൊരു വാദം സ്രോതസ്സിലെ ഏകതയാണ്. അതായത് വിശുദ്ധ ഖുർആന്റെ കർത്താവും പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഒന്നാകുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ ഹ്) തന്റെ *'വെളിപാട് യുക്തി ജ്ഞാനം സത്യം'* എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതുന്നു:

*'വേദഗ്രന്ഥങ്ങൾ ഒരു ശാസ്ത്രപാഠപുസ്തകമല്ല. അതിലടങ്ങിയിട്ടുള്ള ശാസ്ത്രസൂചകങ്ങൾ യാദൃച്ഛികവുമല്ല. അതിന്റെ മുഖ്യ ഉദ്ദേശം സ്രോതസ്സിലെ ഏകത സ്ഥാപിക്കുക എന്നതാണ്'*

വിശുദ്ധ ഖുർആൻ പറയുന്നു:

*'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു. പിന്നെ നാം അവയെ വേർപ്പെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ? (21:31)*

ബിഗ് ബാംങ്ങ് തിയറി പരികല്പനപ്രകാരമുള്ള ഒരു പ്രപഞ്ചോത്ഭവത്തെ കുറിച്ചാണ് ഈ ഖുർആൻ വചനം സൂചിപ്പിക്കുന്നത്. ജലത്തിൽ നിന്നുള്ള സൃഷ്ടികളുടെ ഉത്ഭവം സുസ്ഥാപിതമായ ഒരു ശാസ്ത്രസത്യമാണ്. ഈ വചനത്തിലെ ഏറ്റവും ശ്രദ്ധേയമായ വസ്തുതയെന്താണ്വെച്ചാൽ അവ പ്രപഞ്ചത്തിന്റെയും ജീവന്റെയും ഉത്ഭവത്തെക്കുറിച്ച് അവിശ്വാസികളെ അഥവാ നാസ്തികരെ വെല്ലുവിളിക്കുന്നു എന്നതാണ്. ഈ രണ്ട് വിഷ

യങ്ങളും ഏറ്റവും തീക്ഷ് ണമായ രീതിയിൽ ഇവിടെ ഇപ്പോൾ സംവാദത്തിന് വിധേയമായിക്കൊണ്ടിരിക്കുക യാണ്.

*'വെളിപാട്, യുക്തി, ജ്ഞാനം, സത്യം'* എന്ന പുസ്തകത്തിൽ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ ഹ്) ആയിരത്തിനാന്നൂറ് വർഷങ്ങൾക്ക് മുമ്പ് ഖുർആൻ ഉന്നയിച്ച ചില വിഷയങ്ങൾ ശാസ്ത്രം ഇയ്യിടെ മാത്രം കണ്ടെത്തിയതിനെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്.

## ഡാർവിനീയൻ പരിണാമം

പൊതുവേ ഡാർവിൻ സിദ്ധാന്തം ദൈവാസ്തിത്വ ത്തിനെതിരായ ഒരു തെളിവായാണ് കാണപ്പെടുന്നത്. The Blind Watchmaker എന്ന പുസ്തകത്തിൽ റിച്ചാർഡ് ഡാകിൻസ് പറയുന്നത് *'നാസ്തികവാദം ഡാർവിന് മുമ്പ് തന്നെ യുക്തിപരമായി നിലനില്ക്കുന്നു. ഡാർവിൻ അതിനെ ബുദ്ധിപരമായി പൂരിപ്പിച്ച ഒരു നാസ്തിക നാണ്'*എന്നാണ്.' ജീവന്റെ പരിണാമത്തിൽ പ്രകൃത്യാ തീതമായ ഒരു ശക്തിയുടെ പങ്ക് പൂർണ്ണമായും ഒഴിവാ ക്കി, പരിണാമത്തിന്റെ അന്തർധാരയായി വർത്തിക്കുന്ന ഡാർവിൻ സിദ്ധാന്തത്തെ പകരം വെക്കാവുന്നതാ ണെന്ന് ഡാക്കിൻസ് വാദിക്കുന്നു.

ഒരു കോശത്തിന്റെ തന്മാത്രാവിതാനത്തിലുള്ള പ്രവർത്തനങ്ങളും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ആർ.എൻ.എ. ഡി.എൻ.എ. എന്നീ ജനി തക വസ്തുക്കളുടെ മീതെയാണ് ഡാർവിനീയൻ തിയറി കെട്ടിപ്പടുത്തിരിക്കുന്നത്. ജീവന്റെ ഉത്ഭവത്തെക്കുറിച്ചോ അതിസങ്കീർണ്ണമായ ജനിതകവസ്തുക്കളുടെ ഉത്ഭവ ത്തെക്കുറിച്ചോ പരിണാമസിദ്ധാന്തം യാതൊരു വിശദീ കരണവും തരുന്നില്ല.

വളരെ ലളിതമായ ജീവിരൂപങ്ങളിൽ നിന്നും കോടാ നുകോടി വർഷത്തെ പരിണാമഫലമായിട്ടാണ് അതിസ ങ്കീർണ്ണമായ ജീവിരൂപങ്ങൾ നിലവിൽ വന്നതെന്ന സത്യം നാം അംഗീകരിക്കുന്നു. എന്നാൽ ഒരു പൂർവ്വ പിതാവിൽ നിന്നും ആകസ്മികമായ ഉൽപരിവർത്തന ത്തിലൂടെയും പ്രകൃതിനിർദ്ധാരണത്തിലൂടെയുമാണ് നിലവിൽ വന്നത് എന്ന ഡാർവീനിയൻ സാങ്കല്പിക സിദ്ധാന്തവുമായി കൂട്ടിക്കുഴക്കുകയാണ് ഡാർവിനിസ്റ്റു കൾ ചെയ്യുന്നത്. അതായത് ആകസ്മികമായ ഉൽപരി വർത്തനവും പ്രകൃതി നിർദ്ധാരണവുമാണ് എണ്ണമറ്റ ഈ ജീവിരൂപങ്ങളുടെ പരിണാമത്തിന് പിന്നിൽ പ്രവർത്തിച്ചത് എന്നാണ് ഡാർവിൻ സിദ്ധാന്തം പറയു ന്നത്. ഈ പരിണാമ ചരിത്രത്തിൽ ജീവികളുടെ ഒരുപാടു നഷ്ടപ്പെട്ട കണ്ണികൾ ഇപ്പോഴുമുണ്ട്. അതാണ് നമ്മെ ഈ സിദ്ധാന്തത്തെ സംശയത്തോടെ വീക്ഷി ക്കാൻ പ്രേരിപ്പിക്കുന്നത് (6)

മതമൗലികവാദികളെ പോലെ ഡാർവിനിസവും മിക്കപ്പോഴും സിദ്ധാന്തശാഠ്യത്തിലധിഷ്ഠിതമാണ്. പകരം വെക്കാൻ മറ്റൊരു സിദ്ധാന്തത്തിന്റെ അഭാവ ത്തിൽ തെളിവുകളില്ലാതിരുന്നിട്ടും ജീവന്റെ വിശദീക രണത്തിന്നായി റിച്ചാർഡ് ഡാകിൻസും, സ്റ്റീവൻ പിൻകറും പ്രകൃതിനിർദ്ധാരണതത്വം മുന്നോട്ടുവെക്കു ന്നു. ശാസ്ത്രമാകട്ടെ തെളിവുകളുടെ അടിസ്ഥാനത്തി ലുള്ളതാണു താനും.

ഡാർവിനിസത്തെ എതിർക്കുന്ന ശാസ്ത്രജ്ഞന്മാർ ഇപ്പോഴും വളരെ ന്യൂനപക്ഷമാണ്. പക്ഷേ ശാസ്ത്ര സമൂഹത്തിൽ നിന്നും ഡാർവിനിസത്തോടുള്ള വിയോ ജിപ്പ് വർദ്ധിച്ചുവരികയാണ്. ഈയ്യിടെ നൂറോളം പ്രഗ ത്ഭരായ മതവിശ്വാസികളും മതരഹിതരായ ശാസ്ത്ര ജ്ഞന്മാരും കൂടി ഒരു പൊതുപ്രഖ്യാപനം നടത്തുക യുണ്ടായി.

'ജീവന്റെ അതീസങ്കീർണ്ണത ആകസ്മികമായ ഉൽപരിവർത്തനം (mutation) മുഖേനയും പ്രകൃതി നിർദ്ധാരണം വഴിയും സംഭവിച്ചതാണെന്ന് വാദം സംശയഗ്രസ്ഥമാണ്. ഡാർവിനീൻ സിദ്ധാന്തത്തിന്റെ തെളിവിന്നായി കൂടുതൽ സൂക്ഷ്മമായ വിശകലനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.(7)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ് മദ് (റഹ്) 'വെളി പാട്, യുക്തി, ജ്ഞാനം, സത്യം' എന്ന പുസ്തകത്തിൽ തത്തുല്യമായ സംശയങ്ങളുയർത്തുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

സൃഷ്ടിയുടെ എല്ലാ ചുവടുവെപ്പിലും നിർണ്ണായക തീരുമാനമെടുക്കുന്നത് അന്ധമായ പ്രകൃതിനിർദ്ധാരണ മല്ല. ദൈവത്തിന്റെ ഇച്ഛയാണ്. (8) (തുടരും)


1. 'The Mind of God' the scientific basis for a Rational World - Paul Davis - New York 1993.
2. The Fire in the Equations, Science Religions and the Search for God. - K. Ferguson - Philadelphia - 1994.
3. A Brief History of Time - Stephen Hawking, New York - 1998.
4. 'Dreams of Final Theory' - Steven Weinberg - 1993.
4. 'The fire in the Equations'
6. http.www.reviewevolutions.com
7. Revelation Rationality Knowledge and Truth - Hadrath Mirza Tahir Ahmed.
8. Facing up Science and its Cultural Adversaries - Steven Wainberg, 2001



18

മധു ജയ്ൻ

ലേഖനം

# ഡോ. അബ്ദുസ്സലാമിന്റെ സ്വകാര്യ ലോകം

**നോബൽ സമ്മാന ജേതാവായതിന് ശേഷം തന്റെ ജന്മനാടായ ഇന്ത്യയിലേക്ക് ആദ്യമായി വന്ന അബ്ദുസ്സലാമിനെ അനുഗമിച്ച ലേഖകൻ 'ന്യൂ ഡൽഹി' മാഗസിനിൽ 1981 ഫെബ്രവരി മാർച്ച് ലക്കത്തിൽ എഴുതിയ ലേഖനം.**



*ഡോ. അബ്ദുസ്സലാം ഖാദിയാൻ സന്ദർശിച്ചപ്പോൾ - ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ നമസ്കാരം നിർവ്വഹിക്കുന്നു*

മുടിയനായ പുത്രന്റെ കഥക്ക് ഈ ഉപഭൂഖണ്ഡത്തിൽ ഒരു സവിശേഷമായ അർത്ഥവ്യത്യാസമുണ്ട്. വീട്ടിൽ നിന്ന്, പുറത്ത് പോയി അലഞ്ഞു നടന്ന് നന്നായിത്തീർന്ന 'മകന്റെ' പിന്നാലെ പോവുന്നത് 'പിതൃഭൂമി' യാണ് എന്നതാണ് കഥയുടെ വ്യതിയാനം. പരമാംഗീകാരമായ നോബൽ സമ്മാനം ലഭിച്ചപ്പോൾ ഹർഗോവിന്ദ് ഖൊരാനയുടെയും അബ്ദുസ്സലാമിന്റെയും അടുത്തേക്ക് പുഷ്പകിരീടങ്ങൾ കുതിച്ചു വന്നു. പരിശ്രമിച്ചിട്ടും ഇന്ത്യയിൽ ഒരു ജോലി ലഭിക്കാതിരുന്ന ആദ്യത്തെയാൾക്ക് പുഷ്പകിരീടം അല്പം മുള്ളുനിറഞ്ഞതായിരുന്നു.

1954 മുതൽ വിദേശത്ത് ജീവിച്ച (അദ്ദേഹത്തിന്റെ സമയം മുഴുവൻ ചിലവിട്ടത് ലണ്ടനിലെ ഇമ്പീരിയൽ കോളേജിലും ട്രീസ്റ്റിയിലെ ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സിലുമായിരുന്നു) പാകിസ്താനി ഊർജ്ജതന്ത്രജ്ഞൻ അമ്പത്തഞ്ച് വയസ്സുകാരനുമായ പ്രൊഫ. അബ്ദുസ്സലാമിന് 1979ൽ നോബൽ സമ്മാനം ലഭിച്ചപ്പോൾ അദ്ദേഹത്തിന് 'സിതാരെ പാകിസ്താൻ' ബഹുമതി നൽകാൻ പ്രസിഡണ്ട് സിയാവുൽ ഹഖിന് തിടുക്കമായി. "നോബൽ സമ്മാനാർഹനായ ഏക മുസ്ലിമി"നെ അദ്ദേഹം ആദ്യം വിമാനമിറങ്ങിയ കറാച്ചിയിൽ നിന്ന് ഇസ്ലാമാബാദിലേക്ക് കൊണ്ടുവരാൻ സിയാവുൽ ഹഖ് ഒരു പ്രത്യേക വിമാനം ഏർപ്പാടു ചെയ്യുകയുണ്ടായി. 1974ൽ അമുസ്ലിമാണെന്ന് മുദ്രകുത്തി നിയമനിർമ്മാണം നടത്തി ഭൂട്ടോ ഇസ്ലാമിൽ നിന്ന് പുറത്താക്കിയ അഹ്മദിയ്യാ കക്ഷിയിൽപ്പെട്ട ആളാണു മഹാനായ പ്രൊഫസർ എന്ന കാര്യം ആ സന്ദർഭത്തിൽ തൽക്കാലത്തേക്കെങ്കിലും സിയാവുൽ ഹഖ് വിസ്മരിച്ചുപോയി.

അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച ആ നിയമത്തിന്റെ കാര്യത്തിൽ ജനറൽ അതുവരെ ഒന്നും ചെയ്തിരുന്നില്ല. നിയമം മാറ്റാൻ ആവശ്യപ്പെട്ടപ്പോൾ അതിനുവേണ്ടി ഒരു സൈ നികേതര


19



*ഡോ. അബ്ദുസ്സലാം പഞ്ചാബിലെ തന്റെ ഗുരുനാഥന്മാരായ ഈശ്വർകുമാർ, ഹാൻസ് രാജ് ബട്ട്ല എന്നിവരോടൊപ്പം.*

ഗവൺമെന്റിനുവേണ്ടി കാത്തിരിക്കേണ്ടി വരും എന്നാണ് അദ്ദേഹം പ്രൊഫസ്സറോട് പറഞ്ഞത്. ഈ പ്രശ്നം ചർച്ച ചെയ്യാൻ ഡോ. അബ്ദുസ്സലാം തീരെ ഇഷ്ടപ്പെട്ടിരുന്നില്ലെന്നാണ് മനസ്സിലാവുന്നത്. പക്ഷേ, ഒരു സിവിലിയൻ സർക്കാരിന് വേണ്ടിയുള്ള കാത്തിരിപ്പിനെ സംബന്ധിച്ചേടത്തോളം അത് വെറും ഒരു ഭംഗിവാക്കായിരുന്നു. എന്നിരിക്കിലും നോബൽ സമ്മാനത്തിന്റെ പ്രതിരൂപം സ്വീകരിക്കുന്നതിന് പാകിസ്താൻ അസംബ്ലി പാസാക്കിയ നിയമം സിയാവുൽ ഹഖിന് തടസ്സമായിരുന്നില്ല. (സ്വർണ്ണത്തിലുള്ള ഒറിജിനൽ മെഡലിന്റെ തൂക്കം 200 ഗ്രാം ആണ്).

ഇന്ത്യക്കാർ തങ്ങളുടെ ആവേശത്തിൽ ഒരു കുറവും കാണിച്ചില്ല. പ്രൊഫസറുടെ മൂന്നാഴ്ച നീണ്ട ഇന്ത്യാസന്ദർശനവേളയിൽ അദ്ദേഹത്തിന് വീരോചിതമായ സ്വീകരണമാണ് നല്കപ്പെട്ടത്; യുദ്ധരംഗത്ത് നിന്നു വിജയശ്രീലാളിതനായി വരുന്ന പട്ടാളക്കാർക്ക് നല്കപ്പെടുന്നതുപോലെയുള്ള വരവേല്പ്. അലീഗറിൽ അദ്ദേഹം ബിരുദദാനപ്രസംഗത്തിന് വന്നപ്പോൾ വർണ്ണശബളമായ ഘോഷയാത്രയിൽ അശ്വങ്ങളുമുണ്ടായിരുന്നു. ഗുരുനാനാക്ക് യൂനിവേഴ്സിറ്റിയിലും അപ്രകാരം തന്നെയായിരുന്നു. അവിടെ അദ്ദേഹം ബിരുദദാന പ്രഭാഷണം നടത്തിയത് ഝംഗ് ചുവയിലുള്ള പഞ്ചാബിഭാഷയിലായിരുന്നു പഞ്ചാബി മണ്ണിന്റെ മക്കൾ ഈ പുത്രന്റെ നേട്ടങ്ങളിൽ ആത്മാഭിമാനത്തോടെയായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടിരുന്നത്.

അദ്ദേഹം പോയ സ്ഥലങ്ങളിലെല്ലാം ഓട്ടോഗ്രാഫിനുവേണ്ടി ആളുകൾ അദ്ദേഹത്തെ വലയം ചെയ്തു, ഇന്ത്യൻ എയർലൈൻസിലെ വൈമാനികൻ മുതൽ പഞ്ചാബിലെ ഒരു ചൗക്കിധാർ വരെ. മാദ്ധ്യമങ്ങളിൽ അദ്ദേഹം നിറഞ്ഞു നിന്നു. യഥാർത്ഥത്തിൽ ഒരുപോപ് ഗായകനെ ആശംസിക്കുന്നതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല അദ്ദേഹത്തിന് മേൽ ചൊരിയപ്പെട്ട മുഖസ്തുതി. 'ഒരു താരമായിത്തീർന്നതിൽ താങ്കൾക്ക് എന്ത് തോന്നുന്നു' ഞാൻ പ്രൊഫസറോട് ചോദിച്ചു. "അത് ബീറ്റ്ൽസിനെപ്പോലെയായിരുന്നു" എന്ന് അദ്ദേഹം നീരസത്തോടെ പറഞ്ഞു. ശാസത്രത്തിന്റെ ദന്തഗോപുരത്തിൽനിന്ന് തുടങ്ങി മുഖസ്തുതിയുടെ തീഷ്ണപ്രഭയിലേക്കുള്ള ഒരു രാജവീഥി ഉണ്ടായിരിക്കണം. പക്ഷേ, ഡോ. സലാം ഉറച്ച കാൽവെപ്പുകളോടെയാണ് ആ വീഥിയിലൂടെ നടന്നുനീങ്ങിയത്. അതിനെ കാണുന്നത് തികച്ചും തീരുമാനിക്കപ്പെട്ട പുരോഗതിയായാണ്. "എനിക്ക് 14 വയസ്സുള്ളപ്പോൾ എന്റെ വിദ്യാലയത്തിലെ റിക്കോർഡ് തകർ ത്തു കൊണ്ട് ഞാൻ പ്രസിദ്ധിയാർജ്ജിച്ചപ്പോൾ തന്നെ ഞാൻ താരപ്രഭയിലായിരുന്നു." പ്രൊഫ. സലാം പറഞ്ഞു.

നോബൽസമ്മാനത്തിന് പിന്നിലുള്ള മനുഷ്യനെ അറിയാൻ ഞങ്ങൾ ആഗ്രഹിച്ചു. അങ്ങനെ, ഡോ. അബ്ദുസ്സലാമിനോടൊപ്പം ഞങ്ങൾ അമൃത്സറിലേക്ക് പോയി. പ്രൊഫസറുമായി അഭിമുഖം നടത്താൻ പറ്റിയ സമയമായിരുന്നില്ല. ഭാഗ്യവശാൽ വിമാനത്തിൽ അദ്ദേഹത്തിന്റെ അടുത്ത ഇരിപ്പിടമാണ് ഞങ്ങൾക്ക് ലഭിച്ചത്.

പ്രഭാതത്തിലെ "ടൈംസ് ഓഫ് ഇന്ത്യ' പത്രത്തിൽ ഡോ. അബ്ദുസ്സലാമിനെക്കുറിച്ച് ഇന്ദർ മൽഹോത്രയുടെ ഒരു ലേഖനം ഉണ്ടായിരുന്നു. അതിലെ മിക്കവാറും വസ്തുതകൾ തെറ്റായിരുന്നുവെന്ന് ഡോ. അബ്ദുസ്സലാം പറഞ്ഞു. സത്യത്തിൽ അദ്ദേഹവുമായി അഭിമുഖം (ഇന്ദർ മൽഹോത്രയുമായി) ഉണ്ടായിരുന്നില്ല. ആ പത്രപ്രവർത്തകനുമായുണ്ടായ സംഭാഷണം അക്ഷരാർത്ഥത്തിൽ ''ഹലോ, ഗുഡ് ബൈ" നിലയ്ക്കുള്ളതായിരുന്നു. അണുവായുധപ്രശ്നത്തിൽ ഉണ്ടായിരുന്ന വിയോജിപ്പ് കാരണം 1974ൽ ഭൂട്ടോ ഡോ. അബ്ദുസ്സലാമിനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടതായി ആ ലേഖനത്തിൽ വ്യംഗ്യ


ഒരാൾക്ക് അവിടം തികച്ചും വ്യത്യസ്തമായ ഒരു ലോകമായിരുന്നു. അവിടത്തെ കെട്ടിടങ്ങൾക്ക് കുറുകെ കടലാസ്സു തോരണങ്ങൾ കെട്ടിയിരുന്നു. 'വിജയശ്രീലാളിതനായ തങ്ങളുടെ പുത്രനെ' സ്വാഗതം ചെയ്യാൻ പട്ടണവാസികൾ മുഴുവൻ ആ ചത്വരത്തിൽ ഒരുമിച്ചുകൂടിയതായിത്തോന്നി. അത് മിക്കവാറും വീട്ടിലേക്ക് മടങ്ങിവരുന്ന ഒരു ചടങ്ങായിരുന്നു. നോബൽ ജേതാവിനെ വഹിച്ച കാറിനെ അനുഗമിക്കാൻ ഖാദിയാനിലെത്തുന്നതിന്നു 3 കിലോമീറ്റർ മുമ്പ് മുതൽ തന്നെ മോട്ടോർ സൈക്കിളിൽ ഒരു ദൂതനെ നിയമിച്ചിരുന്നു. കാർ ദൃഷ്ടിയിൽപെട്ട ഉടനെ ആ ആൾ ഉടനെ വേഗത്തിൽ തിരിച്ചുപോയി എല്ലാവരോടും സ്വസ്ഥാനത്ത് തന്നെ നില്പ്പുറപ്പിക്കാൻ ആജ്ഞ നൽകി. അക്ഷരാർത്ഥത്തിൽ തന്നെ നൂറുകണക്കിനാളുകൾ സലാമിന് വ്യക്തിപരമായി ആശംസകളർപ്പിക്കാൻ വരിവരിയായി നടന്നുനീങ്ങി. ഒരു വലിയ സംഘം ആളുകൾ അദ്ദേഹത്തെ കാണാനായി കാശ്മീരിൽ നിന്ന് വന്നിരുന്നു. കുറച്ചകലെ വീടുകളുടെ മട്ടുപ്പാവുകളിൽ ബുർഖ ധരിച്ച സ്ത്രീകൾ നിൽ ക്കുന്നുണ്ടായിരുന്നു. എന്നാൽ കുട്ടികൾ ഒരിക്കലും അവസാനിക്കാത്തതെന്നു തോന്നുന്ന വരിയിൽ നില്ക്കുന്നുണ്ടായിരുന്നു. ഡോ. സലാം ഓരോരുത്തരേയും ഹൃദയംഗമമായി എതിരേറ്റു. തിങ്ങി നിറഞ്ഞ താടിയുള്ള അദ്ദേഹത്തിന്റെ കവിൾത്തടങ്ങളിൽ അരുണിമ പരക്കുകയും കറുത്ത ഫ്രെയിമുള്ള കണ്ണടയുടെ പിന്നിൽ അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങുകയും ചെയ്തു. (തുടരും)

*('New Delhi' February 16 - March 1981)*
**വിവർത്തകൻ : കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

ഹമായിരുന്നു ഝംഗിൽ ആദ്യമായി ഡോ. അബ്ദുസ്സലാമിനെ ഊർജ്ജതന്ത്രം പഠിപ്പിച്ചത്. ഡോ. സലാം തന്നോടൊപ്പം അദ്ദേഹത്തെ അമൃതസറിലേക്ക് കൂട്ടിയിരുന്നു. ബിരുദാനന്തരദാനപ്രസംഗത്തിൽ ഗുരുനാഥന്മാരോട് തനിയ്ക്കുള്ള കടപ്പാടിനെക്കുറിച്ച് വികാരഭരിതനായി സംസാരിക്കുകയും ചെയ്തിരുന്നു. വളരെ താമസിച്ച് വൈകുന്നേരമാണ് ഖാദിയാനിൽ (1889ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിച്ചത് അവിടെയാണ്) വെച്ച് ഞങ്ങൾ ആ ശാസ്ത്രജ്ഞന്റെ പിന്നിലുള്ള മനുഷ്യനെക്കുറിച്ച് അല്പമൊന്നറിയുന്നത്. യഥാർത്ഥത്തിൽ ഞങ്ങൾ ഖാദിയാനിലേക്ക് പോകാനുദ്ദേശിച്ചിരുന്നില്ല. ഞങ്ങളുടെ യാത്ര നിഷ്ഫലമായിപ്പോകുകയാണെന്ന് മനസ്സിലാക്കിയ പ്രൊഫസർ ഝംഗിലെ സ്കൂളിലെ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന ഒരു പഴയ സുഹൃത്തായ ഗുരുബക്ഷ്സിംഗിന്റെ കൂടെ ഞങ്ങളെ ഗുരുദാസ്പൂരിലെ ആ പട്ടണത്തിലേക്ക് കൊണ്ടുപോകുകയായിരുന്നു. ഖാദിയാൻ ആസ്ഥാനത്തിന്റെ കവാടത്തിലൂടെ പ്രവേശിക്കുന്ന

സൂചനയുണ്ടായിരുന്നു. വാസ്തവത്തിൽ, അഹ്മദിയ്യാ പ്രശ്നത്തിൽ ആ ശാസ്ത്രജ്ഞൻ രാജിവെക്കുകയായിരുന്നു. കൂടാതെ 1950കളിൽ ഡോ. അബ്ദുസ്സലാം ഡൽഹി സർവ്വകലാശാലയിൽ ജോലിക്കപേക്ഷിച്ചിരുന്നുവെന്നും ലേഖനത്തിൽ പറഞ്ഞിരുന്നു. അങ്ങനെയൊരു സംഭവം ഒരിക്കലും ഉണ്ടായിരുന്നില്ല.

ജന്മദേശത്തേക്ക്: ശാസ്ത്രജ്ഞന്റെ സൗഹൃദം സമാർജ്ജിക്കുമ്പോഴേക്കും വിമാനം ഇറങ്ങാറായിരുന്നു. മേഘങ്ങൾ ഒഴിഞ്ഞുപോയപ്പോൾ സുവർണ്ണക്ഷേത്രത്തിന്റെ സുവർണ്ണഗോപുരം ദൃഷ്ടിയിൽപ്പെടുമാറായി. പഞ്ചാബിന്റെ മണ്ണിൽ നോബൽ ജേതാവ് വർദ്ധിച്ചുവരുന്ന ജനക്കൂട്ടത്തിൽ ആരാധകവൃന്ദത്തിൽ ലയിച്ചുചേർന്നു. അവർ അദ്ദേഹത്തെ ഗുരുനാനാക്ക് ദേവ് സർവ്വകലാശാലാ കാമ്പസ്സിലേക്ക് കൊണ്ടുപോയി. അദ്ദേഹത്തെ പിന്നിലേക്ക് താഴ്ത്തിയിട്ട മേലങ്കി ധരിപ്പിച്ചു. പിന്നെ അദ്ദേഹത്തെ കാണുന്നത് വേദിയിൽ വെച്ചാണ്. മറുവശത്ത് ആരാധനാപൂർവ്വം അദ്ദേഹത്തിന്റെ പഴയ പ്രൊഫസർ ഹൻസ്‌രാജ് ഭട്ട് ഉണ്ടായിരുന്നു. അദ്ദേ



*ഡോ. അബ്ദുസ്സലാമിന് ഖാദിയാനിൽ സ്വീകരണം*


21

ലേഖനം

എ.എം. മുഹമ്മദ് സലീം

# യേശു: സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ

**യേശുവിനെപ്പറ്റി ബൈബിൾ പറയുന്ന നിഗൂഢയാഥാർത്ഥ്യങ്ങൾ സത്യാന്വേഷികൾക്ക് മുമ്പിൽ സമർപ്പിക്കുന്നു. ക്രിസ്റ്റ്യൻ ഫെയ്ത്ത് ഡിഫന്റേഴ്സ് ഫോറം നേതാവ് കെ.വി. സെബാസ്റ്റ്യൻ 'ബ്യൂറോ ടൈംസ്' (ഡിസംബർ 2009)ൽ എഴുതിയ ലേഖനത്തിനോടുള്ള പ്രതികരണം.**

മനുഷ്യൻ കിടിലംകൊള്ളുന്ന മഹാപീഡനങ്ങൾ ദൈവത്തിന് വേണ്ടി സഹിച്ച ഉജ്ജ്വല തേജസ്സിയായ പ്രവാചകനാണ് യേശു. ക്രൈസ്തവ ഇസ്‌ലാം മതങ്ങളിലെ കോടിക്കണക്കിന് വിശ്വാസികൾ ആ മഹാത്മാവിനെ ആദരപൂർവ്വം സ്മരിക്കുന്നു. ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ കന്യാമറിയത്തിന്റെ പുത്രനായി ജനിച്ച യേശു കാൽവരിയിലെ മരക്കുരിശിൽ മൃത്യുന്മുഖനായി നിസ്സഹായനായി തൂങ്ങിനിന്നപ്പോൾ ആ പുണ്യാത്മാവിന്റെ തിരുവക്ത്രത്തിൽ നിന്നും മനമുരുകിയ ദീനവിലാപം പുറത്തേക്കു വന്നു. *'എലീ ഏലി ലമാ ശബക്താനീ'* 'എൻ ദൈവമേ എൻ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?'

യഹൂദപ്പരിശകൾ ആ ദൈവദൂതനെ ഹീനമായി ഭത്സിച്ചു, ക്രൂരമായി പ്രഹരിച്ചു. ഞാണങ്ങാ കോൽകൊണ്ട് തലക്കടിച്ചു. ആ തിരുവദനത്തിൽ കാർക്കിച്ചുതുപ്പി. അവർ പറഞ്ഞു: *'മന്ദിരം പൊളിച്ചു മൂന്നുനാൾ കൊണ്ട് പണിയുന്നവനേ നിന്നെതന്നെ രക്ഷിക്ക. എങ്കിൽ നീ കുരിശിൽ നിന്ന് ഇറങ്ങിവരൂ! നീ ഇസ്രയേലിന്റെ രാജാവ് ആകുന്നു, എങ്കിൽ ഇപ്പോൾ കുരിശിൽ നിന്നും ഇറങ്ങി വരട്ടെ. ദൈവത്തിന് ഇവനെ വേണമെങ്കിൽ ദൈവം ഇവനെ ഇപ്പോൾ വിടുവിക്കട്ടെ....'* (ബൈബിൾ)

ദൈവത്തിന്റെ ആ സംപ്രീത ദാസനെ ദൈവം കൈവെടിഞ്ഞില്ല. യഹൂദരുടെ കുതന്ത്രങ്ങളും പീഡനങ്ങളും അതിജീവിച്ച് യേശു കുരിശിൽ മരിക്കാതെ ജീവനോടെ ഇറങ്ങി വന്നു!! പാവനമായ ഫലസ്തീൻ മണ്ണിലൂടെ നടന്നുനീങ്ങി. തന്റെ ദിവ്യദൗത്യത്തിന്റെ പൂർത്തീകരണത്തിന്നായി ഇസ്രയേൽ ഗൃഹത്തിലെ കാണാതെപോയ ഗോത്രങ്ങളെ തേടി വിദൂരസ്ഥമായ കിഴക്കൻ ദിക്കുകളിലേക്ക് പദയാത്രികനായി നടന്നുപോയി. ഒരു പ്രവാചകനും സ്വന്തം നാട്ടിൽ ബഹുമാനിതനല്ല എന്ന തന്റെ സ്വന്തം വചനത്തെ സാർത്ഥകമാക്കിക്കൊണ്ട് യേശു അന്യദേശത്ത്, ഭാരതത്തിന്റെ വടക്കൻ ദേശമായ കശ്മീരിൽ എത്തിച്ചേർന്നു. സംഭവബഹുലമായ മഹൽ ജീവിതത്തിനൊടുവിൽ ആ മഹാത്യാഗി കശ്മീരിലെ ശ്രീനഗറിൽ ആത്മശാന്തിയുടെ നിറവിൽ ദിവംഗതനായി. ഒരു കാര്യം നാമോർ ക്കണം. മനുഷ്യനായ യേശു ദൈവത്തിന്റെ പേരിൽ വരിച്ച അനർഘമായ ത്യാഗങ്ങളാണ് ആ ദിവ്യാത്മാവിനെ മഹത്വത്തിലേക്കുയർത്തുന്നത്. 'ദൈവപുത്രൻ' എന്ന അന്ധവിശ്വാസജഡിലമായ അമാനുഷിക വിശേഷണം യേശുവിന്റെ ത്യാഗത്തെ വാസ്തവത്തിൽ നിരർത്ഥകമാക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല, യേശുവിനെ ദൈവം സന്മാർഗ്ഗദർശനത്തിനാണ് അയച്ചതെങ്കിൽ അദ്ദേഹം പൂർണ്ണമായും മനുഷ്യനായിരിക്കണമെന്നത് നിർബന്ധമാണ്. ദൈവമോ ദൈവപുത്രനോ ആയ ഒരാളുടെ പ്രവർത്തനങ്ങളേയും വിചാരങ്ങളേയും മനുഷ്യരായ നമുക്ക് അനുകരിക്കാനോ മാതൃകയാക്കാനോ സാധ്യമല്ല എന്ന ലളിതസത്യം ദൈവത്തിന് അറിയാതെ പോയെന്നാണോ? ഭക്ഷണം കഴിക്കുകയും വേദനിക്കുകയും, കരയുകയും ഉറങ്ങുകയും ചെയ്ത യേശു പൂർണ്ണമായും മനുഷ്യനല്ലാതെ മറ്റാരാണ്?

മതപുരുഷന്മാർക്ക് സംഭവിക്കുന്ന ഇതിഹാസവത്ക്കരണത്തിന് യേശുവും വിധേയമായിരിക്കുന്നു. അതിശയങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും അവാസ്തവങ്ങളുടേയും ആയിരം തിരസ്കരണികൾ കൊണ്ട് ആച്ഛാദിതനാണ് യേശു. അംഗുലീപരിമിതമായ അനുയായികളോടൊപ്പം സത്യത്തിന്റെ പേരിൽ



22

മഹാത്യാഗങ്ങൾ സഹിച്ച യേശു തെറ്റായി മനസ്സിലാക്കപ്പെടാൻ പാടില്ല. അവാസ്തവങ്ങൾ എത്ര വ്യവസ്ഥാപിതമായിരുന്നാലും, കാലപ്പഴക്കമേറിയതായാലും, പ്രചുരപ്രചാരം സിദ്ധിച്ചതായാലും സത്യാന്വേഷികളായ യേശുവിന്റെ അനുയായികൾ സത്യം തിരിച്ചറിയണം. യേശുവിന്റെ ആ മഹ്ദവചനം നാമോർക്കുക. ***'നിങ്ങൾ സത്യം അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും'*** (യോഹ: 8:32).

നൂറ്റാണ്ടുകൾ നീണ്ട അവ്യക്തതകൾക്കും നിഗൂഢതകൾക്കും ശേഷം വിശുദ്ധ ബൈബിളിന്റേയും വിശുദ്ധ ഖുർആന്റേയും ചരിത്രവസ്തുതകളുടേയും ശാസ്ത്രത്തിന്റെയും ആധികാരികതയിൽ ക്രിസ്തുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന സത്യങ്ങൾ ലോകത്തിന് മുമ്പിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. നൂറു വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് മുന്നോട്ടുവെച്ച അനിഷേധ്യസത്യങ്ങളുടെ പരിപ്രേക്ഷ്യത്തിൽ യേശുവിനെ സംബന്ധിച്ച നിഗൂഢതകൾ ഏറ്റവും ചുരുക്കത്തിൽ അനാവരണം ചെയ്യാനുള്ള എളിയ ശ്രമമാണിത്.

## യേശുവിന്റെ ജനനം

പിതാവില്ലാതെയാണ് യേശു ജനിച്ചതെന്ന് ബൈബിളും ഖുർആനും സാക്ഷ്യപ്പെടുത്തുന്നു. പിതാവില്ലാതെ ജനിച്ചു എന്നത് കൊണ്ട് യേശു ദൈവത്തിന്റെ പുത്രനാകുന്നില്ല. ദൈവപുത്രൻ എന്ന വിശേഷണം കേവലം ആലങ്കാരികം മാത്രമാണ്. മറ്റു പലരേയും ബൈബിൾ ദൈവപുത്രൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. യേശുവിനെ ദൈവത്തിന്റെ ജൈവപുത്രൻ എന്ന് അർത്ഥം നൽകുകയാണെങ്കിൽ അത് ദൈവമഹത്വത്തിൽ കളങ്കം ചേർക്കലും അയുക്തികവുമാണ്. പിതാവില്ലാതെ ജനിച്ചതുകൊണ്ട് യാതൊരു മഹത്വവും സംജാതമാവുന്നില്ല. ബൈബിൾ പുതിയനിയമത്തിൽ പിതാവും മാതാവുമില്ലാതെ ജനിച്ച മൽക്കീ സെദെക്ക് രാജാവിന്റെയും (എബ്രാ 7:3) ആദാമിന്റെയും (ഉല്പത്തി 2:7) കഥയുണ്ട്. ഇവർ മാതാവും പിതാവും ഇല്ലാതെ ജനിച്ചുവെന്ന് ബൈബിൾ വിവരിച്ചിട്ടും അവരുടെ പിതൃത്വം ആരും ദൈവത്തിൽ ആരോപിച്ചിട്ടില്ല.

വാസ്തവത്തിൽ ചാരിത്ര്യവതിയും പരിശുദ്ധയുമായ യേശുവിന്റെ മാതാവിൽ സംഭവിച്ചത് അസാധാരണമായ ഒരു പ്രത്യുൽപാദന പ്രതിഭാസമാണ്. ഉഭയലിംഗത്വം (Hermophroditism) എന്നറിയപ്പെടുന്ന ഈ ജൈവിക പ്രതിഭാസം അത്യപൂർവ്വമായി മനുഷ്യനിലും സംഭവിക്കുന്നു. പുംബീജവും (Sperm) അണ്ഡവും (Ovum) സ്ത്രീശരീരത്തിൽ ഉല്പാദിക്കപ്പെടുന്ന അവസ്ഥയാണിത്. നോക്കുക: Journal of Fertility - Sterility - Feb. 1992N, Nature Genetics Oct 1995). യേശുവിന്റെ മാതാവിലെ ഈ ജൈവികാവസ്ഥയെപറ്റി ഖുർആനിൽ സൂചനകളുണ്ട്.

*'പിന്നീട് അവൾ (മർയംബീവിയുടെ മാതാവ്) പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ (മർയംബീവി) പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും അറിവുള്ളവനാണ്. ആൺകുഞ്ഞ് പെൺകുഞ്ഞിനെപ്പോലെയല്ല. (പക്ഷേ) നാം അവൾക്ക് മർയം എന്ന് നാമകരണം ചെയ്തിരിക്കുന്നു'* (ആലു ഇംറാൻ 3:37)

യേശുവിന്റെ മാതാവിൽ സംഭവിച്ച ജൈവിക പ്രതിഭാസത്തെക്കുറിച്ച് വിധിപറയാൻ ആധുനിക ജീവശാസ്ത്രത്തിന് കഴിയും. നാം മുൻവിധികളില്ലാതെ ശാസ്ത്രത്തെ സമീപിക്കുക.

## കുരിശ് സംഭവം, യാഥാർത്ഥ്യമെന്ത്?

യഹൂദർക്കിടയിൽ യേശു തന്റെ പ്രേഷിത പ്രവർത്തനം ആരംഭിച്ചപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചു. എന്നു മാത്രമല്ല, ശപ്തനാക്കി കുരിശിൽ തറച്ചു കൊല്ലാനും പദ്ധതിയിട്ടു. കാരണം ബൈബിൾ പഴയ നിയമത്തിൽ *'മരത്തിൽ തൂക്കിക്കൊല്ലപ്പെടുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവൻ'* (ആവ. 21:22) എന്ന വചനം പ്രാവർത്തികമാക്കി യേശുവിനെ ശപ്തനാക്കാനായിരുന്നു അവരുടെ ഗൂഢോദ്ദേശം. പക്ഷേ, ദൈവം ആ ഗൂഢതന്ത്രത്തിൽ നിന്നും യേശുവിനെ രക്ഷിച്ചു. അതായത്, യേശു കുരിശിൽ മരിച്ചില്ല എന്ന് ബൈബിൾ വചനങ്ങളിൽ നിന്നും നമുക്ക് ഗ്രഹിക്കാം.

യേശുവിന്റെ നിഷ്കളങ്കമുഖം ദർശിച്ച മാത്രയിൽ തന്നെ പീലാത്തോസ് അദ്ദേഹത്തിന്റെ സത്യവും നിരപരാധിത്വവും തിരിച്ചറിഞ്ഞിരുന്നു. *'ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല' (ലൂക്കാ: 23:4)* എന്ന് പറഞ്ഞു. തിരുനാളിന്റെ ആനുകൂല്യം കണക്കാക്കി യേശുവിനെ വിട്ടയക്കാനും പീലാത്തോസ് ശ്രമിച്ചു. (മത്താ: 27:15, മാർ 15:6-15, ലൂക്കോ 23:180). മാത്രമല്ല, വിചാരണവേളയിൽ ന്യായാസനത്തിലേക്ക് തന്റെ ഭാര്യ ഒരാളെ അയച്ച് *'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്' (മത്താ: 27:19)* എന്ന് അറിയിച്ചതായും ബൈബിൾ രേഖപ്പെടുത്തുന്നു.

യഹൂദികളുടെ എതിർപ്പ് അപ്രതിരോധ്യമായിരുന്നു. പക്ഷേ, യേശുവിനെ രക്ഷിക്കാൻ പ്രതിജ്ഞാബദ്ധനായിരുന്ന പീലാത്തോസ് കരുതിക്കൂട്ടി വിചാരണ

വൈകിക്കുകയായിരുന്നു. *'അവനെ ക്രൂശിച്ചപ്പോൾ മൂന്നാംമണി നേരമായിരുന്നു.'* (മാർക്കോ: 15:25) *ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർ വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു.'* (മത്താ: 26:45). ഈ വൈകിക്കലിന്ന് വ്യക്തമായ ഉദ്ദേശമുണ്ടായിരുന്നു. വെള്ളിയാഴ്ച സന്ധ്യകഴിഞ്ഞാൽ ശനിയാഴ്ച ശബത്ത് ആരംഭിക്കുകയാണ് (മുസ്ലിംകളെപ്പോലെ യഹൂദരുടെയും ദിവസമാറ്റം സന്ധ്യക്ക് ശേഷമാണ്) ശബത്ത് ദിനത്തിൽ ക്രൂശിത ശരീരം കുരിശിൽ തൂങ്ങാൻ പാടില്ല. ചുരുക്കത്തിൽ യേശു ക്രൂശിതനായത് പരമാവധി മൂന്നുമണിക്കൂർ മാത്രം. കുരിശു മരണത്തിന് ഈ സമയം ഒരിക്കലും പര്യാപ്തമല്ല. ചുരുങ്ങിയത് മൂന്നു ദിവസം വേണം. ക്രൂശീകരണവേളയിൽ *'ഒരാൾ നീർപഞ്ഞി എടുത്ത് വിന്നാഗിരിയിൽ മുക്കി ഒരു ഞാങ്ങണയുടെ അറ്റത്ത് വെച്ച് കുടിക്കാൻ കൊടുത്തു* (മത്താ: 27:48, മാർക്കോ 15:36) വേദനാസംഹാരി അടങ്ങിയ മയക്കുമരുന്നായിരുന്നു അത്. അങ്ങനെ മഹാശബ്ദത്തോടെ യേശു കുരിശിൽ ബോധരഹിതനായി.

അരോഗദൃഢഗാത്രനും യുവാവുമായ യേശു കുരിശിൽ അത്രയും സമയം കൊണ്ട് മരിക്കില്ല എന്നതിനെ മറ്റൊരു തെളിവ് യേശുവിനോടൊപ്പം ക്രൂശിച്ച രണ്ട് കള്ളന്മാർ മരിച്ചിരുന്നില്ല എന്നതാണ്. (യോഹ: 19:34) യേശുവിന്ന് മാത്രമായി രഹസ്യ ശിഷ്യന്മാർ നൽകിയ മയക്ക് മരുന്നിന്റെ ശക്തിയിൽ അദ്ദേഹം ബോധരഹിതനായി കുരിശിൽ കിടന്നത് മരണമായി പടയാളികൾ തെറ്റിദ്ധരിച്ചതോ അവർ അതിന് നേരെ കണ്ണടച്ചതോ ആകാം. കാരണം കാവൽ നിന്ന റോമൻ കാവൽക്കാരുടെ തലവനായിരുന്ന ശതാധിപൻ യേശുവിനെ ഗാഢമായി സ്നേഹിച്ച വ്യക്തിയായിരുന്നു. *'ഇസ്രായേല്യരിൽ ഒരുത്തനിൽ പോലും ഇത്തരം വിശ്വാസം കണ്ടിട്ടില്ല.* (മത്താ. 8:10) എന്ന് യേശുതന്നെ പറഞ്ഞ ശതാധിപൻ യേശുവിനെ രക്ഷിക്കാൻ ആഗ്രഹിച്ച വ്യക്തിയായിരുന്നു. യേശു കുരിശിൽ മരിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ മറ്റൊരു തെളിവ് കുരിശിൽ പ്രാണൻ പോയി എന്ന് തോന്നിക്കുമാറ് ബോധരഹിതനായി നിന്ന യേശുവിന്റെ പാർ ശ്വത്തിൽ കുന്തംകൊണ്ട് കാവൽക്കാരൻ കുത്തിയപ്പോൾ 'രക്തവും വെള്ളവും തുളിച്ചു പുറത്തുവന്നു' (19:34) മരിച്ച ശരീരത്തിൽ നിന്നും രക്തവും വെള്ളവും തുളിച്ചുവരികയില്ലല്ലോ. സർവ്വോപരി ശപ്തമായ കുരിശുമരണത്തിൽ നിന്നും രക്ഷിക്കാൻ വിയർപ്പ് രക്തത്തുള്ളിയാക്കി കമഴ്ന്നുകിടന്ന് ഗത്ശമനയിൽ വെച്ച് യേശു നടത്തിയ പ്രാർത്ഥന (മത്താ: 26:36–46, ലൂക്കോ 22:39–46) ദൈവം സ്വീകരിക്കാതിരിക്കുമോ?

കുരിശിൽ യേശു ബോധരഹിതനായിരുന്നു എന്ന യാഥാർത്ഥ്യം ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

*'വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവെ) അവർ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അദ്ദേഹം അവർക്ക് (ക്രൂശിച്ചുകൊല്ലപ്പെട്ട ഒരുവനെപ്പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്.'* (4:158)

## കല്ലറയിൽ നടന്നതെന്ത്?

മരിച്ചുവെന്ന് കാഴ്ചക്കാർ കരുതിയ യേശുവിന്റെ ശരീരം ശത്രുക്കളായ യഹൂദർക്കല്ല പീലാത്തോസ് വിട്ടുകൊടുത്തത്. അരിമത്യയിലെ ജോസഫിനായിരുന്നു. അദ്ദേഹം യേശുവിന്റെ രഹസ്യശിഷ്യനും സുനേദ്രം സംഘത്തിലെ അംഗവും ധനികനുമായിരുന്നു. വായുസഞ്ചാരമുള്ളതും രണ്ടുമൂന്നുപേർക്ക് കയറാവുന്നതുമായ കല്ലറയിൽ ചികിത്സക്കുള്ള മരുന്നുമായി മറ്റൊരു രഹസ്യ ശിഷ്യനും വൈദ്യനുമായ നിക്കോദമസും എത്തിയിരുന്നു. വലിയ *'അളവിൽ നൂറുറാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ട് അദ്ദേഹം കൊണ്ടുവന്നിരുന്നു.' (യോഹ: 19:39)* മൃതദേഹസംസ്കരണത്തിന് യഹൂദന്മാർ ഒരിക്കലും ഇത്തരം ഔഷധക്കൂട്ട് ഉപയോഗിച്ചിരുന്നില്ല. അത് യേശുവിന്റെ ക്രൂശീകരണവേളയിലുണ്ടായ ക്ഷതങ്ങൾ ചികിത്സിക്കാനുള്ള മരുന്നാണെന്ന് വ്യക്തം. ഈ ഔഷധക്കൂട്ട് പൗരാണിക കാലം മുതൽ എണ്ണമറ്റ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ 'മർഹമെ ഈസ' (യേശുവിന്റെ ലേപനം:) എന്ന പേരിൽ രേഖപ്പെട്ടുകിടക്കുന്നു.

## പുനരുത്ഥാനമോ അബോധമുക്തിയോ?

കല്ലറയിലെ തീവ്രപരിചരണത്തിനുശേഷം യേശു അബോധാവസ്ഥയിൽ നിന്നും മുക്തനായി. ഇതാണ് യേശുവിന്റെ പുനരുത്ഥാനമായി തെറ്റിദ്ധരിക്കപ്പെടുന്നത്. കല്ലറയിൽ നിന്നും പുറത്ത് വന്ന യേശു വീണ്ടും യഹൂദികൾ അറസ്റ്റ് ചെയ്യുമെന്ന് ഭയപ്പെട്ട് മറ്റൊരു വേഷത്തിൽ (മത്താ: 16:12) പൊതുസ്ഥലങ്ങളിൽപ്രത്യക്ഷപ്പെടാതെയാണ് സഞ്ചരിച്ചത്. യേശു ഉയിർത്തെഴുന്നേറ്റ ആത്മീയ ശരീരമോ ഭൂതാത്മാവോ ആയിരുന്നില്ല എന്നതിന് ബൈബിൾ തന്നെ അനിഷേധ്യമായ തെളിവ് നൽകുന്നു. വിശന്നപ്പോൾ *'ശിഷ്യന്മാരോടു യേശു ഭക്ഷണം ആവശ്യപ്പെടുകയും അവരോടൊപ്പം ഭക്ഷിക്കുകയും ചെയ്തു' (ലൂക്കോ: 24:42) തന്നെ ഭൂതമെന്ന് സംശയിച്ച ശിഷ്യന്മാരോട് 'എന്റെ കൈകളും കാലുകളും കാണുക, എന്നെ തൊട്ടുനോക്കുക. എനിക്കുള്ളതു*



24

*പോലെ മാംസവും അസ്ഥികളും ഭൂതത്തിനില്ലല്ലോ' ഇത് പറഞ്ഞ് അവൻ തന്റെ കൈകളും കാലുകളും അവർക്കു കാണിച്ചുകൊടുത്തു' (ലൂക്കോ 24:39, 40)*

## യോനാപ്രവാചകന്റെ അടയാളം

യേശുവിന്റെ സത്യതക്ക് തെളിവായി യേശു തന്നെ പറഞ്ഞത് യോനായുടെ അടയാളം തന്നിൽ പുലരുമെന്നാണ്. *''ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കുകയില്ല. യോന കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നുപകലും ഇരുന്നത് പോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും" (മത്താ: 12:39, 40).* കടലാന വിഴുങ്ങിയ യോനയെ മൂന്നാം നാൾ ജീവനോടെ ഛർദ്ദിച്ച കഥ ബൈബിൾ പഴയനിയമം വിശദീകരിക്കുന്നു (യോന 1:17, 2:10) യോന കടലാനയുടെ വയറ്റിൽ പ്രവേശിച്ചതും കിടന്നതും പുറത്ത് വന്നതും ജീവനോടെയാണെന്ന കാര്യത്തിൽ തർക്കമില്ല. ഇത് യേശുവിൽ പുലരണമെങ്കിൽ തീർച്ചയായും യേശുവും ഭൂമിയുടെ ഉള്ളിൽ (കല്ലറ) പ്രവേശിച്ചതും കിടന്നതും പുറത്തുവന്നതും ജീവനോടെയായിരിക്കണം.

## സ്വർഗ്ഗാരോഹണം

യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്ന ബൈബിൾ ഭാഗം: *'അനന്തരം അവൻ അവരെ ബേഥ്യാന്യയോളം കൂട്ടിക്കൊണ്ടുപോയി. കൈകൾ ഉയർത്തി അവൻ അവരെ ആശീർവദിച്ചു. അവരെ ആശീർവദിച്ചുകൊണ്ടിരിക്കെ അവൻ അവരെ വിട്ടുപിരിഞ്ഞു സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.' (ലൂക്കോസ് 24:50 51).* 'സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു' എന്ന ഈ വചനം ഒറിജിനൽ കൈയ്യെഴുത്ത് പ്രതിയിലില്ലാത്തതും പിന്നീട് ആരോ ക്കൂട്ടിചേർത്തതുമാണെന്ന് മിക്ക ബൈബിൾ അടിക്കുറിപ്പിലും കാണാം. ജെറുസലേം നഗരത്തിൽ നിന്നും ബേഥ്യായിലേക്കുള്ള ഒലീവ് മലയുടെ തെക്കെ നിരകളിലെ വഴി ചെങ്കുത്തായ മലമ്പാതകളും കൊടുമുടികളും കയറ്റവും ഇറക്കവും ഉള്ളതാണ്. ഒരാൾ കൊടുമുടിതാണ്ടി മറുഭാഗത്തെത്തുമ്പോൾ പെട്ടെന്ന് ദൃഷ്ടിയിൽ നിന്നും മാഞ്ഞുപോകും - ചിലപ്പോൾ മേഘപടലങ്ങളിൽ പെട്ട് അപ്രത്യക്ഷനായിയെന്നും വരാം. വാസ്തവത്തിൽ ഇതായിരിക്കാം ആകാശാരോഹണം എന്ന് അനുയായികൾ തെറ്റിദ്ധരിച്ചത്. മറിച്ച് സ്വർഗ്ഗാരോഹണം എന്നത് അന്ധവിശ്വാസം മാത്രമാണത്. യേശുവിനെ ഉയർത്തിയതിനെപ്പറ്റി ഖുർആനിൽ അല്ലാഹു പറയുന്നു: *'ഓ ഈസാ, ഞാൻ നിന്നെ മരിപ്പിക്കുകയും എങ്കലേക്ക് ഉയർത്തുകയും അവിശ്വാസികളുടെ ആരോപണങ്ങളിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും ചെയ്യും'* (3:56) ഇവിടെ ആത്മീയമായ ഉയർച്ചയെപ്പറ്റിയാണ് പറയുന്നത്. ഇസ്രായേൽ മസീഹായ യേശുവിനെ യഹൂദർ ശപ്തനാക്കിക്കൊല്ലാൻ ശ്രമിച്ചെങ്കിലും അല്ലാഹു അദ്ദേഹത്തിന്റെ ആത്മാവിനേയും ആത്മീയാവസ്ഥയേയും ഉയർത്തി എന്നാണിതിനർത്ഥം. അല്ലാതെ ശാരീരികമായി സ്വർഗത്തിലേക്കുയർത്തി എന്നല്ല.

### യേശു: കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെത്തേടി

ഇസ്രയേൽ ജനം 12 ഗോത്രങ്ങളായിരുന്നു. അവരുടെ പ്രഗത്ഭനായ രാജാവ് ദാവീദിനും (ബി.സി. 1017 -977) മകൻ ശലമോനും (ബി.സി. 977-937) ശേഷം ഇസ്രയേൽ സാമ്രാജ്യം രണ്ടായി പിളർന്നു. പരസ്പരം ശത്രുക്കളായി. ഈ സന്ദർഭത്തിൽ മെസപൊട്ടോമിയയെ വലയം വെച്ച് ഉയർന്നു വന്ന അസീറിയ, ബാബിലോണിയ, പേർഷ്യ, ഗ്രീക്ക് എന്നിവിടങ്ങളിലെ പടയോട്ടക്കാരായ വിശ്വസാമ്രാട്ടുകൾ ഇസ്രയേൽ ജനത്തെ ആക്രമിച്ച കീഴടക്കി അടിമകളാക്കി. അതിവിസ്തൃതമായ അവരുടെ സാമ്രാജ്യത്തിൽ ചിതറിപ്പിച്ചുകളഞ്ഞു. നൂറ്റാണ്ടുകളോളമായി തുടർന്ന ഇസ്രയേൽ ജനത്തിന്റെ ഈ ചിതറിത്തെറിക്കലിനെയാണ് "ഡയസ്പോറ" എന്ന് പറയുന്നത്. ബൈബിൾ പറയുന്നു: *"യഹോവ പ്രവാചകന്മാരായ തന്റെ സകല ദാസന്മാരും മുഖാന്തരം അരുളി ചെയ്ത പ്രകാരം ഒടുവിൽ ഇസ്രയേലിനെ തന്റെ സന്നിധിയിൽ നിന്നും നീക്കിക്കളഞ്ഞു (രാജാക്കന്മാർ 1117:23) അവർ അറിയാത്ത സകല ജാതികളുടെ ഇടയിലും പാറ്റിക്കളഞ്ഞു. ദേശമോ ആരും പോക്കുവരവില്ലാത്തതും. അവർ മനോഹരദേശത്തെ ശൂന്യമാക്കി (സെഖര്യ 7:14)* ഖുർആൻ പറയുന്നു: *'നാം അവരെ (ഇസ്രയേൽ ജനത്തെ) ഭൂമിയിൽ വിവിധ ജനതകളായി പിരിച്ച് വ്യാപിപ്പിച്ചു. (അഅ്റാഫ് 7:169)* പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ കാലത്ത് എസ്രാപ്രവാചകന്റേയും (ബി.സി. 458) നെഹമ്യ പ്രവാചകന്റേയും (ബി.സി. 445) നേതൃത്വത്തിൽ യഹൂദ ബിൻയാമിൻ എന്നീ രണ്ട് ഗോത്രങ്ങൾ മാത്രമേ യേശു ജനിക്കുന്നതിന് നാലര നൂറ്റാണ്ടുകൾക്ക് മുമ്പ് തിരിച്ചു വന്നുള്ളൂ. (ബൈബിൾ എസ്ര, നെഹെമ്യാ നോക്കുക). ബാക്കി പത്ത് ഗോത്രങ്ങൾ ഒരിക്കലും ഫലസ്തീനിലേക്ക് തിരിച്ചു വന്നിട്ടില്ല. ഇവരെയാണ് *ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ പത്ത് ഗോത്രങ്ങൾ* എന്ന് പറയുന്നത്. പേർഷ്യൻ ഗ്രീക്ക് ആധിപത്യ കാലത്ത് ഈ ഗോത്രങ്ങൾ കൂടുതൽ കിഴക്കോട്ട് സഞ്ച


25

രിച്ചു. അഫ്ഗാനിസ്ഥാനിലും ഭാരതത്തിന്റെ വടക്ക് കശ്മീരിലും ദക്ഷിണേന്ത്യൻ ഭാഗങ്ങളിലും കുടിയേറി പ്പാർക്കുകയുണ്ടായി എന്നത് അനിഷേധ്യമായ ചരിത്ര വസ്തുതയാണ്. ഈ നഷ്ടപ്പെട്ട ഇസ്രയേൽ ഗോത്ര ങ്ങൾക്കിടയിലും തന്റെ ദിവ്യദൗത്യത്തിന്നുള്ള ബാദ്ധ്യത യേശുവിന്നുണ്ടായിരുന്നു. അതാണ് യേശു പറഞ്ഞ് *'ഇസ്റായേൽ ഗൃഹത്തിലെ കാണാതെ പോയ ആടു കളുടെ അടുക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല. '(മത്താ: 15:24)' ഈ തൊഴുത്തിൽ നിന്നല്ലാതെ വേറെ ആടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടു വരേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും' (യോഹ: 10:18).* അങ്ങനെയാണ് യേശു നഷ്ടപ്പെട്ട ഇസ്രാ യേൽ ഗോത്രത്തെ തേടി സിറിയ, തുർക്കി, ഇറാഖ്, ഇറാൻ, അഫ്ഗാനിസ്ഥാൻ, വഴി കശ്മീരിൽ എത്തി ച്ചേർന്നത്. യേശുവിന്റെ കാശ്മീർ വാസത്തെ സംബ ന്ധിച്ച് ഖുർആൻ പറയുന്നു. *"നാം മർയമിന്റെ മക നേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാ ളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ടുപേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി'' (അൽ മുഅ്മിനൂൻ 23:57).* ഭാരതത്തിന്റെ ദക്ഷിണ ഭാഗത്തുള്ള കേരളത്തിൽ ആഗതനായ മാർതോമാ ശ്ലീഹയടക്കം പന്ത്രണ്ട് ശിഷ്യന്മാരോട് യേശു പറഞ്ഞു: *''ഈ പന്ത്രണ്ടു പേരെയും അവരോട് ആജ്ഞാപിച്ചതെന്തെ ന്നാൽ ജാതികളുടെ അടുക്കൽ പോകാതെയും ശമര്യ ക്കാരുടെ പട്ടണത്തിൽ പ്രവേശിക്കാതെയും ഇസ്രാ യേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവീൻ. (മത്താ: 10:5).* യേശു വിന്റെ കശ്മീർ സന്ദർശനത്തെപറ്റി നിരവധി ചരിത്ര കാരന്മാരും ഹിന്ദുപുരാണങ്ങളും തെളിവ് നൽകുന്നു. നമ്മുടെ മുൻ പ്രധാനമന്ത്രിയും ചരിത്രകാരനുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഒരു ഉദ്ധരണി മാത്രം എഴുതാം. *'മദ്ധ്യേഷ്യയിലെല്ലായിടത്തും ലഡാ ക്കിലും തിബത്തിലും അവക്ക് വടക്കുള്ള പ്രദേശങ്ങ ളിൽപോലും യേശു അഥവാ ഈസാ സഞ്ചരിച്ചിരുന്നു വെന്ന് ബലമായ വിശ്വാസം നിലനിന്നുവരുന്നു. അദ്ദേഹം ഇന്ത്യയും സന്ദർശിക്കുകയുണ്ടായിയെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ അദ്ദേഹം അങ്ങനെ ചെയ്തിരിക്കാമെന്നതിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല." (Glimpses of World History P. 130)*

## സത്യാന്വേഷികളോട്

പ്രിയ സഹോദരന്മാരേ, ക്രിസ്തുവിനെ സംബന്ധി ക്കുന്ന സത്യം ഇതാണ്. സത്യം എപ്പോഴും ഹാർദ്ദമായി സ്വീകരിക്കപ്പെടുകയില്ല. ഖുർആൻ പറയുന്നു: *'മർയ മിന്റെ പുത്രന്റെ സംഭവം ഒരു ദൃഷ്ടാന്തമായി വിവരി ക്കപ്പെടുമ്പോൾ നിന്റെ ജനതയതാ ആരവം മുഴക്കുന്നു.* '(അസ്സുഖ്റുഫ്: 43:48). ഈ ഊജ്ജ്വലസത്യം വേദപ്ര മാണങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള വെറുമൊരു സമർ ത്ഥ നമല്ല. ഉച്ചസൂര്യനെപ്പോലെ നിറഞ്ഞുകത്തുന്ന ഈ സത്യത്തിന് മർയമിന്റെ മകൻ യേശു അന്ത്യവിശ്രമം കൊള്ളുന്ന കശ്മീർ ദേശത്തെ ശ്രീനഗറിൽ ഖാൻയാർ തെരുവിലെ കബർ അനിഷേധ്യമായൊരു സത്യസാക്ഷ്യ മാണ്. യഹൂദ മാതൃകയിൽ നിലക്കൊള്ളുന്ന ആ കബർ മുഴുവൻ ധൈഷണിക ലോകത്തിനും ക്രിസ്തീയ സഭക്കും അക്കാദമിക്ക് പണ്ഡിതന്മാർക്കും മുമ്പിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സമൂർത്തമായ ചരി ത്രവസ്തുവായി സമർപ്പിക്കുന്നു. ഇതിൽപരം മറ്റെന്ത് തെളിവാണ് ഈ വിഷയത്തിൽ വേണ്ടത്? മറിച്ച്, രണ്ടാ യിരം വർഷമായി യേശു ആകാശത്ത് ജീവിച്ചിരിക്കുക യാണെന്നും സമീപഭാവിയിൽ അദ്ദേഹം ആകാശത്ത് നിന്നും അവരോഹിതനാവും എന്നുമാണ് വാദമെങ്കിൽ ഖുർആൻ പറഞ്ഞത് പോലെ *'നിങ്ങൾ സത്യവാദികളാ ണെങ്കിൽ നിങ്ങളും തെളിവ് ഹാജരാക്കുക* (2:112) എന്ന് പറയുക മാത്രമേ നിർവ്വാഹമുള്ളൂ. ●

---

*(9-ൽ നിന്ന് തുടർച്ച)*

വ്യസ്ഥയിലൂടെ കൈവരിക്കാൻ ശ്രമിക്കരുത് എന്ന് ഉറപ്പ് വരുത്തണം. 1929 കാലത്തെ സാമ്പത്തികക്കുഴ പ്പങ്ങളുടെ അവസരത്തിൽ വരുത്തിയ തെറ്റുകൾ വീണ്ടും നാം ആവർത്തിക്കരുത്.

ഭരണകൂടങ്ങളും മൂലധനശക്തികളും ഐക്യരാ ഷ്ട്രസഭയും അവരവരുടെ ഉത്തരവാദിത്തങ്ങൾ മന സ്സിലാക്കണം. ഇതെല്ലാം തന്നെ നടപ്പാവണമെങ്കിൽ നീതിയുടെ ഉന്നതമായ മാനദണ്ഡങ്ങൾ പാലിക്കു കയും ഓരോരുത്തരുടേയും അവകാശങ്ങൾ വകവെ ച്ചുകൊടുക്കുകയും വേണം. നീതിയുടെ അടിസ്ഥാന ത്തിലുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചായിരിക്കണം നാം ചിന്തിക്കേണ്ടത്. യാതൊരു സ്വാർത്ഥതാല്പര്യവു മില്ലാതെ സമാധാനം സ്ഥാപിക്കാൻ യത്നിക്കേണ്ടതാ ണ്. ഏറ്റവും പ്രധാനമായിട്ടുള്ള ദൈവത്തിനോടുള്ള ചുമതലകൾ നാം നിറവേറ്റണമെന്നാണ്. അല്ലാഹു നമുക്ക് ഇക്കാര്യങ്ങളെല്ലാം ചെയ്തുതീർക്കാനുള്ള കഴിവ് നൽകട്ടെ. ഇവിടെ സന്നിഹിതരായി തങ്ങളുടെ വിലപ്പെട്ട സമയം ചെലവഴിച്ച പ്രമുഖ വ്യക്തി കൾക്കെല്ലാം നാം ഒരിക്കൽ കൂടി നന്ദി പറയുന്നു.

എല്ലാവർക്കും ഹാർദ്ദമായ നന്ദി. ●


26

ലേഖനം

മഹ്മൂദ്, കൽക്കുളം

# ദിവ്യബോധനങ്ങളിലൂടെ ആത്മനവീകരണം

## മനുഷ്യന്റെ ആത്മീയശക്തികളെ ജാഗരപ്പെടുത്തിക്കൊണ്ട് മാനുഷതയുടെ പൂർണ്ണതയിലെത്തിക്കുന്നത് ദിവ്യബോധനങ്ങളാണ്

ഭൂമിയിൽ മനുഷ്യജീവിതത്തിന് ശരിയായ ദിശാബോധം നല്കുന്നത് ദിവ്യവെളിപാടുകളാണ്. മനുഷ്യന് ദൈനംദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ബഹുമുഖ പ്രശ്നങ്ങളിൽ സുബദ്ധവും കുറ്റമറ്റതുമായ കാഴ്ചപ്പാടുണ്ടാക്കി തീർക്കുന്നത് ദൈവികമാർഗദർശനങ്ങളാകുന്നു. അത് ജീവിതത്തെ അടുക്കും ചിട്ടയുമുള്ളതാക്കുകയും സർവ്വോപരി ധാർമ്മികമായ പ്രതിബദ്ധത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ദൈവികമാർഗദർശനങ്ങൾ ലക്ഷ്യമാക്കുന്നത്, മാനവിക ഗുണങ്ങളുടെ വികാസവും പൂർണ്ണതയുമാണ്. അഥവാ മനുഷ്യനിലെ നൈസർഗ്ഗിക ഗുണവൈശിഷ്ട്യങ്ങളെ പോഷിപ്പിക്കുകയും ബലിഷ്ഠമാക്കുകയും ചെയ്യുന്നത് ദിവ്യമാർഗദർശനങ്ങളാണ്. ലോകത്ത് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന നന്മകളും മൂല്യങ്ങളും യഥാർത്ഥത്തിൽ ദൈവിക മതങ്ങളുടെ സംഭാവനകളാകുന്നു.

### വിശുദ്ധ ഖുർആൻ സമഗ്ര ഗ്രന്ഥം

മനുഷ്യപ്രകൃതിയിൽ ദൈവം തന്നെ നിക്ഷേപിച്ച മാനവികഭാവങ്ങൾ പ്രഭാവപൂർണ്ണമായിത്തീരുന്നതിന് ദിവ്യമാർഗ്ഗങ്ങളുടെ അനുധാവനം അനിവാര്യമാകുന്നു. വേദഗ്രന്ഥത്തിന്റേയും പ്രവാചകാഗമനത്തിന്റേയും ലക്ഷ്യവും ഇതുതന്നെയാണ്. ദൈവത്തിന്റെ അന്തിമവും സമ്പൂർണ്ണവും സമഗ്രവുമായ മാർഗദർശകഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. *“നാം നിനക്ക് അവതരിപ്പിച്ചുതന്ന ഗ്രന്ഥമാണിത്. നീ മനുഷ്യരെ അവരുടെ നാഥന്റെ അനുമതിയോടെ അന്ധകാരത്തിൽ നിന്ന് പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിന് വേണ്ടി”* (വി.ഖു. 14:2). മനുഷ്യനിൽ അന്തർലീനമാക്കപ്പെട്ടിരിക്കുന്ന ഉദാത്ത ഗുണഭാവങ്ങളുടെ വളർച്ചക്കനുരോധമായ മാർഗദർശനങ്ങൾ നല്കുകയാണ് നിഖില മേഖലകളിലൂടെയും വിശുദ്ധ ഖുർആൻ ചെയ്തിരിക്കുന്നത്. വൈയക്തികപരവും സാമൂഹികപരവും സാമ്പത്തികപരവുമായ ധർമ്മങ്ങളെപ്പറ്റി ഉണർത്തുമ്പോഴെല്ലാം അതുമുഖേന സ്രഷ്ടാവിന്റെ സംപ്രീതി കരസ്ഥമാക്കാനുള്ള പ്രചോദനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. തെളിച്ചുപറഞ്ഞാൽ ആത്മീയ ഉദ്ഗതി സഫലമാകുന്നവിധം ഐഹികവ്യവഹാരങ്ങളെല്ലാം നിർവ്വഹിക്കുവാൻ വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നു. ഉദാഹരണമായി അനന്തരാവകാശ നിയമത്തെക്കുറിച്ചുള്ള പ്രതിപാദനത്തെത്തുടർന്ന് വിശുദ്ധ ഖുർആൻ ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നു: *“ഇത് അല്ലാഹുവിന്റെ (നിശ്ചിത) പരിധികളാകുന്നു. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അല്ലാഹു അവരെ താഴെ അരുവികൾ ഒഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ (ശാശ്വതമായി) നിവസിക്കുന്നവരായിരിക്കും. അത് തന്നെയാണ് മഹത്തായ വിജയം.” “ഇനി ആര് അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും അവന്റെ നിയമപരിധികളെ അതിലംഘിക്കുകയും ചെയ്യുന്നുവോ, അയാളെ അവൻ നരകത്തിൽ പ്രവേശിപ്പിക്കും; അയാളതിൽ ചിരകാലം വസിക്കുന്ന നിലയിൽ. അയാൾക്കവിടെ അപമാനകരമായ ശിക്ഷയുമുണ്ടാകും.” (4:14-15)* ചുരുക്കത്തിൽ, എല്ലാ രംഗങ്ങളിലൂടെയും മനുഷ്യന്റെ സമൂലമായ ആത്മീയോദ്ഗതിയാണ് വിശുദ്ധ ഖുർആൻ ലക്ഷ്യമാക്കുന്നത്.

### കേവല ബുദ്ധി അപര്യാപ്തം

കേവല ബുദ്ധി മനുഷ്യന്റെ പരിപൂർണ്ണതക്ക് പര്യാപ്തമാകുന്നില്ല. അത് വിവിധങ്ങളായ അന്ധകാരങ്ങളിൽ


27

അവനെ തളച്ചിടുന്നു. നന്മതിന്മകളെക്കുറിച്ച് ആഴത്തിലുള്ള കാഴ്ചപ്പാടും തിരിച്ചറിവുമുണ്ടായിരിക്കേണ്ടത്, ആത്മീയോന്നമനത്തിന് അനുപേക്ഷണീയമാണെന്നിരിക്കെ ഇതിനെപ്പറ്റിയുള്ള വികലവും ഉപരിപ്ലവും അപൂർണ്ണവുമായ വീക്ഷണഗതി ജീവിതപതനത്തിലേക്കായിരിക്കുമെത്തിക്കുന്നത്. ധൈഷണികശക്തിയെ മാത്രം ആശ്രയമാക്കുന്നവരെ ഈ പതനാവസ്ഥ വലയം ചെയ്യുന്നു. യഥാർത്ഥത്തിൽ സൽപന്ഥാവിലൂടെയുള്ള പ്രയാണത്തിന് വെളിച്ചമെന്നോണം സഹായകമായിത്തീരുന്നത്, ദിവ്യബോധനങ്ങളാണ്. വിശുദ്ധ ഖുർആൻ ഈ പ്രപഞ്ചലോകസംവിധാനങ്ങളിലടങ്ങിയ സാധർമ്മ്യം എടുത്തുദ്ധരിച്ചതിനെത്തുടർന്ന് മനുഷ്യനെ ഇപ്രകാരം ജാഗ്രതപ്പെടുത്തുന്നു: *"വൃഷ്ടി പ്രദാനം ചെയ്യുന്ന ആകാശത്തെ കൊണ്ടും വർഷജലത്തിന്റെ സഹായത്തിൽ സസ്യലതാദികളെ പുറപ്പെടുവിക്കുന്ന ഭൂമിയെക്കൊണ്ടും സത്യം: നിശ്ചയമായും ഈ ഖുർആൻ സത്യാസത്യങ്ങളെ വേർതിരിച്ചു കാണിക്കുന്ന ദൈവവചനമാകുന്നു. ഇത് നിരർത്ഥകമോ വ്യർത്ഥമോ ആയിട്ടുള്ളതല്ല."* (86:12-15). ഈ ഖുർആനിക വചനങ്ങൾക്ക് വിശദീകരണം നൽകികൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ് (അ) വിവരിക്കുകയാണ്: *"ഇവിടെ സർവ്വശക്തനായ ദൈവം തന്റെ വചനമായ വിശുദ്ധ ഖുർആന്റെ സത്യത്തിലേക്ക് പ്രസ്തുത സത്യവാചകരൂപേണ പ്രകൃതിയിലെ ഒരു പ്രത്യക്ഷനിയമത്തെയാണ് സാക്ഷ്യമാക്കി ഉന്നയിച്ചിരിക്കുന്നത്. കാലോചിതമായും ഹിതാനുസൃതമായും ആകാശത്തിൽ നിന്നു മഴയുണ്ടാകുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടുവരുന്ന നിയമവ്യവസ്ഥയാണല്ലോ. ഭൂമിയിൽ കാണുമാറാകുന്ന പച്ചപ്പിനും തഴമ്പിനും ആശ്രയമായിരിക്കുന്നത് വർഷജലമാകുന്നു. ആകാശത്ത് നിന്നു മഴയുണ്ടാകുന്നില്ലെങ്കിൽ ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങനെ ഭൂമിയിലെ വെള്ളത്തിനും വർഷജലത്തിനും തമ്മിൽ ഒരു ബന്ധവും ആകർഷണവുമുണ്ടെന്നു കാണാം. അതുകൊണ്ടുതന്നെയാണ് മഴപെയ്താൽ കിണറുകളിൽ വെള്ളം പൊന്തിവരുന്നത്. എന്തെന്നാൽ ആകാശത്തു നിന്നുള്ള വർഷജലം ഭൂമിയുടെ അടിയിലുള്ള വെള്ളത്തെ മുകളിലേക്ക് ആകർഷിച്ചുകൊണ്ടുവരുന്നു. ഇത്തരത്തിലുള്ള ഒരാകർഷണവും ബന്ധവുമാണ് ദൈവബോധനത്തിനും വിവേകബുദ്ധിക്കും തമ്മിലുള്ളത്. ദൈവിക ബോധനം സ്വർഗ്ഗീയ ജലവും വിവേകബുദ്ധി ഭൗമിക ജലവുമാണെന്നു പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളം കൊണ്ടാണ് നിർമ്മലമായി നിറുത്തപ്പെടുന്നത്. അതുപോലെ സ്വർഗീയസലിലമാകുന്ന ദൈവവചനത്തിന്റെ വെളിപാടു നിലച്ചുപോകുന്നപക്ഷം ഭൗമികജലമാകുന്ന വിവേകബുദ്ധി ശുഷ്കിച്ചുപോകുന്നതാണ്. ദൈവവചനത്തിന്റെ സ്വീകർത്താവായ സത്യാത്മാവിന്റെ ആഗമനം കൊണ്ടനുഗൃഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞുപോകുന്നതായാൽ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ വെള്ളം വറ്റി മലിനമായിത്തീരുന്നപ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചുപോകുന്നു... ദൈവം സത്യവാചകരൂപേണ ഈ പ്രകൃതി നിയമത്തെക്കുറിച്ചു നമ്മെ ഉദ്ബോധിപ്പിക്കുകയും ഭൂമിയിൽ കാണപ്പെടുന്ന ഹരിതവർണ്ണത്തിനും ഫലസമൃദ്ധിക്കും അവലംബമായിരിക്കുന്നത് ആകാശത്തിൽനിന്നുള്ള വർഷജലമാകുന്നു എന്ന ശാശ്വതവും സ്പഷ്ടവുമായ നിയമത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയുമാണ് ചെയ്യുന്നത്. പ്രകൃതിയിലെ ഈ പ്രത്യക്ഷമായ നിയമം, പരോക്ഷവും അനുമാനസിദ്ധവുമായ ദൈവവചനാഗനമനത്തെ സംബന്ധിച്ച നിയമത്തിലേക്ക് ഒരു സാക്ഷ്യമാകുന്നു. ഇതിൽ നിന്നു ബുദ്ധിശക്തിയെ മാത്രം നാം ഏകമാർഗദർശകമായി കരുതാവുന്നതല്ലെന്നു സിദ്ധിക്കുന്നു."* (ഇസ്‌ലാം മതതത്ത്വജ്ഞാനം)

## സൃഷ്ടിമാഹാത്മ്യം മനുഷ്യനിൽ

ദൈവിക ഗുണങ്ങളെയും അവന്റെ പ്രവർത്തനങ്ങളെയും പറ്റി സവിശേഷനിലയിൽ വിശുദ്ധ ഖുർആൻ അനാവരണം ചെയ്യുന്നുണ്ട്. സർവ്വഗുണങ്ങളുടെയും മൂർത്തീമദ്ഭാവവും അന്യൂനനും നിസ്തുലനും സർവ്വാതിശായിയുമായ ദൈവത്തെ വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നു. ദൈവത്തിന്റെ പരകോടി സൃഷ്ടിജാലങ്ങളിൽ, ധിഷണാശക്തിയിലും ശ്രേഷ്ഠതകൾ നല്കപ്പെട്ടതിലും അദ്വിതീയസ്ഥാനത്തു നിൽക്കുന്നതു മനുഷ്യനാണ്. മനുഷ്യനുമായി തുലനം ചെയ്യുമ്പോൾ ഭൂതലത്തിലുള്ള ഇതരസൃഷ്ടിജാലങ്ങൾക്കൊന്നും വലിയ പ്രസക്തിയില്ല. അഥവാ അവയൊക്കെയും മനുഷ്യന്റെ സേവനത്തിനും ഗുണത്തിനുമായി സൃഷ്ടിക്കപ്പെട്ടതാണെന്ന് വിശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്നു. ചുരുക്കത്തിൽ, അഖില ലോകസ്രഷ്ടാവും നിയന്താവുമായ ദൈവം തന്റെ സൃഷ്ടിപ്പിന്റെ സാരാംശം മനുഷ്യനിൽ പ്രകടമാക്കിയിരിക്കുകയാണ്. സൃഷ്ടി സൗന്ദര്യം വെളിപ്പെടുത്താനുതകുന്ന പ്രാപ്തികളും മനുഷ്യനിൽ ദൈവം സംജാതമാക്കിവെച്ചു. ദൈവം നല്കിയ പ്രാപ്തികളോരോന്നും ലക്ഷ്യസാഫല്യമാർഗത്തിൽ വിനിയോഗിച്ചുകൊണ്ട് പരിപോഷിപ്പിക്കുമ്പോഴായിരിക്കും മനുഷ്യനിലെ സൃഷ്ടിസൗന്ദര്യവും മഹത്വവും വെളിപ്പെടുമാറാകുന്ന

ത്. അല്ലാത്തപക്ഷം അവൻ മൃഗങ്ങളെക്കാൾ അധഃപതിച്ചവനായിരിക്കുമെന്നും വിശുദ്ധ ഖുർആൻ വിളംബരം ചെയ്യുന്നുണ്ട്. *''സത്യമായും ജിന്നിൽനിന്നും ഇൻസിൽനിന്നുമുള്ള നിരവധി ആളുകളെ അവരുടെ പര്യവസാനം നരകമാകുമാറ് നാം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട് (പക്ഷേ അവ കൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്, (പക്ഷേ) അവ കൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട് (പക്ഷേ) അവ കൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്; അല്ല! അവർ അവയെക്കാളും വഴിപ്പിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ." (7:180) "നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ (അവൻ ദുഷിക്കുകയാണെങ്കിൽ) നാം അവനെ അധമരിൽ അധമനാക്കിമാറ്റുന്നു; സത്യത്തിൽ വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴിച്ച്. അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്."* (96:5–7)

## ദൈവിക മാർഗദർശനത്തിന്റെ അനിവാര്യത

മനുഷ്യജീവിതത്തിന്റെ മുക്തിയും ലക്ഷ്യവും ദൈവപ്രാപ്തിയാണെന്നിരിക്കെ പ്രസ്തുത രാജമാർഗത്തിലേയ്ക്ക് വഴികാട്ടുന്ന മതമാണ് യഥാർത്ഥ മതം. മനുഷ്യന്റെ കർമ്മങ്ങളും മനോധർമ്മങ്ങളുമെല്ലാം സദാചാരമാർഗത്തിൽ അസ്തിവാരമുറപ്പിക്കുന്നത് മതദർശനങ്ങളാണ്. ബാഹ്യവും ആന്തരികവുമായ സമ്പൂർണ്ണ ജീവിതപരിശുദ്ധി അത് പ്രദാനം ചെയ്യുന്നു. ദിവ്യവെളിപാടുകളാണ് മതങ്ങളുടെ പ്രഭവസ്ഥാനം. എന്നാൽ മതാദ്ധ്യാപനങ്ങൾ കൂച്ചുവിലങ്ങുകളാണെന്ന വിതണ്ഡവാദവുമായി രംഗപ്രവേശം ചെയ്തവരുണ്ട്. ഇന്ദ്രിയശക്തികൾ സ്വതന്ത്രമായി വ്യാപരിപ്പിക്കുന്നതിനുള്ളതാണെന്ന മിഥ്യാധാരണയിലകപ്പെട്ടവരാണവർ. കണ്ണും കാതും ഹൃദയവുമെല്ലാം യഥേഷ്ടവിനിയോഗത്തിന്നുള്ളതാണെന്ന് അവർ കരുതുന്നു. എന്നാൽ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്കും, വാക്കിനും പ്രവൃത്തിക്കും അനക്കമടക്കത്തിനുമെല്ലാം വ്യക്തമായ മാർഗരേഖ നിർണ്ണയിച്ചുകൊണ്ട് അവമൂലം ഉണ്ടാകാനിടയുള്ള അബദ്ധങ്ങളിൽ നിന്നു മനുഷ്യനെ രക്ഷിക്കുകയും അനന്തമായ അഭിവൃദ്ധിക്കുള്ള മാർഗം അവനു തുറന്നുകൊടുക്കുകയും ചെയ്യുന്നത് ദിവ്യവെളിപാടുകളാണ്. മനുഷ്യത്വത്തിന്റെ മര്യാദകളും മാർഗരീതികളും അത് പഠിപ്പിക്കുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്. *"സത്യവിശ്വാസികൾ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും രഹസ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെകുറിച്ചു സൂക്ഷ്മമായി അറിയുന്നവനാകുന്നു"* (24:31–32) ആന്തരികമായ പരിശുദ്ധി നിലനിറുത്തുന്നതിനും, വിവിധങ്ങളായ ശാരീരിക ദുരാവേശങ്ങളിൽ നിന്നു രക്ഷപ്രാപിക്കുന്നതിനുമുള്ള വഴികളാണ് ഈ വാക്യത്തിലുള്ളടങ്ങിയിരിക്കുന്നത്. ശാരീരികവികാരങ്ങളെ അധികമായും ഉത്തേജിപ്പിക്കുന്നതും മൃഗീയമായ തൃഷ്ണയിലകപ്പെടുത്തുന്നതും ഈ അവയവങ്ങളാണ്. ബാഹ്യവും ആന്തരികവുമായ പവിത്രയ്ക്ക് വിഘ്നമുണ്ടാക്കുന്ന കാര്യങ്ങളെപ്പറ്റി ശക്തമായ രീതിയിൽ വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നല്കുന്നു. വിശ്വാസികൾ തങ്ങളുടെ നാവുകളും ദൃഷ്ടികളും കർണ്ണപുടങ്ങളുമെല്ലാം നിയന്ത്രിക്കുവാനും അശുദ്ധ കാര്യങ്ങളിൽ നിന്ന് അവയെ കാത്തുസൂക്ഷിക്കുവാനും വിവിധ സ്ഥലങ്ങളിൽ വിശുദ്ധ ഖുർആൻ ജാഗ്രതപ്പെടുത്തുന്നുണ്ട്. നാവിനെ സത്യത്തിലും നീതിയിലും നന്മയിലും ഒതുക്കിനിർത്തുവാനും നേർക്കുനേരെയുള്ള കാര്യങ്ങൾ മാത്രം സംസാരിക്കുവാനും അനാവശ്യവും കളവും ദുർവാക്കുകളും പറയാതിരിക്കുവാനും നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. തുടർന്ന് മനുഷ്യന്റെ എല്ലാ ശക്തികളും അസ്ഥാനത്തും അനവസരത്തിലും ഉപയോഗിക്കുക മൂലം അവയെ സംബന്ധിച്ചു ചോദ്യം ചെയ്യപ്പെടുന്നതാണെന്നുള്ള താക്കീതും നല്കുന്നുണ്ട് വിശുദ്ധ ഖുർആൻ. *"തീർച്ചയായും കാത്, കണ്ണ്, ഹൃദയം ഇവ എല്ലാറ്റിനെയും സംബന്ധിച്ചു ചോദ്യം ചെയ്യപ്പെടുന്നതാണ്"* (17:37). ചുരുക്കത്തിൽ, മനുഷ്യനിൽ അന്തർലീനമാക്കപ്പെട്ടിരിക്കുന്ന പ്രാപ്തികളെ ശരിയായ ദിശയിലും മാർഗത്തിലും തിരിച്ചുവിട്ടുകൊണ്ട് അവയെ ദീപ്തിമത്താക്കുകയും സമുന്നതമായ ആത്മീയ സോപാനത്തിലേക്കുള്ള വഴികാട്ടുകയും ചെയ്യുന്നത് ദൈവികമാർഗദർശനങ്ങളാകുന്നു.

## ജീവിതലക്ഷ്യം

ലക്ഷ്യസാഫല്യത്തിലേക്ക് വഴികാട്ടേണ്ടത് സ്രഷ്ടാവിന്റെ തന്നെ ബാധ്യതയാകുന്നു. ഒരു യന്ത്രത്തിന്റെ ശരിയായ ഉപയോഗവും വിദ്യയുമെന്താണെന്ന് ആ യന്ത്രനിർമ്മാതാവ് മനസ്സിലാക്കിക്കൊടുക്കുന്നതുവരെ മറ്റുള്ളവർക്ക് അതിനെക്കുറിച്ചുള്ള പരിജ്ഞാനമുണ്ടാകുന്നില്ല. അതേ പ്രകാരം സൃഷ്ടിയായ മനുഷ്യന്റെ ജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗങ്ങളുമെന്താണെന്ന അവബോധവുണ്ടാക്കേണ്ടത് സ്രഷ്ടാവ് തന്നെയാണ്. മാനവകുലത്തെ സന്മാർഗത്തിലേക്കാ

നയിക്കുന്നതിന് വേണ്ടി കാലാകാലങ്ങളിൽ ദൈവം തന്റെ വരിഷ്ഠ ദൂതന്മാരെ നിയോഗിച്ചയ്ക്കുകയുമുണ്ടായി. സ്രഷ്ടാവായ ദൈവത്തിന്റെ മാറ്റമില്ലാത്ത നടപടിക്രമമാണിത്.

*"ഇവർക്ക് മുമ്പേ പൂർവ്വികരിൽ അധികമാളുകളും വഴിപിഴച്ചു പോയിട്ടുണ്ട്. അവരിൽ നാം മുന്നറിയിപ്പുകാരെ (പ്രവാചകന്മാരെ) അയച്ചു. (വി.ഖു. 37:72,73) "അപ്പോൾ പൂർവികരിൽ നടന്ന നടപടിക്രമമല്ലാതെ മറ്റുവല്ലതും അവർ പ്രതീക്ഷിക്കുന്നുണ്ടോ? എന്നാൽ അല്ലാഹുവിന്റെ നടപടി ക്രമത്തിന് ഒരു മാറ്റവും നീ കണ്ടെത്തുകയില്ല. അല്ലാഹുവിന്റെ നടപടി ക്രമത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല." (35:44). അതിനാൽ ദൈവിക സംവിധാനങ്ങളിലൂടെയുള്ള മാർഗദർശനങ്ങളിൽ നിന്നു വ്യതിചലിച്ചുകൊണ്ടു സ്വയംകൃതമായ ജീവിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അധികാരം സൃഷ്ടികളി ലാർക്കുമില്ല. അതിന്റെ പരിണതഫലം പരാജയമായിരിക്കും. ഇതുസംബന്ധമായി വാഗ്ദത്ത മസീഹ്(അ) നല്കിയ വിവരങ്ങളിൽ നിന്നുള്ള ചില ഭാഗങ്ങൾ ഇവിടെ കുറിക്കുന്നു:*

*തന്റെ ജീവിതത്തിന് സ്വയംതന്നെ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന് അധികാരമില്ല. എന്തെന്നാൽ, അവൻ ഈ ലോകത്തു സ്വയം ഇഷ്ടപ്രകാരം വരുകയോ സ്വമേധയാ ഇവിടെ നിന്നു തിരിച്ചു പോകുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തികമായ അവസ്ഥയിൽ നിന്നു ഉത്ഭവിക്കുകയും അവനു ഇതര ജീവികളെ അപേക്ഷിച്ചു പാവനവും ഉത്കൃഷ്ടവുമായ ശക്തികളും ബോധങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവ് തന്നെ അവന്റെ ജീവിതത്തിന് ഒരുദ്ദേശ്യവും കല്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്നത് നിസ്സന്ദേഹമാണ്..... മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ ശക്തികൾ പരിശോധിക്കുന്നതായാൽ അവയുടെയെല്ലാം പരമപ്രയോജനം ദൈവത്തെ അറിയുകയും ആരാധിക്കുകയും സ്നേ ഹിക്കുകയും ചെയ്യുകയാണെന്ന് ബോദ്ധ്യമാകുന്നതാണ്. അതിനാലത്രെ മനുഷ്യന് ഐഹിക ജീവിതത്തിൽ വിവിധങ്ങളായ വ്യാപാരങ്ങളിലും പരിശ്രമങ്ങ ളിലും ഏർപ്പെടുകയും എന്തെല്ലാം സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും ദൈവത്തിലല്ലാതെ മറ്റൊന്നിലും അവനു ആ യഥാർത്ഥസുഖം അനുഭവപ്പെടാതിരി ക്കുന്നത്. കോടീശ്വരനോ വർത്തക പ്രമാണിയോ മന്ത്രിപുംഗവനോ രാജാധിരാജനോ മഹാദാർശികനോ ആയിരുന്നാലും അവൻ ലൗകികമായ കെട്ടുപാടുകളിൽ കുടുങ്ങി ഒടുവിൽ ദുഃഖാർത്തനായി ജീവിതം വെടിയുന്നു. സ്വേച്ഛകൻ അവശനായി പ്രപഞ്ചാനുരാഗത്തിൽ ലയിക്കുക നിമിത്തം അവന്റെ അന്തഃകരണം അവനെ ശാസിക്കുന്നു. ഐഹിക വ്യാപാരങ്ങളുടെ വിജയപ്രാപ്തിക്കുവേണ്ടി അവൻ കൈക്കൊണ്ട കുനയം, വഞ്ചന, അക്രമം തുടങ്ങിയ അമംഗളകർമ്മങ്ങളെ അവന്റെ മനഃസാക്ഷി അനുകൂലിക്കാത്തതിനാൽ അതു അവനെ കുറ്റപ്പെടുത്തുന്നു...... ഉണ്ണുക, ഉറങ്ങുക തുടങ്ങിയ ശാരീരിക ധർമ്മങ്ങളിൽ മനുഷ്യൻ ഇതര ജീവികൾക്കു തുല്യൻ മാത്രമാണ്. എന്നാൽ, ചില ജീവികൾ കരകൗശലത്തിൽ അവനെ അതിശയിക്കുന്നുണ്ട്. അല്പ പ്രാണിയായ തേനീച്ച പലതരം പൂക്കളിൽ നിന്നു സത്തെടുത്തു വിശിഷ്ടമായതേനുണ്ടാക്കുന്നു. എന്നാൽ, ബുദ്ധി ജീവിയായ മനുഷ്യൻ നാളിതുവരെ ഈ വ്യവസായത്തിൽ വിജയിച്ചിട്ടില്ല. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണത ഈ ദൃശ്യവിഷയങ്ങളിലൊന്നുമല്ലെന്നും ദൈവൈക്യ പ്രാപ്തിയിൽ മാത്രമാണെന്നും കാണാം. അതിനാൽ മനുഷ്യന്റെ ഹൃദയ ഗേഹത്തിന്റെ കവാടം ദൈവത്തിന് നേരെ തുറന്നിടുക എന്നതാണ് അവന്റെ ജീവിതത്തിന്റെ യഥാർത്ഥോദ്ദേശ്യം."* ●

***(ഇസ്‌ലാംമത തത്ത്വജ്ഞാനം)***

## വിജ്ഞാന അന്വേഷണം

റസൂൽ തിരുമേനി(സ) പറഞ്ഞു: അബൂ ഉമാമയിൽ നിന്നും നിവേദനം: കുറഞ്ഞ പക്ഷം ഞാൻ നിങ്ങളിൽ ഉയർന്നവനായിരിക്കുന്നത് പോലെ ആരാധകനേക്കാൾ ജ്ഞാനി ഉയർന്നുനിൽക്കുന്നു. റസൂൽ തിരുമേനി(സ) ഇത്രയും കൂടി പറഞ്ഞു: അല്ലാഹുവും അവന്റെ മലക്കുകളും ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും പുറ്റുകൾക്കുള്ളിലെ ഉറുമ്പുകളും ജലത്തിൽ വസിക്കുന്ന മത്സ്യങ്ങളും ജനങ്ങളിൽ വിജ്ഞാനം ചൊരിയുന്നവന് അനുഗ്രഹത്തിന്നായി ആഗ്രഹിക്കും. ***(തിർമിദി)***

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

# മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധനത്തിനുള്ള മറുപടി-6

**ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീറും പ്രബോധനം ചീഫ് എഡിറ്ററുമായ ജ: കെ.എ. സിദ്ദീഖ് ഹസൻ സാഹിബിന് 1996 ആഗസ്റ്റ് 15ന് ലേഖകൻ അയച്ച കത്തിന്, നവമ്പർമാസത്തിൽ അദ്ദേഹം മറുപടി അയച്ചു. അദ്ദേഹം കത്തിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും മറുപടിയായി, പ്രമാണസഹിതം 1996 നവമ്പർ മാസത്തിൽ എഴുതിയ കത്തിന്റെ ആദ്യഭാഗം താഴെ കുറിക്കുന്നു.**

ബിസ്മില്ലാഹിർ റഹ്മാനിർ റഹീം
നഹ്മദുഹു വനുസല്ലീ അലാ റസൂലിഹിൽ കരീം
വഅലാ അബ്ദിഹിൽ മസീഹിൽ മൗഊദ്

ആന്ധ്രാപ്രദേശ്
20-11-1996

ബഹുമാന്യ സിദ്ദീഖ് ഹസൻ സാഹിബ് അവർകൾക്ക്,

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി
വബറക്കാത്തുഹു!

താങ്കൾ അയച്ച കത്തു കിട്ടി. വളരെ തിരക്കിനിടയിലും എന്റെ കത്തിന് മറുപടി തയ്യാറാക്കി അയച്ചതിന് നന്ദി. 'ജസാക്കുമുല്ലാഹ് അഹ്സനുൽ ജസാഅ്'. താങ്കളുടെ കത്ത് ഞാൻ പല ആവർത്തി വായിച്ചുനോക്കി. വാസ്തവത്തിൽ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെക്കുറിച്ച് താങ്കൾ വളരെ ഏറെ തെറ്റിദ്ധരിച്ചിരിക്കുന്നു എന്ന് കത്ത് വായിച്ചപ്പോൾ മനസ്സിലായി. അതുകൊണ്ട് തന്നെ താങ്കളുടെ കത്തിലെ പരാമർശങ്ങൾക്ക് വിശദീകരണം നല്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ വിശദീകരണത്തിൽ വൈകല്യങ്ങളുണ്ടെങ്കിൽ പണ്ഡിതോചിതമായിത്തന്നെ താങ്കൾ പ്രതികരിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. നമ്മുടെ ഈ ചർച്ചയിൽ അല്ലാഹു സാക്ഷിയായിരിക്കട്ടെ. *"പ്രിയ സലീം, ഇത് ഈമാന്റേയും കുഫ്റിന്റേയും കാര്യമാണ്. ശാശ്വതമായ പരലോകജീവിതത്തിൽ സ്വർഗമോ നരകമോ തെരഞ്ഞെടുക്കേണ്ടത് എന്ന് തീരുമാനിക്കുന്ന പ്രശ്നമാണ്. മനഃസ്സാക്ഷിയും ബുദ്ധിയും പണയം വയ്ക്കാതെ ചിന്തിക്കുക"* എന്ന താങ്കളുടെ സ്നേഹനിർഭരമായ ഉപദേശം ഞാൻ 100% സ്വീകരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനും, തിരുസുന്നത്തും ഹദീസും നല്കുന്ന അദ്ധ്യാപനങ്ങളെ മനസ്സാക്ഷിയും, ബുദ്ധിയും പണയം വയ്ക്കാതെ ഞാൻ വിവേചിച്ച് വിലയിരുത്തുന്നതാണ്. (ഇൻശാ അല്ലാഹ്), വിശുദ്ധ ഖുർആനിലെ *"വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു?"* (61:3) എന്ന അദ്ധ്യാപനമനുസരിച്ച് താങ്കളും പ്രസ്തുത ഉപദേശം സ്വയം പ്രാവർത്തികമാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. സത്യം സത്യമായും അസത്യം അസത്യമായും വേർതിരിച്ച് മനസ്സിലാക്കുവാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. (ആമീൻ)

* *താങ്കൾ എഴുതി: "വിശുദ്ധ ഖുർആനും നബി (സ)യുടെ ഹദീസുകളും വ്യക്തമായി പഠിപ്പിച്ച, മുഹമ്മദ് മുസ്ത്വഫായുടെ അന്ത്യപ്രവാചകത്വം നിങ്ങൾ അംഗീകരിക്കുന്നില്ലെന്നാണല്ലോ വ്യക്തമാവുന്നത്."*

വിശുദ്ധ ഖുർആനും, ഹദീസുകളും പുണ്യതിരുമേനിയെക്കുറിച്ച് എന്തെന്ത് പഠിപ്പിച്ചിട്ടുണ്ടോ അത് ഞങ്ങൾ മുഴുവനായും അംഗീകരിക്കുന്നു. ഇതിൽ യാതൊരു സംശയവുമില്ല.

താങ്കൾ വിശുദ്ധ ഖുർആനിൽ നിന്നും ഉദ്ധരിച്ച ആയത്ത്

"മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും, ഖാതമന്നബീയ്യീനും ആകുന്നു" (33:40). പ്രസ്തുത ആയത്തിൽ അല്ലാഹു ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ.അ.) തിരുമേനിയെ – റസൂലുല്ലാഹ്, ഖാതമന്നബിയ്യീൻ എന്നിങ്ങനെ വിശേഷിപ്പിക്കുന്നു.

'ഖാതമന്നബിയ്യീൻ' എന്നതിന്,

* അന്ത്യപ്രവാചകൻ എന്നോ.
* അവസാനത്തെ നബിയെന്നോ
* നബിമാരെ അവസാനിപ്പിച്ചവൻ എന്നോ
* നബിമാരുടെ മുദ്ര എന്നോ
* 'ആഖരീ നബി' എന്നോ
* 'ഖതം കർനേവാലാ നബീ' എന്നോ

മേൽ പറയപ്പെട്ട ഏതർത്ഥം അതിന് നല്കിയാലും തരക്കേടില്ല. പക്ഷേ, താഴെ പറയുന്ന ഒരർത്ഥം അതിന് ഒരിക്കലും കൊടുക്കുക സാദ്ധ്യമല്ലെന്ന് മാത്രമേ ഞങ്ങൾ പ്രമാണങ്ങളുടെ പിൻബലത്തോടുകൂടി പറയുന്നുള്ളൂ. അതിതാണ്.

"ഹദ്റത്ത് മുഹമ്മദ് നബി (സ.അ) തിരുമേനിക്ക് ശേഷം ഇനി ഒരിക്കലും ഒരുവിധത്തിലുമുള്ള നബിയും വരികയില്ല" എന്ന് പറയുന്നത് വിശുദ്ധ ഖുർആനിന്റേയും ഹദീസിന്റേയും അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഹദ്റത്ത് മുഹമ്മദ് നബി (സ.അ)യുടെ 'അന്ത്യപ്രവാചകത്വം' എന്നതിന് താങ്കൾ ഈ അർത്ഥം ആണ് നല്കുന്നതെങ്കിൽ, തീർച്ചയായും അത് ഞങ്ങൾ അംഗീകരിക്കുന്നില്ല. എന്തുകൊണ്ട് പ്രസ്തുത അർത്ഥം അതിന് ഇല്ല എന്ന് ഞങ്ങൾ പറയുന്നു? അതിനുള്ള തെളിവുകൾ ഓരോന്നായി ഞാൻ താഴെ വിവരിക്കാം.

വിശുദ്ധ ഖുർആനിൽ നിന്നുള്ള തെളിവുകൾ:

1. "ഇനി ഒരു നബിയെയും അല്ലാഹു അയക്കുകയില്ല" എന്ന് മുൻ ജനത പറഞ്ഞിരുന്നതായി അല്ലാഹു ഖുർആനിൽ വ്യക്തമാക്കുന്നു. അങ്ങനെ പറയുന്നവരെക്കുറിച്ച് അല്ലാഹുവിന്റെ അഭിപ്രായമെന്തെന്ന് നമുക്ക് പരിശോധിക്കാം.

വിശുദ്ധ ഖുർആനിൽ പറയുന്നു:

*"മുമ്പേ യൂസുഫ് നിങ്ങളുടെയടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലായിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു. അല്ലാഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല. ഇപ്രകാരം അതിരുകവിഞ്ഞു പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു."*

(–സൂറ: അൽമുഅ്മിൻ (ഗാഫിർ) – 34)

പ്രസ്തുത ആയത്തിൽ നിന്ന് വ്യക്തമാവുന്ന സംഗതികൾ:

* ഹദ്റത്ത് യൂസുഫ് നബി (അ) വ്യക്തമായ തെളിവുകളോടുകൂടി പ്രവാചകനായി തന്റെ ജനതയുടെ ഇടയിൽ വന്നപ്പോൾ.

* ഒരു വിഭാഗം അദ്ദേഹത്തിന്റെ ദൃഷ്ടാന്തങ്ങളിൽ സംശയിച്ചുകൊണ്ടിരുന്നു.

* അദ്ദേഹത്തിന്റെ മരണശേഷം അവർ പറഞ്ഞു.

"അല്ലാഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല."

കഴിഞ്ഞകാല ജനതയുടെ പ്രസ്തുത രണ്ട് ഗുരുതരമായ വീഴ്ചകൾ അതായത്:

(1) സത്യദൃഷ്ടാന്തങ്ങളുമായി വന്ന പ്രവാചകന്റെ ദൃഷ്ടാന്തങ്ങളിൽ സംശയിക്കൽ.

(2) "അല്ലാഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല" എന്ന് പറയൽ.

അല്ലാഹു, ഹദ്റത്ത് മുഹമ്മദ് നബി (സ.അ) തിരുമേനിക്കിറക്കിയ ലോകാവസാനം വരെ നിലനിൽ ക്കുന്ന വിശുദ്ധ ഖുർആനിൽ എടുത്തു ഉദ്ധരിച്ചുകൊണ്ട് തുടർന്നു: 'കദാലിക്ക' (ഇപ്രകാരം) എന്ന പ്രയോഗം കൊണ്ട് – വിശുദ്ധ ഖുർആനിന്റെ ലോകാവസാനം വരെയുള്ള സംബോധിതരെ അല്ലാഹു പഠിപ്പിക്കുന്നതെന്തെന്നാൽ, പ്രസ്തുത ജനത ചെയ്ത രണ്ട് ഗുരുതരമായ വീഴ്ചകൾ വെച്ച് പുലർത്തുന്നവർ – വഴിപിഴച്ചവരാണെന്ന്.

അപ്പോൾ, "അല്ലാഹു ഇനി ഒരു നബിയെയും അയക്കുകയില്ല എന്ന് പറയുന്നവരെ വഴിപിഴച്ചവരായി വിധിച്ചിരിക്കുന്നുവെന്ന് ഖുർആൻ പഠിപ്പിക്കുന്നു.

അതുകൊണ്ട് തന്നെയാണ് ഞങ്ങൾ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ അംഗങ്ങൾ–

"ഹദ്റത്ത് മുഹമ്മദ് നബി (സ.അ.)ക്ക് ശേഷം ഇനി ഒരിക്കലും ഒരുവിധത്തിലുള്ള നബിയേയും അല്ലാഹു അയക്കുകയില്ല" എന്ന് പറയാതിരിക്കുന്നത്.

അതുകൊണ്ട് തന്നെയാണ് 'ഖാത്തമന്നബിയ്യീൻ' എന്നതിന് മേൽപറയപ്പെട്ട അർത്ഥം കൊടുക്കൽ


32

വിശുദ്ധ ഖുർആനിലെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്നും ഞങ്ങൾ പറയുന്നത്.

* ഇനി വളരെ ശ്രദ്ധാർഹമായ മറ്റൊരു സംഗതിയെന്തെന്നാൽ മേൽപറയപ്പെട്ടവരുടെ അതായത് പ്രവാചകദൃഷ്ടാന്തങ്ങളിൽ സംശയിക്കുന്നവരുടേയും, "അല്ലാഹു ഇനി ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല" എന്ന് പറയുന്നവരുടേയും 'സ്വഭാവ'മെന്തെന്ന് കൂടി അല്ലാഹു തുടർന്നുള്ള ആയത്തിലൂടെ നമുക്ക് വ്യക്തമാക്കിതരുന്നു.

*"തങ്ങൾക്ക് വന്നുകിട്ടിയ ഒരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണവർ. അല്ലാഹുവിന്റേയും വിശ്വസിച്ചവരുടേയും അടുക്കൽ വളരെ കോപകരമാണത്. ഇപ്രകാരം അഹങ്കാരിയും, തന്നിഷ്ടക്കാരനുമായ ഏതൊരുത്തന്റേയും ഹൃദയത്തിൻ മേൽ അല്ലാഹു മുദ്ര വെയ്ക്കുന്നതാണ്."*

(സൂറ: അൽ മുഅ്മിൻ (ഗാഫിർ) – 35)

അപ്പോൾ, ഈ രണ്ട് ആയത്തുകളിൽനിന്നും യാതൊരു വ്യാഖ്യാനത്തിനും ഇടയില്ലാത്തവിധം മനസ്സിലാക്കുവാൻ കഴിയുന്ന കാര്യങ്ങൾ:

* സത്യമായ തെളിവുകളോടെ വന്ന പ്രവാചകന്റെ ദൃഷ്ടാന്തങ്ങളിൽ സംശയിച്ചുകൊണ്ടിരിക്കുകയും;

"അല്ലാഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല" എന്ന് പറയുകയും ചെയ്യുന്നവരെ,

* അല്ലാഹു വഴിപിഴച്ചവരായി വിധിച്ചിരിക്കുന്നു.

* അവർ ഒരു പ്രമാണവും ഇല്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ കുതർക്കം ചെയ്യുന്നു.

* അവർ അഹങ്കാരികളാണ്;

* അവർ തന്നിഷ്ടക്കാരാണ്;

* അവരുടെ ഹൃദയത്തിന്മേൽ അല്ലാഹു മുദ്ര വെയ്ക്കുന്നതാണ്.

ബഹുമാന്യരേ, മേൽ ഉദ്ധരിച്ച വിശുദ്ധ ഖുർആനിലെ ഈയൊരു തെളിവ് തന്നെ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമാണ്. ഇനി, മേൽ ആയത്തുകൾക്ക് "മനസ്സാക്ഷിയും ബുദ്ധിയും പണയം വെയ്ക്കാതെ" ചിന്തിച്ചാൽ മറ്റെന്തെങ്കിലും വ്യാഖ്യാനമാണുള്ളതെങ്കിൽ അത് വ്യക്തമാക്കിയാലും. ചുരുക്കത്തിൽ, ഭാവിയിലും മേൽ ചിന്താഗതിക്കാർ ഉണ്ടായിരിക്കുമെന്ന് സർവ്വജ്ഞനായ അല്ലാഹു മുൻകൂട്ടി കണ്ടതുകൊണ്ടായിരിക്കണമല്ലോ, ഇത് അവന്റെ 'കലാമി'ൽ രേഖപ്പെടുത്തിവെച്ചത്. അത് അതുപോലെ തന്നെ പുലർന്നില്ലെങ്കിലേ അത്ഭുതമുള്ളു! വിശുദ്ധ ഖുർആനിലെ ഈ രണ്ട് ആയത്തുകളെ മാത്രം മുൻനിർത്തി, താങ്കൾ ഉൾപ്പെടെയുള്ള ഇന്നത്തെ മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥ ഒന്ന് വിലയിരുത്തി നോക്കുക. "അല്ലാഹു ഇനി ഒരിക്കലും ഒരു നബിയെയും അയക്കുകയില്ലെന്നും", "ഇനി ഒരു നബിയുടെ ആവശ്യമില്ലെന്നും"; "നബി വരുന്നത് റഹ്മത്തല്ല, ലഅ്നത്താണെ"ന്നും – യാതൊരുവിധ പ്രമാണവും കൂടാതെ അവർ വിളിച്ചു പറയുന്നു. മാത്രമല്ല, ഈ കാലഘട്ടത്തിൽ വ്യക്തമായ അനേകായിരം തെളിവുകളോടുകൂടി, ഇസ്‌ലാമിനെ ഉദ്ധരിക്കാനും വിശുദ്ധ ഖുർആനിന്റേയും ഹദ്റത്ത് മുഹമ്മദ് മുസ് തഫ (സ.അ.) തിരുമേനിയുടേയും യഥാർത്ഥ ചര്യയും അദ്ധ്യാപനങ്ങളും ലോകത്തിന് പഠിപ്പിച്ചുകൊടുക്കുവാനും പുണ്യതിരുമേനിയുടെ പ്രവചനമനുസരിച്ച്, അല്ലാഹുവിനാൽ നിയോഗിതനായ ഉമ്മത്തീനബിയും വാഗ്ദത്ത മഹ്ദീ-മസീഹുമായ ഹദ്റത്ത് അഹ്മദ് (അ)ന്റെ സത്യസാക്ഷ്യത്തിലും – ദൃഷ്ടാന്തങ്ങളിലും അവർ സംശയിച്ചുകൊണ്ടേയിരിക്കുന്നു!

അപ്പോൾ, "അല്ലാഹു ഇനി ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല" എന്ന് പറയുന്നവരെക്കുറിച്ച് അല്ലാഹു വ്യക്തമാക്കിത്തന്ന സംഗതി നാം കണ്ടുകഴിഞ്ഞു.

ഇനി വളരെ വിനീതമായി ഞാൻ താങ്കളോട് ചോദിക്കട്ടെ, "അല്ലാഹു ഇനിയും ദൂതന്മാരെ അയക്കുന്നതാണ്" എന്ന് പറയുന്നവരെക്കുറിച്ച് വല്ലതും പറയുന്നതായി താങ്കൾക്ക് വിശുദ്ധ ഖുർആനിൽ നിന്ന് കാണിച്ചുതരാൻ കഴിയുമോ? അവർ വഴിപിഴച്ചവരാണെന്നോ – അഹങ്കാരികളാണെന്നോ തന്നിഷ്ടക്കാരാണെന്നോ – അല്ലാഹു പറഞ്ഞതായി കാണിച്ചുതരുമോ? തീർച്ചയായും കഴിയില്ല.

മറ്റൊന്ന്, ഏതെങ്കിലും ഒരു കള്ളപ്രവാചകനെ പിൻപറ്റുന്നവർക്ക് അല്ലാഹു നല്കുന്ന താക്കീതിനെക്കുറിച്ചോ – ശിക്ഷയെക്കുറിച്ചോ പ്രതിപാദിക്കുന്ന ഏതെങ്കിലും ഒരായത്ത് താങ്കൾക്ക് വിശുദ്ധ ഖുർആനിൽ നിന്നും കാണിച്ച് തരാൻ കഴിയുമോ? തീർച്ചയായും കഴിയില്ല.

വിശുദ്ധ ഖുർആനിൽ പറയുന്നത് കാണുക.

*"അദ്ദേഹം കളവ് പറയുന്ന ആളാണെങ്കിൽ അദ്ദേഹത്തിന്റെ കളവിന്റെ ദോഷഫലം അദ്ദേഹത്തിന് തന്നെയായിരിക്കും. അഥവാ അദ്ദേഹം, സത്യം പറയുന്ന ആളാണെങ്കിൽ, അദ്ദേഹം നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുന്ന*



33

*കാര്യങ്ങളിൽ ചിലത് നിങ്ങളെ ബാധിക്കും. തീർച്ചയായും അല്ലാഹു അതിരുകടന്ന് പ്രവർ ത്തിക്കുന്നവനേയും കള്ളം പറയുന്നവനേയും വിജയമാർഗ്ഗത്തിൽ നയിക്കുകയില്ല.* (സൂറ: അൽമുഅ്മിൻ – 28)

പ്രസ്തുത ആയത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്ന പ്രധാന സംഗതികളെന്തെല്ലാം?

* ഒരാൾ കള്ളപ്രവാചകത്വം വാദിച്ചാൽ, ആരെങ്കിലും തെറ്റിദ്ധരിച്ച് അയാളെ പിൻപറ്റിയാൽ,

അയാളുടെ കളവിന്റെ ദോഷഫലം തീർച്ചയായും അയാൾക്ക് തന്നെയായിരിക്കും.

അയാളെ പിൻപറ്റിയവർക്കായിരിക്കില്ല.

* ഇനി അയാൾ സത്യവാദിയാണെങ്കിലോ, അദ്ദേഹത്തെ പിൻപറ്റാതിരിക്കുന്നവർക്ക് അദ്ദേഹം മുന്നറിയിപ്പ് നല്കുന്ന കാര്യങ്ങളിൽ ചിലത് ബാധിക്കും.

* ഇനി, കള്ളവാദിയുടെ ലക്ഷണമെന്തെന്നും ഈ ആയത്തിന്റെ അവസാനം വ്യക്തമാക്കുന്നുണ്ട്. തന്റെ മാർഗ്ഗത്തിൽ വിജയം വരിക്കുകയില്ല. അഥവാ അല്ലാഹു അയാളെ വിജയമാർഗ്ഗത്തിൽ നയിക്കുകയില്ല.

പ്രസ്തുത ആയത്തിൽ നിന്ന് ഉരുത്തിരിയുന്ന വിശദീകരണമെന്തെന്നാൽ, അല്ലാഹുവിന്റെ പേരിൽ കളവ് പറഞ്ഞുകൊണ്ട് ആരെങ്കിലും ജനങ്ങളുടെ ഇടയിൽ വന്നാൽ – അയാൾ മരിക്കുന്നതിന് മുമ്പേ തന്നെ അഥവാ തന്നെപിൻപറ്റിയവർ അറിയവേ തന്നെ അയാൾ ദോഷഫലം അനുഭവിക്കണം. അഥവാ അനുയായികൾക്ക് അറിയുമാറാകണം ഇയാൾ സത്യവാദിയായിരുന്നില്ലെന്ന്. മാത്രമല്ല, അയാളുടെ എല്ലാ സംരംഭങ്ങളും പരാജയത്തിൽ നിന്ന് പരാജയത്തിലേക്കായിരിക്കും. വിജയത്തിന്റെ മാർഗ്ഗത്തിൽ അല്ലാഹു ഒരിക്കലും അയാളെ നയിക്കുകയില്ല. അതുകൊണ്ട് തന്നെ സാമാന്യജനത്തിന് അബദ്ധത്താലെങ്കിലും പിൻപറ്റാനുതകുന്ന ഒരു ദൃഷ്ടാന്തവും അയാളിൽ നിന്ന് കാണുക സാദ്ധ്യമല്ല.

അത് കൊണ്ട് തന്നെയാണല്ലോ, അല്ലാഹുവിൽ നിന്ന് വഹ്‌യ് ലഭിക്കുന്നുവെന്നും മറ്റും കളവ് കെട്ടിച്ചമയ്ക്കുന്നവരെ ഈ ലോകത്ത് വെച്ച് തന്നെ അല്ലാഹു പിടികൂടുമെന്ന് വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിരിക്കുന്നത്. അല്ലാഹു പറയുന്നതു കാണുക.

*“അദ്ദേഹം നമ്മുടെ മേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ, നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരാരും നിങ്ങളിൽ ഉണ്ടായിരിക്കുകയില്ല.”*

(–സൂറ: അൽഹാഖത്ത് – 44, 45, 46, 47)

പ്രസ്തുത ആയത്തിൽ നിന്ന് വ്യക്തമാവുന്ന സംഗതികൾ എന്തെല്ലാം?

* ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ.അ.) തിരുമേനി, താൻ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് വാദിച്ചതും.

* അല്ലാഹുവിൽ നിന്ന് തനിക്ക് വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞതും.

* ഇന്നിന്ന വചനങ്ങൾ അല്ലാഹുവിൽ നിന്ന് തനിക്ക് ലഭിച്ചതാണെന്നും പറഞ്ഞത് കളവാണെങ്കിൽ അല്ലാഹു അദ്ദേഹത്തിന്റെ ജീവനാഡി മുറിച്ച് കളയുമെന്ന് പ്രഖ്യാപിക്കുന്നു.

* അതിനെ തടയുക ആരാലും സാദ്ധ്യമല്ല.

പ്രസ്തുത ആയത്ത് കള്ളപ്രവാചകത്വവാദികളെക്കുറിച്ചുള്ള അല്ലാഹുവിന്റെ പൊതുനിയമമാണെന്ന് ഭൂരിപക്ഷ ‘മുഫസ്സീരീങ്ങ്’ളും സമ്മതിക്കുന്നു.

ലോകത്ത് കള്ളപ്രവാചകത്വവാദവുമായി വന്ന എല്ലാവരുടേയും പര്യവസാനം പ്രസ്തുത ആയത്തിനെ സാക്ഷീകരിക്കുന്നു. “മുസൈലിമ മുതൽ റഷാദ് ഖലീഫ’ വരെ ഇതിന് ഉദാഹരണങ്ങളാണ്. അഥവാ അവരെ പിൻപറ്റുന്നവർക്ക് അറിയുമാറാകുന്നു, ഇയാൾ സത്യവാദിയായിരുന്നില്ലെന്ന്. അങ്ങനെ അവരുടെ പരമ്പര അവിടെ അവസാനിക്കുന്നു. അവർക്ക് സത്യസാക്ഷ്യം നല്കാനോ, അവരെ ആദരപൂർവ്വം വീക്ഷിക്കുവാനോ പിൻഗാമിയായോ, അനുയായി ജീവിക്കുവാനോ ആരും ലഭ്യമല്ലാത്തവിധം അവരുടെ കപടമുഖം അതിലൂടെ ലോകത്തിന് വ്യക്തമാവുകയും ചെയ്യുന്നു. അപ്പോൾ ഇവിടെ സ്വാഭാവികമായും ഒരു ചോദ്യം ഉത്ഭവിച്ചേക്കാനിടയുണ്ട്. ഈ ലോകത്ത് എത്രയോ ആളുകൾ താൻ അല്ലാഹു ആണെന്നും, ദൈവമാണെന്നും ഭഗവാനാണെന്നും മറ്റും വാദിച്ചുകൊണ്ട് ജീവിക്കുന്നു. അവരെ ഈ നിയമം ബാധിക്കുന്നില്ലല്ലോ എന്ന്.

‘ബഹാഉല്ല’ മുതൽ ‘സത്യസായി ബാബ’ വരെ അതിനുള്ള ഉദാഹരണമായി നിരത്തിയേക്കാം. എന്നാൽ നമുക്ക് അതിനുള്ള മറുപടി വിശുദ്ധ ഖുർആൻ തന്നെ നല്കുന്നു.

വിശുദ്ധ ഖുർആനിൽ, ഒരാൾ ദൈവത്വം വാദിച്ചാൽ ഇഹലോകത്ത് വച്ച് തന്നെ അയാൾക്ക് ശിക്ഷ നൽകുമെന്ന് എവിടേയും സുചിപ്പിക്കുന്നില്ല. എന്ന് മാത്രമല്ല,


34

അത്തരക്കാരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് കാണുക:

*"അല്ലാഹുവിന് പുറമെ 'താൻ ഒരു ദൈവമാണെന്ന്' അവരിൽ ആരെങ്കിലും പറയുന്നതായാൽ അവന് നരകമാണ് നാം പ്രതിഫലം നല്കുക. അക്രമികൾക്ക് ഇതേപ്രകാരം നാം പ്രതിഫലം നല്കുന്നു."*

(-സൂറ: അൽ അമ്പിയാഅ് - 29)

പ്രസ്തുത ആയത്തിൽ നിന്ന് വ്യക്തമാവുന്ന സംഗതി എന്തെന്നാൽ, ആരെങ്കിലും ദൈവമാണെന്ന് വാദിച്ചാൽ അയാൾക്കുള്ള പ്രതിഫലം നരകമാണെന്ന ത്രേ.

പ്രസ്തുത രണ്ട് ആയത്തുകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന വസ്തുത എന്തെന്നാൽ, ഒരാളുടെ ദൈവത്വവാദം, സാമാന്യബുദ്ധിക്ക് പോലും നിരക്കാത്തതും - കളവാണെന്ന് എളുപ്പം മനസ്സിലാക്കുവാൻ പ്രയാസമില്ലാത്തതുമാണ്. എന്നാൽ ഒരാളുടെ പ്രവാചകത്വവാദമാകട്ടെ, അങ്ങനെയല്ല, അത് സത്യമാണെന്ന് ബുദ്ധിജീവികൾ പോലും തെറ്റിദ്ധരിക്കുവാൻ ഇടയുണ്ട്. അതുകൊണ്ട് തന്നെയാണ് അക്കാര്യത്തിൽ, ജനങ്ങൾ തെറ്റിദ്ധരിക്കാൻ ഇടയില്ലാത്തവിധം അത്തരക്കാരെ ഇഹലോകത്ത് വെച്ച് തന്നെ പിടികൂടുമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ വ്യക്തമാക്കിയിരിക്കുന്നത്.

ഞാൻ ഇത്രയും വിശദീകരിച്ചത് വ്യക്തമായ പ്രമാണമുദ്ധരിച്ച് മാത്രമാണ്. മേൽ വിവരിക്കപ്പെട്ട പ്രമാണങ്ങളുടെ ഒരു സംക്ഷിപ്ത സംഗ്രഹം താഴെ കുറിക്കുന്നത് സന്ദർഭോചിതമായിരിക്കും.

* അല്ലാഹു ഇനി ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ലെന്ന് പറയുന്നവർ വഴിപിഴച്ചവരെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു.

* സത്യപ്രവാചകന്റെ ദൃഷ്ടാന്തങ്ങളിൽ സംശയിക്കുന്നവരേയും അല്ലാഹു വഴിപിഴച്ചവരായി വിധിച്ചിരിക്കുന്നു.

* മേൽ പറയപ്പെട്ട രണ്ട് വിഭാഗക്കാരും അഹങ്കാരികൾ.

* അവർ തന്നിഷ്ടക്കാർ;

* അവർ പ്രമാണങ്ങളില്ലാതെ കുതർക്കം ചെയ്യുന്നവർ;

* അല്ലാഹുവിന്റേയും വിശ്വാസികളുടേയും കോപം ഏറ്റുവാങ്ങിയവർ;

* അവരുടെ ഹൃദയങ്ങൾക്ക് അല്ലാഹു മുദ്ര വെച്ചിരിക്കുന്നു

* കള്ളപ്രവാചകത്വവാദി സ്വയം ദോഷഫലം അനുഭവിക്കും

* അബദ്ധത്താൽ പിൻപറ്റുന്നവർക്ക് ശിക്ഷയില്ല;

* കള്ളപ്രവാചകനെ പിൻപറ്റാനുതകുന്ന ഒരു ദൃഷ്ടാന്തവും അയാളിൽ നിന്ന് ലഭ്യമാകുന്നതല്ല;

* കള്ളപ്രവാചകത്വവാദി ഈ ലോകത്ത് വെച്ച് തന്നെ കൊല്ലപ്പെടും;

* കള്ളപ്രവാചകത്വവാദിയുടെ ഒരു സംരംഭവും വിജയം കാണുകയില്ല;

* ദൈവത്വവാദിക്ക് ഈ ലോകത്ത് ശിക്ഷയെക്കുറിച്ച് ഖുർആൻ പറയുന്നില്ല, അവർക്കുള്ള പ്രതിഫലം നരകമാണെന്നും ഖുർആൻ വ്യക്തമാക്കുന്നു.

(തുടരും)

---

*(13-ൽ നിന്ന് തുടർച്ച)*

വ്യാഖ്യാനത്തെ പിന്തുണക്കുകയാണ് ചെയ്യുന്നത്. ഞാൻ എന്റെ വ്യാഖ്യാനം നൽകിക്കഴിഞ്ഞു. ദൈവാസ്തിക്യത്തിനും തിരുനബിയുടെ സത്യത്തിനും അത് മതിയായ തെളിവാണ്.

ജിന്നെന്ന് പറയുന്നതു, സ്ത്രീകളെ വശീകരിക്കുകയോ, ചിലരുടെ കുട്ടികളെ പിടിച്ചെടുക്കുകയോ, ജിന്നിന്റെ സഹായത്താൽ സൗന്ദര്യം വർദ്ധിപ്പിച്ച്, വേറൊരാളുടെ സ്നേഹം പിടിച്ചുപറ്റാൻ സഹായിക്കുകയോ ചെയ്യുന്ന ഒരു പ്രത്യേക സൃഷ്ടിയാണെന്ന് വിശ്വസിക്കുന്നവർ, ഖുർആനിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് പറയണം. അത്തരത്തിലുള്ള ജിന്ന് പ്രപഞ്ചത്തിന്റെ അതിരു കടന്ന് പോയിട്ടുണ്ടോ, അതിന് ശ്രമിച്ചിട്ടുണ്ടോയെന്ന് നമുക്കെങ്ങനെ അറി യാം? നമ്മുടെ പൂർവ്വീകർ അതു ചെയ്തിട്ടുണ്ടാവില്ല. അങ്ങനെ ജിന്ന് ചെയ്തിട്ടുണ്ടെങ്കിൽ നമുക്ക് അതിനെപ്പറ്റി അറിവില്ല. ഖുർആന്റെ സത്യത്തിന് അതെവിടെയാണ് തെളിവു നൽകുന്നത്'? അതേസമയം എന്റെ വ്യാഖ്യാനം ഖുർആന്റെ സത്യത്തിന് വ്യക്തമായ തെളിവ് നൽകുന്നുണ്ട്.

**(Review of Religions, ജനുവരി 2001)**

**(വിവ: കെ.എ. അബ്ദുൽകലാം, കൊച്ചി)**



35

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 18**

ഏ.ക്യു മഹ്ദി

# അന്ത്യകാലത്തെ മുസ്ലിംകളുടെ സ്ഥിതി

## പ്രതാപമുഗ്ദമായ ഭൂതകാലത്തിനുശേഷം മുസ്ലിം ലോകത്തിന്റെ ദാരുണമായ അധഃപതനം ആരംഭിച്ചു.

**അ**ന്ത്യകാലത്തെ മുസ്ലിംകളുടെ സ്ഥിതിയെപ്പറ്റി ഒരു ഖുർആൻ വാക്യമുണ്ട്.

'പ്രവാചകൻ പറയും: ഓ രക്ഷിതാവേ, എന്റെ ജനത ഈ ഖുർആനെ പാടെ നിരാകരിച്ചു കളഞ്ഞു'.

ഇതു സംബന്ധിച്ചുള്ള ചില നബിവചനങ്ങളും ശ്രദ്ധിക്കാം.

'തീർച്ചയായും നിങ്ങളിൽ ഒരു കാലം വരും. അന്ന് ഇസ്ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കും. പള്ളികൾ ജനബാഹുല്യമുള്ളതായിരിക്കുമെങ്കിലും അവ ഭക്തിശൂന്യങ്ങളായിരിക്കും. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. കുഴപ്പം അവരിൽ നിന്നു പുറപ്പെടും; ഒടുവിൽ അവരിലേയ്ക്കു തന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും' (മിശ്കാത്ത്)


'ഒരു ജോടി ചെരിപ്പുകൾ അന്യോന്യം സാദൃശ്യമുള്ളതുപോലെ ഇസ്രയേലിയരിൽ സംഭവിച്ചതെല്ലാം തീർച്ചയായും എന്റെ ജനതയിലും സംഭവിക്കും. അവരിൽ ആരെങ്കിലും നിന്ദ്യമായ നീചകൃത്യം ചെയ്തിട്ടുണ്ടെങ്കിൽ എന്റെ സമുദായത്തിലും അപ്രകാരം ചെയ്യുന്നവരുണ്ടായിരിക്കും.' (മിശ്കാത്ത്)

'തീർച്ചയായും നിങ്ങൾക്കു മുമ്പുള്ളവരുടെ (യഹൂദി നസാറാക്കൾ) ചെയ്തികളെ ചാണിനു ചാണായും മുഴത്തിനു മുഴമായും പിന്തുടരും. അവർ ഒരു ഉടുമ്പിൻമാളത്തിൽ കടന്നിട്ടുണ്ടെങ്കിൽ നിങ്ങളും അതു ചെയ്യും' (ബുഖാരി, മുസ്ലിം)

ഇനി പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലെ മുസ്ലിംകളെപറ്റി ഒരു നബിവചനം നോക്കാം.

'അന്ത്യകാലത്ത് അധികമാളുകളും റോമക്കാർ (ക്രിസ്ത്യാനികൾ) ആയിരിക്കും.' (മുസ്ലിം)

ക്രൈസ്തവ നവോത്ഥാനത്തോടെ ആരംഭിച്ച ദജ്ജാലി ശക്തികൾ, യഅ്ജൂജ് മഅ്ജൂജ് ആയി അഥവാ പരസ്പരം മത്സരിക്കുന്ന കൊളോണിയൽ ശക്തികളായി, മുതലാളിത്ത സോഷ്യലിസ്റ്റ് ചേരികളായി പിരിഞ്ഞ് മുസ്ലിം രാജ്യങ്ങളിലേയ്ക്ക് ഇരമ്പിക്കയറി. ഒന്നാം ലോകമഹായുദ്ധത്തിൽ (1914-18) തുർക്കിയുടെ പതനത്തോടെ മുസ്ലിം പ്രതാപം ഒരു ഭൂതകാലസ്മരണയായി. ശക്തി ക്ഷയിച്ച മുസ്ലിം രാജ്യങ്ങൾ ഒന്നൊന്നായി





36

യൂറോപ്യൻ ക്രൈസ്തവ ശക്തികൾക്ക് അഥവാ ദജ്ജാലി ശക്തികൾക്കു കീഴടങ്ങി.

ഖിലാഫത്തിനെ സംബന്ധിച്ച് വളരെ ശ്രദ്ധേയമായ ഒരു പ്രവചനം ഉണ്ടായി. ആ നബിവചനം ഇതാണ്.

'അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും. പിന്നീട് അവൻ നിശ്ചയിക്കുമ്പോൾ പ്രവാചകത്വത്തെ ഉയർത്തിക്കളയും. തുടർന്ന് പ്രവാചകത്വമാതൃകയിലുള്ള ഖിലാഫത്ത് നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കുന്ന കാലം വരെ അത് നിങ്ങൾക്കിടയിൽ അവശേഷിക്കും. പിന്നീടവൻ നിശ്ചയിക്കുമ്പോൾ അതും നീക്കും. തുടർന്ന് തൽസ്ഥാനത്ത് സ്വേച്ഛാധിപത്യമർദ്ദക ഭരണകൂടം നിലവിൽവരും. അല്ലാഹു നിങ്ങളിൽനിന്ന് നീക്കിക്കളയാൻ ഉദ്ദേശിക്കുംവരെ അതു നിലനിൽക്കും. അതിനുശേഷം വീണ്ടും പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള (മിൻഹാജുന്നുബുവ) ഖിലാഫത്ത് നിലവിൽ വരും. ഇതു പറഞ്ഞ ശേഷം തിരുമേനി മൗനം ദീക്ഷിച്ചു.' (മിശ്കാത്ത് - കിതാബുൽ രിഖാസ്)

ഖിലാഫത്തിനുണ്ടാകുന്ന നിറഭേദങ്ങളും ഗതിവ്യതിയാനങ്ങളും ഹദീസിൽ പ്രവചിക്കപ്പെട്ട പ്രകാരം അക്ഷരംപ്രതി പുലരുകയുണ്ടായി. രാജഭരണമായിരുന്ന തുർക്കി ഖിലാഫത്ത് ഒന്നാംലോക മഹായുദ്ധത്തിനുശേഷം 1920-കളിൽ നശിച്ചു. പിന്നീട് പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് സമാഗതമായി, സ്ഥാപിതമായി, അതാണ് അഹ്മദിയ്യ ഖിലാഫത്ത്.

മതരംഗത്തെപ്പറ്റി വളരെ പ്രധാനപ്പെട്ട ഒരു നബിവചനം കൂടിയുണ്ട്; ഈ നബിവചനം ശ്രദ്ധിക്കൂ.




'ബനു ഇസ്രായീൽ എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞു. എന്റെ സമുദായം എഴുപത്തിമൂന്നു കക്ഷികളായി പിരിയും, അവരിൽ ഒന്നൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അപ്പോൾ സഹാബാക്കൾ ചോദിച്ചു: 'അല്ലയോ ദൈവദൂതരേ, ആ കക്ഷി ഏതാണ്?'

തിരുമേനി പറഞ്ഞു,

'ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ' (മിശ്കാത്ത്)

ലോകം മുഴുവൻ വ്യാപിച്ചു നിന്ന മുസ്‌ലിം ഉമ്മത്തിനെ ഏകോപിപ്പിച്ചു നിർത്തിയ ഉസ്മാനിയ ഖിലാഫത്തിന്റെ നാശത്തിനുശേഷം മുസ്‌ലിംകൾ, പരസ്പരം പോരടിക്കുന്ന വിവിധ കക്ഷികളായികഴിഞ്ഞിരുന്നു. പലതും ഇസ്‌ലാമികേതര സ്വാധീനങ്ങൾക്കു വിധേയമായി. ഒരു മുസ്‌ലിം കക്ഷിയുടെ ഏറ്റവും വലിയ ശത്രു മറ്റൊരു മുസ്‌ലിം കക്ഷിയെന്ന നില വന്നു.

ക്രിസ്തീയലോകം ആശയരംഗത്ത് ഇസ്‌ലാമിനെതിരേയുള്ള കുരിശുയുദ്ധം പത്തൊമ്പതാം നൂറ്റാണ്ടിലും തുടരുകയായിരുന്നു. 'ഓറിയന്റലിസം' എന്ന വൈജ്ഞാനിക ശാഖ 'അക്കാദമീയ പഠനം' എന്ന മറവിൽ ഇസ്‌ലാമിനെതിരെ രൂക്ഷമായ വിമർശനങ്ങൾ അഴിച്ചുവിട്ടു. റസൂൽ തിരുമേനി(സ) യുദ്ധത്തിന്റെയും ജിഹാദിന്റെയും പ്രണേതാവായി ചിത്രീകരിക്കപ്പെട്ടു. ഇസ്‌ലാം അപരിഷ്കൃതരുടെ മതമാണെന്നും അസമാധാനമാണ് അതിന്റെ സന്ദേശമെന്നും പ്രചരിപ്പിക്കപ്പെട്ടു. അതിജീർണ്ണതയിൽ മൃതപ്രായമായ മുസ്‌ലിം പണ്ഡിതലോകത്തുനിന്ന് യാതൊരു പ്രതികരണവുമുണ്ടായിട്ടില്ല. പതിനായിരക്കണക്കിനു മുസ്‌ലിം പണ്ഡിതന്മാർ ക്രി സ്തുമതം സ്വീകരിച്ചു. മുസ്‌ലിം ലോകം ക്രിസ്തീയപ്രഭാവത്തിനു മുമ്പിൽ തല കുനിച്ചു നിന്നു.

അപ്പോഴും ക്രിസ്തീയർ തങ്ങളുടെ വെല്ലുവിളികൾ ആവർത്തിച്ചു കൊണ്ടിരുന്നു.

1892-ൽ പ്രഗത്ഭ ക്രിസ്തീയ പ്രചാരകൻ വില്യം ബറോസിന്റെ ഔദ്ധത്യം നിറഞ്ഞ ഒരു പ്രഖ്യാപനം പുറത്തുവന്നു. അതിതായിരുന്നു.

'കുരിശിന്റെ പ്രകാശം പ്രസരിച്ച ലബനോൺ, പേർഷ്യൻ പർവ്വ

*(ശേഷം 40-ൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# ലക്ഷ്യം കാണാത്ത കാലാവസ്ഥാ ഉച്ചകോടി

**ഡെ**ന്മാർക്കിന്റെ തലസ്ഥാന മായ കോപ്പൻഹേഗനിൽ 2009 ഡിസംബർ 7 മുതൽ 18 വരെ ഐക്യരാഷ്ട്രസഭയുടെ നേതൃത്വ ത്തിൽ നടന്ന കാലാവസ്ഥാ വ്യതി യാന ഉച്ചകോടി ലോകരാഷ്ട്ര ങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിക സിത രാജ്യങ്ങൾക്കും വികസ്വര രാജ്യങ്ങൾക്കുമിടയിൽ ധാരണ യോ കരാറോ ഇല്ലാതെ പരസ്പരം ആരോപണങ്ങൾ നടത്തി പിരി ഞ്ഞു. തകിടം മറിഞ്ഞുകൊണ്ടിരി ക്കുന്ന ലോകകാലാവസ്ഥയെ ഇത് വീണ്ടും കുഴപ്പത്തിലാക്കുമോ എന്ന് ശാസ്ത്രലോകം ഭയപ്പെടു ന്നു.

മനുഷ്യന്റെ വഴിവിട്ട വികസന പ്രവർത്തനങ്ങൾ ഭൂമിയിൽ അവ ന്റെ നിലനിൽപ്പ് തന്നെ ഇല്ലാതാ ക്കുമോ എന്ന ആശങ്ക പരിസ്ഥിതി വാദികളിൽ നിന്ന് വികസിത വിക സ്വര രാജ്യങ്ങളിലെ പൊതുജനങ്ങ ളിലേക്ക് സംക്രമിക്കുകയാണ്. ലോകവ്യാപകമായി അനുഭവപ്പെ ടുന്ന കാലാവസ്ഥാവ്യതിയാനവും പ്രകൃതിക്ഷോഭങ്ങളും ലക്കും ലഗാ നുമില്ലാതെ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്തതിന്റെ തിരിച്ചടി യാണെന്ന് വിലയിരുത്തപ്പെടുന്നു.

മനുഷ്യൻ ഭൂമിയിൽ ആവിർ ഭവിക്കുന്നതിന് മുമ്പേ ഭൂമിയേയും അതിന്റെ അന്തരീക്ഷത്തേയും മനു ഷ്യന് വേണ്ടി ഒരുക്കിവെച്ച ദൈവം പ്രപഞ്ചത്തിലെ സന്തുലന വ്യവ സ്ഥയെ സംബന്ധിച്ചും - അത് ലംഘിച്ചാലുണ്ടാകുന്ന വിപത്തു കളെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. മാനവരാശിയുടെ വികസിത വിക സ്വര ജനസമൂഹങ്ങളെ അഭി സംബോധന ചെയ്തുകൊണ്ട് പറഞ്ഞ ഈ കാര്യം ശ്രദ്ധേയമാണ്. അത് പോലെ ഭൂമി സർവ്വ ജീവജാ ലങ്ങൾക്കും അവകാശപ്പെട്ട ആവാ സകേന്ദ്രമാണെന്നും ദൈവം മനു ഷ്യനെ ഓർമ്മിപ്പിക്കുന്നു. ഇത്തരം പാരിസ്ഥിതിക വിഷയങ്ങൾ സം ക്ഷേപിച്ചുകൊണ്ടുള്ള ഖുർആന്റെ വചനം ഇതാണ്:

***'ആകാശത്തെ അവൻ ഉയർ ത്തുകയും സന്തുലനവ്യവസ്ഥ (മീ സാൻ) സ്ഥാപിക്കുകയും ചെയ്തി രിക്കുന്നു: നിങ്ങൾ ആ തുല മാനത്തിൽ അതിക്രമം പ്രവർത്തി ക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവ്വം തുലമാനം നിലനി ർത്തുക. നിങ്ങൾ അളവിൽ കുറ വുവരുത്തുകയുമരുത്. ഭൂമിയെ അവൻ എല്ലാ ജീവജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു...... (ജിന്നി ന്റേയും അഥവാ വികസിതരാജ്യ ങ്ങളുടേയും ഇൻസിന്റേ യും അഥവാ വികസ്വര രാജ്യങ്ങളു ടേയും സമൂഹമേ) അപ്പോൾ നിങ്ങ ളിരുകൂട്ടരുടേയും നാഥന്റെ അനു ഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്.*** (സൂറ: റഹ്മാൻ 55:9-14)

പരിസ്ഥിതിവിഷയങ്ങളെ അഗാ ധമായി സ്പർശിക്കുന്ന ഈ ഖുർആ നിക വചനത്തെക്കുറിച്ചും അതില ടങ്ങിയ സന്ദേശത്തെക്കുറിച്ചും നാം ഗാഢമായി ചിന്തിക്കേണ്ടിയിരി ക്കുന്നു.

ഭൂമിയുടെ ചരിത്രം പരിശോധി ക്കുകയാണെങ്കിൽ 6.5 ശതകോടി വർഷത്തെ അതിന്റെ ചരിത്രത്തിനി ടയിൽ താപത്തിന്റേയും കൊടുംത ണുപ്പിന്റേയും നിരവധി കാലചക്ര ങ്ങൾ കടന്നുപോയിട്ടുണ്ട്. അതിപു രാതനകാലത്ത് വൻതോതിലുള്ള അഗ്നിപർവ്വതപ്രവർത്തനങ്ങളുടെ ഫലമായുണ്ടായ കാർബൺ ബഹിർ ഗമനം, സൂര്യനിലെ തീവ്രമായ ഊർ ജത്തിന്റെ ഉൽസർജനം, ഭൗമാന്തരീ ക്ഷത്തിന്റെ ശോഷണം, ദശലക്ഷക്ക ണക്കിന് വർഷങ്ങൾക്കൊണ്ട് സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ പരി ക്രമണത്തിലുണ്ടാകുന്ന വ്യതിയാന ങ്ങൾ (മിലങ്കോവിച്ച് സൈക്കിൾ) മുതലായ പ്ര വർത്തനങ്ങളിലൂടെ കൊടുംചൂടിന്റേയും ഹിമയുഗ ത്തിന്റേയും നിരവധി കാലചക്ര ങ്ങൾ ***ഭൂമിയിൽ കടന്നുപോയിട്ടു ണ്ടെന്ന് ഭൗമശാസ്ത്രം പറയുന്നു. ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റ പ്പെടുന്ന നാളിൽ*** (14:49) എന്ന ഖുർ ആൻ വചനം ഓർക്കുക. പക്ഷേ, അതെല്ലാം മനുഷ്യേതരമായ പ്രകൃ തിശക്തികളുടെ കോടാനുകോടി


38

വർഷം കൊണ്ടുണ്ടായ ഭൂമിയിലെ കാലാവസ്ഥാവ്യതിയാനങ്ങളാണ്. ഇപ്പോൾ നാം അനുഭവിക്കുന്ന പ്രശ്നം നമ്മുടെ ആവാസവ്യവസ്ഥ യുടെ സംന്തുലനവ്യവസ്ഥയിൽ നമ്മുടെ കരങ്ങൾക്കൊണ്ട് സൃഷ്ടി ക്കപ്പെട്ടതും നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നവുമാണ്.

അതിവൃഷ്ടി, അതിശൈത്യം, വരൾച്ച, പ്രകൃതിക്ഷോഭങ്ങൾ മുത ലായ പാരിസ്ഥിതിക ദുരന്തങ്ങൾ ഭൂവാസികളെ പിടിച്ചുലക്കുകയാ ണ്. തദ്ഫലമായുണ്ടാകുന്ന ഭക്ഷ്യ ക്ഷാമം സാമ്പത്തിക രാഷ്ട്രീയ പ്രത്യാഘാതങ്ങൾ എല്ലാംതന്നെ ആഗോള സമൂഹത്തെ ബാധിച്ചു തുടങ്ങിയിരിക്കുന്നു. തെക്ക് പടി ഞ്ഞാറൻ ഭാഗത്ത് നിന്ന് വീശിയടി ക്കുന്നതും ഇടവപ്പാതിയിൽ കേരള ത്തിലെത്തുന്നതുമായ മൺ സൂണും അത് പോലെ തുലാമാസ ത്തിൽ ആരംഭിക്കുന്ന വടക്ക് പടി ഞ്ഞാറൻ കാലവർഷക്കാറ്റും ഇപ്പോൾ കൃത്യത പാലിക്കുന്നില്ല എന്ന് കേരളീയരായ നമുക്കു തന്നെ അറിയാമല്ലോ. അന്തരീക്ഷത്തിൽ അധികമായിക്കൊണ്ടിരിക്കുന്ന ഹരി തഗൃഹവാതകങ്ങൾ മൂലമുള്ള താപ വർദ്ധനവാണ് ഈ കാലാവസ്ഥാകു ഴപ്പങ്ങൾക്ക് കാരണം. ഈ വർഷം ഭൂമിയുടെ വടക്കൻ ധ്രുവത്തോട ടുത്ത യൂറോപ്യൻ രാജ്യങ്ങളിലു ണ്ടായ അതിശൈത്യവും കാലാ വസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാ ണ്.

സൂര്യനിൽ നിന്നെത്തുന്ന ധവ ളപ്രകാശവും ചെറുതും വലുതു മായ തരംഗദൈർഘ്യമുള്ള പ്ര കാശ വികിരണങ്ങളും ഭൗമാന്തരീക്ഷ ത്തിലെ കാർബൺ ഡയോക് സൈഡ്, മീഥൈൻ ജലബാഷ്പം, ഓസോൺ പാളി, മേഘങ്ങൾ മുത ലായവ ആഗിരണം ചെയ്യുന്നു. ഇതി നെയാണ് ഹരിതഗൃഹപ്രഭാവം എന്ന് പറയുന്നത്. ഈ പ്രഭാവമുണ്ടാ ക്കുന്ന വാതകങ്ങൾ അധികമാവുന്ന തിനനുസരിച്ച് ഭൗ മാന്തരീക്ഷത്തിൽ ചൂട് വർദ്ധിക്കുന്നു. ഇതിനെയാണ് കാലാവസ്ഥാവ്യതിയാനത്തിലെ വില്ലൻ എന്നറിയപ്പെടുന്ന ആഗോള താപനം (ഗ്ലോബൽ വാമിങ്ങ്) എന്ന് പറയുന്നത്.

ഈ അപകടം തിരിച്ചറിഞ്ഞ അന്താരാഷ്ട്രസമൂഹം ഐക്യരാ ഷ്ട്രസഭയുടെ നേതൃത്വത്തിൽ ഈ ഗുരുതരമായ പാരിസ്ഥിതിക പ്ര ശ്നം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ 1992ൽ ആദ്യമായി ബ്രസീലിലെ റിയോ ഡീ ജനീറോ യിൽ ചേരുകയുണ്ടായി. പന്നീട് 150 രാജ്യങ്ങൾ പങ്കെടുത്ത ഈ അന്തർ ദേശീയ സമ്മേളനമാണ് ഭൗമ ഉച്ച കോടി എന്നറിയപ്പെടുന്നത്. 1997ൽ ജപ്പാനിലെ കോയോട്ടോവിൽ വെച്ച് ഭൗമഉച്ചകോടിയുടെ സങ്കല്പലക്ഷ്യ ങ്ങൾക്ക് നിയമരൂപം നൽകി. ഇതാണ് 'കോയോട്ടോ പ്രോട്ടോ കോൾ'. 130 രാജ്യങ്ങൾ പങ്കെടുത്ത ഈ സമ്മേളനത്തിൽ വികസിത രാജ്യങ്ങൾ കാർബൺ ഡയോ ക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോ ഫ്ളൂറോ കാർബൺ, പെർഫ്ളൂറോ കാർ ബൺ, സൾഫർ ബാക്സാ ഫ്ളൂ റൈഡ് എന്നീ ആറ് ഹരിതഗൃഹവാ തകങ്ങളുടെ ഉൽസർജനം 1990 വർഷത്തെ അടിസ്ഥാനമാക്കി 5 ശതമാനം കുറക്കണമെന്ന കരാറിലെ ത്തി. അമേരിക്ക തങ്ങളുടെ സമ്പദ് ഘടനയെ ബാധിക്കുമെന്ന് പറഞ്ഞ് ഈ കരാറിൽ നിന്ന് 2001ൽ പിൻവാ ങ്ങുകയുണ്ടായി. അമേരിക്കയാണ് ലോകത്തിലെ ഏറ്റവും വലിയ അന്തരീക്ഷ മലിനീകരണം നടത്തു ന്നത്. ലോക കാർബൺ ഡയോ ക്സൈഡിന്റെ 25 ശതമാനം അമേ രിക്കയുടെ വകയാണ്. ആഗോളതാ പനത്തിന് പിഴയായി നൽകുന്ന ഹരിത നികുതിയും (Green Tariff) അമേരിക്ക നൽകിയിട്ടില്ല. അമേരിക്ക യുടെ ഈ ധിക്കാരം ലോകവ്യാപ കമായ വിമർശനത്തിന് വിധേയമാ യിട്ടുണ്ട്.

കോയോട്ടോ പ്രോട്ടോകോളി ന്റെ കാലാവധി 2012ഓടെ അവസാ നിക്കുകയാണ്. അപ്പോഴേക്കും നിയ മപരമായ ബാദ്ധ്യതയുള്ള പുതിയ കരാർ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിന്റെ മുന്നോടിയായിട്ടാണ് കോപ്പർ ഹേഗനിലെ കാലാവസ്ഥാ വ്യതിയാന ഉച്ചകോടി വിളിച്ചു ചേർത്തത്. ഹരിതഗൃഹവാതകങ്ങ ളുടെ ബഹിർഗമനം 25 മുതൽ 45 ശതമാനം വരെ വെട്ടിച്ചുരുക്കൽ, വികസനത്തിന്റെ പാതയിലുള്ള ദരി ദ്രരാജ്യങ്ങൾക്ക് ഹാനികരമല്ലാത്ത വിധം ഹരിതവാതകനിയന്ത്രണ നിയ മങ്ങളുടെ രൂപീകരണം, മലിനീക രണ വിമുക്തമായ ശുദ്ധ സാങ്കേതി കവിദ്യയുടെ അന്താരാഷ്ട്ര കൈമാ റ്റം, ഹരിതവത്ക്കരണം, ഹരിതനി കുതി മുതലായ നിരവധി വിഷയ ങ്ങളിൽ ചർച്ച ചെയ്ത് കരാറി ലേർപ്പെടുകയായിരുന്നു 195 രാജ്യ ങ്ങൾ പങ്കെടുത്ത കോപ്പൻ ഗേഹൻ ഉച്ചകോടിയുടെ ഉദ്ദേശം. പക്ഷേ, ആഗോളതാപനത്തിന്റെ ഭാരം മുഴു വൻ ദരിദ്രരാജ്യങ്ങളുടെ മേൽ കെട്ടി വെക്കാനുള്ള ശ്രമമാണ് കോപ്പർ ഹേഗനിൽ സമ്പന്നരാജ്യങ്ങൾ കൈ ക്കൊണ്ടത്. ഇന്ത്യയും ചൈനയും ബ്രസീലുമടക്കം വികസ്വരരാജ്യ ങ്ങൾക്ക് വികസിത രാജ്യങ്ങളു മായി ഇക്കാര്യങ്ങളിലൊന്നും ഒരു ധാരണയിലെത്താൻ കഴിഞ്ഞില്ല. ഫോസിൽ ഇന്ധനമായ പെട്രോ ളിന്റെയും ഡീസലിന്റേയും അമിത മായ ഉപയോഗവും ധൂർത്തുമാണ് കാർബൺ ഉൽസർജനത്തിന്റെ മുഖ്യഹേതു. അത് പോലെ മോ ട്ടോർ വാഹനങ്ങളുടെ ആന്തരദഹന


39

യന്ത്രങ്ങളിൽ നിന്നും വരുന്ന എയറോസോൾ കണികകളും ഹരിതഗൃഹ പ്രഭാവത്തിന് കാരണമാകുന്നു. മനുഷ്യൻ ഉല്പാദിപ്പിക്കുന്ന അമിത കാർബൺ ആഗിരണം ചെയ്യാൻ ലക്ഷക്കണക്കിന് കിലോമീറ്റർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന സമുദ്രത്തിലെ ചെറുപ്ലവസസ്യങ്ങളും ഭൂമിയിലെ വൃക്ഷലതാദികളും തയ്യാറായി നിൽക്കുന്നു. പക്ഷേ അമിതമായാൽ ഈ സന്തുലിതവ്യവസ്ഥ തകരുമെന്നും അത് തകരാതെ സൂക്ഷിക്കണമെന്നുമുള്ള ഖുർആന്റെ ഉപദേശവും നാമോർ ക്കുക. അനന്തവിസൃതമായ ഈ പ്രപഞ്ചത്തിൽ ദൈവം നമുക്ക് ജീവിക്കാൻ നിരവധി സന്തുലന ചാക്രികവ്യവസ്ഥകളോടെ ഒരുക്കിത്തന്ന ജലസമൃദ്ധവും സസ്യസുരഭിലവുമായ ഈ മനോഹര നീലഗൃഹത്തെ തകർക്കാതെ സൂക്ഷിക്കുകയും ഭാവിതലമുറക്ക് കൈമാറുകയും ചെയ്യേണ്ട ചുമതല നമുക്കുണ്ട്. ഉച്ചകോടികൾ അതിന്നുള്ള ആത്മാർത്ഥശ്രമമായിത്തീരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

●

---

*(37-ൽ നിന്ന് തുടർച്ച)*

തപ്രാന്തങ്ങൾ, ബോസ്ഫറസ് എന്നീ മുസ്‌ലിം നാടുകളിലെ ക്രൈ സ്തവ മുന്നേറ്റത്തിന് ഞാൻ തന്നെ ഒരു രൂപരേഖ തയ്യാറാക്കുന്നു.

കെയ്റോ, ഡമാസ്കസ്, ടെഹ്റാൻ എന്നീ രാജ്യങ്ങൾ ക്രിസ്തുവിന്റെ ദാസന്മാരായിരുന്നതിന്റെ മുന്നോടിയായി അറേബ്യയുടെ അകത്തളങ്ങളിൽ കയറി മക്കയിലും കഅ്ബയിലും ക്രിസ്തുമതം പ്രവേശിക്കും. അവിടങ്ങളിൽ നാം കുരിശു നാട്ടും. മുഴുവൻ സത്യവും പ്രഖ്യാപിക്കപ്പെടും. യേശുവാണ് ശാശ്വതമെന്ന് ആവർത്തിക്കപ്പെടുകയും ചെയ്യും....'

ഇസ്‌ലാമിനെ ഭൂമുഖത്തുനിന്ന് പിഴുതെറിയാനുള്ള ആഗോള-പാശ്ചാത്യ ക്രൈസ്തവ സംരംഭങ്ങളുടെ ശക്തിയിലും ആക്രമണത്തിലും മുസ്‌ലിം ലോകം അതീവ സംഭീതരായി. ആത്മവിശ്വാസം നശിച്ചു. നിരാശയുടെയും ദുഃഖത്തിന്റെയും വിഷാദചിന്തകൾ മുസ്‌ലിം ഹൃദയങ്ങളെ ഗ്രസിച്ചു.

'ഇസ്‌ലാം 19-ാം നൂറ്റാണ്ടിൽ' എന്നതിനെപ്പറ്റി പ്രശസ്തനായ ഒരു മുസ്‌ലിം പണ്ഡിതൻ നൽകിയ സാക്ഷ്യം നമുക്കു നോക്കാം. അബുൽ ഹസൻ അലി നദ്‌വി എന്ന ആ പണ്ഡിതൻ 'എ ക്രിട്ടിക്കൽ സ്റ്റഡി' - ഒരു സമഗ്രപഠനം - എന്ന തന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. 'ആധുനിക ഇസ് ലാമിക ചരിത്രത്തിൽ ബുദ്ധിപരമായ അസ്വസ്ഥതയും സംഘർഷ ങ്ങളും കൊണ്ടു മുഖരിതമായ പത്തൊമ്പതാം നൂറ്റാണ്ട് അതുല്യപ്രാധാന്യമുള്ളതാണ്. ഈ അസ്വസ്ഥതകളുടെയും സംഘർഷങ്ങളുടെയും മുഖ്യകേന്ദ്രങ്ങളിലൊന്ന് ഇൻഡ്യയായിരുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കൃതികളുടെയും, പഴയതും പുതിയതുമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ യും ലോകവീക്ഷണങ്ങളുടെയും ഇടമായിരുന്നു അക്കാലത്ത് ഇൻ ഡ്യ. കൂടാതെ ഇസ്‌ലാമിന്റെയും ക്രിസ്തുമതത്തിന്റെയും തീക്ഷ്ണമായ അതിജീവനസമരത്തിന്റെയും രംഗഭൂമിയായി മാറി ഈ രാജ്യം. ക്രിസ്തുമതത്തിലേയ്ക്കുള്ള പരിവർത്തനസംരംഭങ്ങൾ ഇൻഡ്യയിൽ ആരംഭിക്കുകയും, സന്ദേഹവാദവും നിരീശ്വരത്വവും അവയുടെ ഭീഷണരൂപം കൈക്കൊള്ളുകയും ചെയ്തു. ആഭ്യന്തര സ്ഥിതി ഇതിലേറെ പരിതാപകരമായിരുന്നു. മുസ്‌ലിം കക്ഷികളുടെ വിഭാഗീയത ഭയാനകമായ ഒരു പതനത്തിലെത്തി. മുസ്‌ലിംകൾക്ക് പൊതുവെ നൈരാശ്യം ബാധിക്കുകയും അവർ പരാജയബോധത്തിനിരയാവുകയും ചെയ്തു. ഒരു സാധാരണ പ്രക്രിയയിലൂടെ നവീകരണത്തി ന്റെയും പരിവർത്തനത്തിന്റെയും സാധ്യതകളെ സംബന്ധിച്ച് മുസ് ലിംകൾ ഭഗ്നാശയരാവുകയും ധാരാളം പേർ ഒരു ദൈവനിയുക്തപുരുഷന്റെ ആഗമനത്തിൽ കണ്ണുംനട്ട് കാത്തിരിക്കുകയും ചെയ്തു.'

തന്റെ പുസ്തകത്തിലൂടെ ആ പണ്ഡിതൻ ഇപ്രകാരം പറഞ്ഞുവെങ്കിലും കണ്ണുനട്ടു കാത്തിരുന്ന ഭൂരിപക്ഷം മുസ്‌ലിംകൾക്കും ആ ദൈവനിയുക്ത പുരുഷൻ ആരെന്ന് അറിയാനുള്ള ഭാഗ്യം ഉണ്ടായില്ല; താരതമ്യേന കേവലം ന്യൂനപക്ഷ സമൂഹമായ നാം, അഹ്മദികൾക്കു മാത്രമൊഴികെ.

ഇതാണ് ഈ അന്ത്യകാലത്തെ മുസ്‌ലിംകളുടെ ഇന്നത്തെ സ്ഥിതി; തികച്ചം ദൗർഭാഗ്യകരമായ സ്ഥിതി.

●

## തിരുത്ത്

കഴിഞ്ഞലക്കം (ഡിസംബർ 2009) 'സത്യദൂത'നിലെ 'മതസ്വാതന്ത്ര്യം' എന്ന ലേഖനത്തിൽ 14-ാം പേജിൽ കൊടുത്ത ഖുർആൻ വാക്യങ്ങൾ താഴെ കാണും വിധം തിരുത്തി വായിക്കാൻ അപേക്ഷ.

"........ഇഷ്ടമുള്ളവർ അവിശ്വസിക്കുകയും ചെയ്യട്ടെ" (18:30)

".........നന്മ ചെയ്യുന്നവർക്ക് ഏറ്റവും നല്ലതായിട്ടുള്ള പ്രതിഫലം അവൻ നല്കുന്നതിനും തന്നെ" (53:30-32)

അച്ചടിപ്പിശകിൽ നിർ വ്യാജം ഖേദിക്കുന്നു.

- പത്രാധിപർ



40

വാർത്തകൾ

# 118-ാമത് ജൽസ സമാപിച്ചു

ഖാദിയാൻ: 2009 ഡിസംബർ 26, 27, 28 (ശനി, ഞായർ, തിങ്കൾ) ദിവസങ്ങളിൽ നടന്ന 118-ാമത് ആൾ ഇന്ത്യ അഹ്മദിയ്യാ



വാർഷിക സമ്മേളനം സമാപിച്ചു. ശനിയാഴ്ച 10 മണിക്ക് നാസിർ അഅ്ലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ഉദ്ഘാടനം നിർവ്വഹിച്ചു. 118 വർഷമായി നിരന്തരം ഈ സമ്മേളനത്തിൽ സാധിച്ചത് ദൈവത്തിന്റെ അനുഗ്രഹമാണ്. ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം അനുസ്മരിച്ചു. 26 രാജ്യങ്ങളിൽ നിന്നും ഇരുപതിനായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. അഹ്മദിയ്യാ ജമാഅത്തിന്റെ സമ്മേളനത്തിൽ പങ്കെടുക്കാൻ 5000ത്തിലധികം പാകിസ്താൻ അഹ്മദികളെ പങ്കെടുപ്പിക്കാൻ ഇന്ത്യാ ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. സദർ അഞ്ചുമൻ അഹ്മദിയ്യാ പ്രസിഡണ്ട് ഡോ: സാലേ മുഹമ്മദ് അലാദിൻ, മൗലാനാ മുഹമ്മദ് കരീമുദ്ദീൻ ശാഹിദ്, മൗലാനാ മുനീർ അഹ്മദി കാദിം, മൗലാനാ ഇനായത്തുല്ലാഹ് സാഹിബ്, മൗലാനാം സഹീർ അഹ്മദ് ഖാദിം സാഹിബ്, മൗലനാം മുഹമ്മദ് ഉമർ സാഹിബ്, മൗലാനാം ബുർഹാൻ അഹ്മദ് സഫർ സാഹിബ്, മൗലാനാ ജലാലുദ്ദീൻ സാഹിബ്, മൗലാനാ സുൽത്താൻ മഹ്മൂദ് അൻവർ സാഹിബ് എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം അഭിസംബോധന ചെയ്ത ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ജീവിത പരിശുദ്ധി കൈവരിച്ച് മാതൃകാജീവിതം കാഴ്ചവെച്ച് ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കണമെന്ന് ഖലീഫ തിരുമനസ്സ് അഹ്മദികളെ ആഹ്വാനം ചെയ്തു. മൂന്ന് ദിവസത്തെ സമ്മേളനം വിജയകരമായി സമാപിച്ചു.

# ഉപന്യാസമത്സരത്തിൽ വിജയം

കോഴിക്കോട് : കോഴിക്കോട്ടെ മുസ്ലിംകളുടെ ഏറ്റവും വലിയ മത ശാസ്ത്ര വിജ്ഞാന സംഘടനയായ സെന്റർ ഫോർ സൈൻസ് ആന്റ് സയിൻസ് റിസർച്ച് കോളേജ്, പ്ലസ് ടു, ഹൈ സ്കൂൾ വിഭാഗത്തിൽ നടത്തിയ പ്രബന്ധ മത്സരത്തിൽ കോഴിക്കോട് ജമാഅത്തിലെ നാസിറാത്ത് അംഗങ്ങൾ സമ്മാനങ്ങൾ വാരിക്കൂട്ടി. കോളേജ് വിഭാഗത്തിലും ഹൈ സ്കൂൾ വിഭാഗത്തിലും ഒന്നാം സ്ഥാനങ്ങൾ കോഴിക്കോട് ജമാഅത്തിലെ അഹ്മദ് കബീർ സാഹിബിന്റേയും നസീറ സാഹിബയുടേയും മക്കളായ എസ്. കെ. സിഫത്ത് കബീറിനും റഫത്ത് കബീറിനും യഥാക്രമം ലഭിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം മജീദ് സാഹിബിന്റെയും ഫർ സാനാ സാഹിബയുടേയും മകൾ നിലോഫറിനും ലഭിച്ചു. മെഡിക്കൽ കോളേജ് വിദ്യാർത്ഥിനി ശബ്ന പ്രോത്സാഹന സമ്മാനവും നേടി. ഇന്ത്യൻ കോസ്റ്റൽ ഗാർഡ്

ഡയറക്ടർ ജനറൽ (റിട്ട) ഡോ: പി. പാലേരി സമ്മാനവും കാഷ് അവാർഡും നൽകി. ഡോ. എം.എ. അബ്ദുല്ല (എം.ഇ.എസ്.) പി.സി. അലക്സാണ്ടർ, ഡോ. പി.കെ. അബ്ദുർ റസാഖ് സുല്ലമി സാലിം ഇയ്യാട്, അഷ്റഫ് ചെമ്മാപ്പള്ളി, ഡോ. കോയക്കുട്ടി ഫാറൂഖി എന്നിവർ പ്രസംഗിച്ചു.

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് രചിച്ച 'വെളിപാട് യുക്തി, ജ്ഞാനം, സത്യം' എന്ന പുസ്തകത്തെ ആസ്പദമാക്കിയായിരുന്നു ജമാഅത്തിലെ മത്സരാർത്ഥികൾ പ്രബന്ധങ്ങൾ തയ്യാറാക്കിയത്. ●

# പാലക്കാട് മേഖലയിൽ പ്രചാരണവാരം

പെരിന്തൽമണ്ണ: പാലക്കാട് മേഖലാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 7 മുതൽ 13 വരെ തബ്‌ലീഗ് വാരം ആചരിച്ചു. മേഖലാ ആക്ടിങ്ങ് അമീർ അബ്ദുൽ ബശീർ സാഹിബിന്റെ നേതൃത്വത്തിൽ ദഅ്‌വത്തെ ഇലല്ലാഹ് കേന്ദ്ര പ്രതിനിധി മൗലവി കെ. മഹ്മൂദ് അഹ്മദ് സാഹിബ് പ്രചാരണപ്രവർത്തനങ്ങളിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു സംസാരിച്ചു. നാൽപത്തിനായിരത്തിലധികം പേർക്ക് അഹ്മദിയ്യാ സന്ദേശം എത്തിക്കുകയുണ്ടായി. ബുക് സ്റ്റാളും പ്രവർത്തിച്ചു. മൗലവി കെ. ഖമറുദ്ദീൻ സാഹിബ്, പെരിന്തൽമണ്ണ ജമാഅത്ത് പ്രസി. കെ. ശംസുദ്ദീൻ സാ ഹിബ് തുടങ്ങിയവർ പ്രചാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മാനവമൈത്രി സംഗമത്തിന് പാലക്കാട് മേഖലാ അമീർ പ്രൊഫ. അബ്ദുൾ കരീം സാഹിബ് അധ്യക്ഷം വഹിച്ചു. പെരിന്തൽമണ്ണ എം. എൽ.എ. എ.പി. ശശികുമാർ ഉദ്ഘാടനം ചെയ്തു. പോലീസ് അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡണ്ട് കെ.ടി. സയ്യിദ് ആശംസാപ്രസംഗം നടത്തി. മൗലവി മഹ്മൂദ് അഹ് മദ് സാഹിബ് മുഖ്യപ്രഭാഷകനായിരുന്നു. പ്രചാരണയോഗങ്ങളിൽ എച്. ശംസുദ്ദീൻ സാഹിബ് കാവശ്ശേരി, ടി.എം.എസ്. മുല്ലക്കോയ തങ്ങൾ സാഹിബ്, മൗലവി പി.എ. മുഹമ്മദ് സലിം മൗലവി സി. പി. മൊയ്തീൻ കുട്ടി സാഹിബ് എന്നിവർ പ്രസംഗിച്ചു.

## സർവ്വമതാചാര്യദിനം


പാലക്കാട് മേഖലാ ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സർവ്വമതാചാര്യദിന സമ്മേളനം 22-11-09 ഞായറാഴ്ച 2.30ന് മുറിയക്കണ്ണി - തിരുവിഴാംകുന്ന് അഹ്മദിയ്യ ഇൻഫോർമേഷൻ സെന്ററിൽ വച്ചു നടന്നു.

പാലക്കാട് മേഖലാ സെക്രട്ടറി രഹ്ന കമാൽ സാഹിബ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സർവ്വമതാചാര്യദിന സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും ആധുനികസമൂഹത്തിൽ മതസൗഹാർദ്ദം വളർത്തുന്ന ഇത്തരം യോഗങ്ങളുടെ പ്രസക്തിയെക്കുറിച്ചും അവർ സംസാരിച്ചു.

ചെർപ്പുളശ്ശേരി ബി.എഡ്. കോളേജ് പ്രിൻസിപ്പാൾ ശ്രീമതി മേഴ്സി തോമസ് പ്രസംഗിച്ചു.

കോഴിക്കോട് മേഖലാ സെക്രട്ടറി ഐ.കെ. സാജിദസാഹിബ, വിവിധ ജനവിഭാഗങ്ങളിൽ ആഗതരായ എല്ലാ പ്രവാചകന്മാരേയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ മതസൗഹാർദ്ദം സംജാതമാകുന്നതെന്നും പറഞ്ഞു. ശ്രീമതി പത്മജ, ശ്രീമതി ശ്രീവള്ളി, ആമിന സി. പി., ഫാമിസ നഈമ, ഫർസാന, നുസ്റത്ത് സാഹിബ എന്നിവരും സംസാരിച്ചു. ●

## അനുസ്മരണം



### എം.പി. കോയട്ടി സാഹിബ്

കോഴിക്കോട് : കോഴിക്കോട് അഹ്മദിയ്യാ ജമാഅത്തിന്റെ മുൻ പ്രസിഡണ്ടും ദീർഘകാലം മാൽ സിക്രട്ടറിയുമായിരുന്ന ജനാബ് എം.പി. കോയട്ടി സാഹിബ് (80) 4-12-09 വെള്ളിയാഴ്ച സ്വവസതിയിൽ നിര്യാതനായി. (ഇന്നാലില്ലാഹി.....)

ഖാഇദ്, തബ്‌ലീഗ് സിക്രട്ടറി എന്നീ തസ്തികകളിലും പ്രവർത്തിച്ചിട്ടുണ്ട്. പരേതൻ 'മൂസി' (ജീവിതം വഖഫ് ചെയ്തയാൾ) യായിരുന്നു. ജനാസ ഡിസമ്പർ 7-നു ഖാദിയാനിലെ 'ബിഹിശ്തി മഖ്ബറ'യിൽ കബറടക്കി.

ഭാര്യ : ജനാബ് ഇ.കെ. മറിയമ്പി സാഹിബ, മക്കൾ: ജ. പി.പി. ഹസ്സൻ കോയ (പ്രസിഡണ്ട്, ജമാഅത്ത് അഹ്മദിയ്യാ, മഞ്ചേരി), മുസഫർ അഹ്മദ്, സക്കീനത്ത്, മുഹ്സിന, ഫൗസിയ, സാജിത.

മരുമക്കൾ : ജനാബുമാർ കെ. വി. ഹസ്സൻകോയ, കെ.വി. ബശീർ അഹ്മദ് (മർഹൂം), ടി. മുഹമ്മദ് താരിഖ് (കണ്ണൂർ), എം.പി. അബ്ദുൽ മജീദ്, എം.സി. സഹീറാ ബാനു, ഐ.കെ. സാജിത.

പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തിൽ ഉന്നതസ്ഥാനവും നല്കുമാറാകട്ടെ. ആമീൻ

**കെ.വി. ഹസ്സൻകോയ,**
**കോഴിക്കോട്**



42